# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ഡിസംബർ 2016 വാല്യം 43 ലക്കം 8 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 12 വില 5.00 രൂപ


## നോട്ട് അസാധുവാക്കൽ നടപടി

# കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള ആസൂത്രിതമായ നീക്കം

### കള്ളപ്പണം തടയാനെന്നപേരിൽ ജനങ്ങളെ ദുരിതങ്ങളുടെ നിലയില്ലാക്കയത്തിലേക്ക് തള്ളിയിട്ടു

2016 നവംബർ 8ന് രാത്രി 8 മണിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്ത് നിലവിലുള്ള 500, 1000 രൂപയുടെ കറൻസി നോട്ടുകൾ അസാധുവാക്കിയതായി പ്രഖ്യാപിക്കുകയുണ്ടായി. കള്ളപ്പണവും വ്യാജ നോട്ടും തടയാനും രാജ്യത്തിന്റെ സാമ്പത്തിക ഘടന തകർക്കാൻ ശ്രമിക്കുന്ന തീവ്രവാദശക്തികളെ പ്രതിരോധിക്കാനുമുള്ള നടപടിയെന്ന നിലയിലാണ് കറൻസി നിരോധനത്തെ പ്രധാനമന്ത്രിയും പരിവാരങ്ങളും അവതരിപ്പിച്ചത്. സർക്കാരിന്റെ വിശദീകരണം മുഖവിലക്കെടുത്തുകൊണ്ട് കള്ളപ്പണം തടയാൻ ഈ നടപടി സഹായിക്കുമെങ്കിൽ അത് രാജ്യത്തിന് ഗുണകരമാകുമല്ലോ എന്ന പ്രതീക്ഷയിൽ നിരവധി സാധാരണക്കാർ ഈ നടപടിയെ തുടക്കത്തിൽ സ്വാഗതം ചെയ്യുകയുണ്ടായി. അതിനായി കുറച്ചു ക്ലേശങ്ങൾ സഹിക്കാനും ജനങ്ങൾ തയ്യാറായി. ഈ വരികൾ കുറിയ്ക്കുന്ന 26ാം ദിനത്തിലും രാജ്യമെമ്പാടും സാധാരണ ജനങ്ങൾ അവർണ്ണനീയമായ ദുരിതങ്ങൾ അനുഭവിക്കുകയാണ്. ദില്ലിയിലും മറ്റു ചില നഗരങ്ങളിലും രാവിലെ 5 മണിമുതൽ രാത്രി 11 മണിവരെ ജനങ്ങൾ തണുപ്പിൽ ക്യൂ നിൽക്കുന്നത് ഇപ്പോഴും തുടരുകയാണ്. ദൈനംദിന ജീവിത ആവശ്യങ്ങൾ നിർവ്വഹിക്കാനായി മാത്രമാണ് ഈ ക്ലേശമനുഭവിക്കുന്നത്. പൊതുമേഖലാ ബാങ്കുകളെ കവർച്ച ചെയ്തുകൊണ്ടു പോകാൻ വിജയമല്യമാരെ അനുവദിക്കുകയും കോടിക്കണക്കായ സാധാരണജനങ്ങളെ കള്ളപ്പണക്കാരെന്ന സംശയത്തിന്റെ മറയിൽ നിർത്തി അവരുടെ വിരലുകളിൽ മഷി പുരട്ടി അപമാനിക്കുകയും ചെയ്യുകയാണ് സർക്കാർ. അതും പോരാഞ്ഞ് ഈ ക്യൂ നിൽപ്പ് ആഡംബരത്തിനും ധൂർത്തിനും വേണ്ടിയാണെന്ന ബിജെപിയുടെ സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരന്റെ പ്രസ്താവന കൂടി വന്നപ്പോൾ ജനങ്ങളുടെ മുറിവിലെ മുളക് പുരട്ടൽ പൂർത്തിയായി.

**ഈ** ക്യൂ നിൽപ്പ് എന്നൊരു പ്രശ്നം മാത്രമേ നോട്ട് നിരോധനം സൃഷ്ടിച്ചിട്ടുള്ളൂ എന്നാണ് കേന്ദ്ര സർക്കാരിനു വേണ്ടി സുപ്രീം കോടതിയിൽ ഹാജരായ എ.ജി അവകാശപ്പെട്ടത്. എന്നാൽ യാഥാർത്ഥ്യമെന്താണ്? രാജ്യത്തിന്റെ സാമ്പത്തിക ചലനങ്ങളാകെ നിശ്ചലമായിരിക്കുന്നു. 500ന്റെയും 1000ന്റെയും കറൻസിയുടെ ആകെ മൂല്യം 14 ലക്ഷം കോടി രൂപയുടേതാണ്. അതായത് രാജ്യത്ത് വിനിമയത്തിലുള്ള ആകെ കറൻസിയുടെ മൂല്യത്തിന്റെ 86 ശതമാനം ഒറ്റയടിക്ക് അസാധുവാക്കപ്പെട്ടിരിക്കുന്നു. അവശേഷിക്കുന്ന 14 ശതമാനംകൊണ്ട് 130 കോടി ജനങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങൾ നടക്കില്ല എന്നതാണ് യഥാർത്ഥ പ്രതിസന്ധി. ഫലത്തിൽ ഒരു സാമ്പത്തിക അടിയന്തിരാവസ്ഥ പിടിമുറുക്കിയിരിക്കുന്നു.

*ശേഷം 2-ാം പേജിൽ)*




നോട്ട് പിൻവലിച്ചതിനെതിരെ എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ നടന്ന തിരുവനന്തപുരം ഏജീസ് ഓഫീസ് മാർച്ച് സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്യുന്നു



## സഖാവ് ഫിദൽ കാസ്ട്രോയ്ക്ക് ലാൽസലാം!

**ക്യൂ**ബൻ വിപ്ലവത്തിന്റെ ശിൽപ്പിയും വിഖ്യാതനായ കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന സഖാവ് ഫിദൽ കാസ്ട്രോ, നവംബർ 26-ാം തീയതി നിര്യാതനായി. മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണമില്ലാത്തതും അന്തസ്സുറ്റതും അഭിമാനാർഹവും സ്നേഹം, വാൽസല്യം തുടങ്ങിയ മാനുഷികഗുണങ്ങൾ നിറഞ്ഞതുമായ ഒരു ജീവിതത്തിനുവേണ്ടി, അടിച്ചമർത്തപ്പെട്ട മനുഷ്യരാശി നടത്തിയ പോരാട്ടത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം. തന്റെ ജീവിതത്തിൽ ഉടനീളം അദ്ദേഹം, കമ്മ്യൂണിസ്റ്റ് സാർവ്വദേശീയത ഉയർത്തിപ്പിടിച്ചു. ലോകമെമ്പാടുമുള്ള വിപ്ലവകാരികൾക്ക് നിത്യപ്രചോദനമായിരുന്നു അദ്ദേഹം. "സോഷ്യലിസം അല്ലെങ്കിൽ മരണം" -അതായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം. അദ്ദേഹത്തിന്റെ വിയോഗവാർത്ത അറിഞ്ഞയുടനെതന്നെ, കേന്ദ്ര കമ്മിറ്റി ഓഫീസിലെ പതാക പകുതി താഴ്ത്തിക്കെട്ടുകയും പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ്, ആദരണീയനായ ആ കമ്മ്യൂണിസ്റ്റ് നേതാവിന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള കത്ത് ക്യൂബൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അയയ്ക്കുകയും ചെയ്തു. വേർപിരിഞ്ഞ നേതാവിന്റെ ജീവിതത്തിൽ നിന്നും പോരാട്ടത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളുവാനായി ഡിസംബർ 4-ാം തീയതി കൽക്കത്തയിൽ അനുസ്മരണയോഗം നടത്തുവാനും പാർട്ടി തീരുമാനിച്ചിട്ടുണ്ട്. നവംബർ 26-ാം തീയതി കൽക്കത്തയിൽ ഇടതുപക്ഷപാർട്ടികൾ സംയുക്തമായി സംഘടിപ്പിച്ച മൗനജാഥയിലും പാർട്ടി പങ്കെടുത്തു. ■

### തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ മഹത്വഗീതങ്ങൾ ഉയരട്ടെ!
### മഹാന്മാരായ ഗുരുനാഥന്മാർ ലെനിന്റെയും സ്റ്റാലിന്റെയും വിപ്ലവപാഠങ്ങളാൽ സായുധരാകട്ടെ!

# നവംബർ വിപ്ലവ ശതാബ്ദി ആചരണത്തിന് പ്രൗഢഗംഭീരമായ തുടക്കം




**നവംബർ 7 ന് ഡൽഹിയിലെ മാവ്ലങ്കാർ ഹാളിൽ നടന്ന നവംബർ വിപ്ലവ ശതാബ്ദി ആചരണത്തിന്റെ-ദേശീയതല ഉദ്ഘാടന സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി ഉദ്ഘാടനം ചെയ്യുന്നു. പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ്, പൊളിറ്റ്ബ്യൂറോ അംഗം സഖാവ് രഞ്ജിത് ധർ എന്നിവരും മറ്റ് നേതാക്കളും വേദിയിൽ**

ലോകത്തെ ആദ്യത്തെ വിജയം വരിച്ച തൊഴിലാളിവർഗ്ഗ വിപ്ലവ

**പേജ് ഉള്ളടക്കം**


3 ~~എഐഎഡിഡിവൈഒ അഖിലേന്ത്യാ സമ്മേളനം~~
4 ~~സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം~~
8 ~~എഐഡിഎസ്ഒ സംസ്ഥാന വിദ്യാർത്ഥി സമ്മേളനം~~
9 ~~വിദ്യാഭ്യാസ അവകാശദിനാ ണം~~
10 ~~പിണറായി സർക്കാരിന്റെ ണം~~
11 ~~ശമനമില്ലാത്ത ദളിത് പീഡനം: കാരണവും പരിഹാരവും~~
15 ~~അന്തർ സംസ്ഥാന നദീജല തർക്കം~~

# നോട്ട് അസാധുവാക്കൽ കള്ളപ്പണം തടയില്ല

(1-ാം പേജിൽ നിന്ന്)

വിളവെടുപ്പ് കാലമായതിനാൽ രാജ്യമെമ്പാടും കർഷകർക്ക് ഉൽപ്പന്നങ്ങൾ വിൽക്കാനാവുന്നില്ല. ഉൽപ്പന്നങ്ങൾ വിറ്റ കർഷകർക്ക് റാബി കൃഷി തുടങ്ങാൻ വിത്തും മറ്റും വാങ്ങാനാവുന്നില്ല. തൊഴിൽ മേഖല അപ്പാടെ സ്തംഭിച്ചിരിക്കുന്നു. എസ്റ്റേറ്റുകളിൽ തൊഴിലാളികൾക്ക് ശമ്പളം ലഭിച്ചിട്ടില്ല. പണികൾ നിലച്ചു. വ്യാപാര- വാണിജ്യ മേഖല മുഴുവൻ നിശ്ചലമായി. രാജ്യത്തെ ചെറുകിട ഉൽപ്പാദന മേഖല മുഴുവൻ സ്തംഭിച്ചിരിക്കുന്നു. നവംബർ 30ന്റെ ബിസിനസ്സ് സ്റ്റാൻഡേർഡ് പത്രം രാജ്യത്തെ ചെറുകിട ഉൽപ്പാദനത്തിന്റെ പ്രമുഖ കേന്ദ്രങ്ങളിലൊന്നായ കോയമ്പത്തൂർ ഒരു ശ്മശാനമായി മാറിയിരിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്നു ഓരോ ദിനവും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉൽപ്പാദന നഷ്ടം എത്രയെന്ന് അളക്കാനാവുന്നില്ല. ഒരു ദിവസം ഹർത്താൽ നടത്തിയാൽ രാജ്യത്ത് കാൽ ലക്ഷം കോടി രൂപയുടെ ഉൽപ്പാദന നഷ്ടമുണ്ടാകുമെന്നു പ്രസ്താവന പുറപ്പെടുവിക്കുന്ന നേതാക്കൾ കഴിഞ്ഞ 13 ദിവസമായി തുടരുന്ന ഉൽപ്പാദന സ്തംഭനം എത്ര നഷ്ടമുണ്ടാക്കിയെന്ന് ഉരിയാടുന്നില്ല. രാജ്യത്തിന്റെ ആകെ ഉൽപ്പാദന നഷ്ടം ഏറ്റവും കുറഞ്ഞത് രണ്ടര ലക്ഷം കോടിയാണെന്ന് റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട് ബാങ്കുകളുടെ മുന്നിലെ ക്യൂ നിൽപ്പിനേക്കാൾ ദീർഘകാലാടിസ്ഥാനത്തിൽ ദുരന്തം സൃഷ്ടിക്കുക ഈ ഉൽപ്പാദന സ്തംഭനമായിരിക്കും.

നോട്ട് അസാധുവാക്കൽ സഹകരണമേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി ഗുരുതരമാണ്. സഹകരണ മേഖല മറ്റേതൊരു സംസ്ഥാനത്തേക്കാളും കേരളത്തിൽ വിപുലവും ശക്തവുമാണ്. ഒന്നേകാൽ ലക്ഷം കോടി വരുന്ന നിക്ഷേപം തട്ടിയെടുക്കാൻ നടത്തുന്ന ശ്രമം ഈ മേഖലയുടെ തകർച്ചയിലേക്കും അതുവഴി ലക്ഷക്കണക്കിന് സാധാരണക്കാരുടെ സാമ്പത്തിക ആശ്രയം അറുത്തുമുറിച്ചു മാറ്റുന്നതിലേക്കുമാണ് നയിക്കുക. സഹകരണ ബാങ്കുകളിൽ മാത്രം നിക്ഷേപമുള്ള ലക്ഷക്കണക്കിന് സാധാരണക്കാർ കഴിഞ്ഞ ഒരുമാസത്തോളമായി നിത്യനിദാനച്ചെലവുകൾക്ക് ഒരു രൂപ പോലും പിൻവലിക്കാനാവാതെ നരകിക്കുകയാണ്. ജനങ്ങളോട് അല്പമെങ്കിലും കരുണയുള്ള ഒരു ഭരണകൂടവും ഇത്രയും ജനങ്ങളെ ദ്രോഹിക്കില്ല എന്ന് നോബൽ സമ്മാന ജേതാവ് അമർത്യാ സെൻ പറഞ്ഞത് ഇവിടെ സ്മരിക്കുക.

നോട്ട് നിരോധനം സൃഷ്ടിച്ച ക്ലേശങ്ങൾ സഹിക്കാൻ തുടക്കത്തിൽ തയ്യാറായ ജനങ്ങൾ തുടർന്ന് ഉണ്ടായിട്ടുള്ള പ്രതിസന്ധിയുടെ മുമ്പിൽ പകച്ചുനിൽക്കുകയാണ്. സർക്കാർ വിശദീകരിക്കുന്ന ലക്ഷ്യം വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും നോട്ട് നിരോധനത്തിനു മുന്നോടിയായി അവശ്യമായും സ്വീകരിക്കേണ്ടിയിരുന്ന തയ്യാറെടുപ്പുകളിൽ എന്തുകൊണ്ട് വീഴ്ച ഉണ്ടായി എന്നു വിശദീകരിക്കാൻ നരേന്ദ്ര മോദിയും സംഘവും ബാദ്ധ്യസ്ഥരാണ്. 1000ത്തിന്റെയും 500ന്റെയും കറൻസി അസാധുവാക്കുമ്പോൾ പകരം അതേ തുകയിലുള്ള കറൻസി നൽകാൻ നിശ്ചയമായും സർക്കാർ തയ്യാറെടുപ്പ് നടത്തേണ്ടതായിരുന്നു. അത് ചെയ്യാതെ, അതിനേക്കാൾ ഉയർന്ന മൂല്യമുള്ള 2000 രൂപയുടെ കറൻസി അച്ചടിച്ചു. ഫലത്തിൽ ഇതൊരു പൊതിയാത്തേങ്ങയായി മാറുകയാണുണ്ടായത്. അതു മാത്രവുമല്ല, അച്ചടിച്ച 2000 രൂപയുടെ നോട്ട് വിതരണം ചെയ്യത്തക്ക വിധം എ.ടി.എമ്മുകളെ സജ്ജീകരിക്കുകയും ചെയ്തില്ല. അസാധുവാക്കൽ പ്രഖ്യാപനം നടത്തിയിട്ട് 7 ദിവസം പിന്നിട്ടപ്പോൾ മാത്രമാണ് 500ന്റെ നോട്ടിന്റെ വിതരണം ഭാഗികമായെങ്കിലും നടന്നത്. ഈ വരികൾ കുറിയ്ക്കുമ്പോഴും രാജ്യത്തെ 18 സംസ്ഥാനങ്ങളിൽ പുതിയ 500 രൂപ നോട്ട് എത്തിയിട്ടുമില്ല. എന്തുകൊണ്ടാണ് പിൻവലിക്കപ്പെടുന്ന നോട്ടുകളുടെ അതേ മൂല്യമുള്ള നോട്ടുകൾ സർക്കാർ കാലേകൂട്ടി അച്ചടിക്കുകയും അവ വിതരണത്തിനെത്തിക്കുകയും ചെയ്യാതിരുന്നത്. ഇത്രയും പ്രതിസന്ധി രൂക്ഷമായിരിക്കുമ്പോഴും 1000 രൂപ നോട്ട് അച്ചടിക്കുന്നില്ല എന്നും പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിനെല്ലാം പുറമെയാണ് നിക്ഷേപം പിൻവലിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള കർശനമായ നിയന്ത്രണങ്ങൾ. നിയമപ്രകാരം നിക്ഷേപിച്ചിട്ടുള്ള സ്വന്തം പണം പിൻവലിക്കുന്നത് സർക്കാർ തടഞ്ഞിരിക്കുന്നു. കറൻസി ക്ഷാമം ഇല്ല എന്ന് അസാധുവാക്കൽ പ്രഖ്യാപനം വന്നപ്പോൾ മുതൽ സർക്കാർ ആവർത്തിക്കുന്നുണ്ട്. സുപ്രീം കോടതിയിലും അത് ആവർത്തിച്ചു. എങ്കിൽ നിക്ഷേപകർക്കാവശ്യമായത്ര മുഴുവൻ തുകയും – അവരുടെ സ്വന്തം പണമാണത് – നൽകാൻ തയ്യാറാകാവുകയാണ് വേണ്ടത്. ഇതിനും പുറമെയാണ് ഹാജരാക്കുന്ന പഴയ നോട്ടുകൾക്കു പകരം നൽകുന്നതിനും കർശനമായ നിയന്ത്രണങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. അസാധുവാക്കപ്പെട്ട നോട്ട് എത്ര നൽകിയാലും പകരം നൽകുന്നത് 2000 രൂപ മാത്രമാണ്. ബാക്കിത്തുക അക്കൗണ്ടിൽ നിക്ഷേപിക്കും. അക്കൗണ്ടില്ലാത്ത വ്യക്തിക്ക് ഫലത്തിൽ മാറിയെടുക്കാവുന്ന തുക വെറും 2000 രൂപ മാത്രമാണ്. അതും ഒരാൾക്ക് ഒരു തവണ മാത്രം. പാൻ കാർഡോ ഉറവിടമോ രേഖപ്പെടുത്താതെ 50,000 വരെയുള്ള നിക്ഷേപങ്ങൾ സ്വീകരിക്കാൻ നിലവിൽ നിയമപ്രകാരം അനുവാദമുണ്ട്. അതിനു മുകളിലേക്കുള്ള നിക്ഷേപങ്ങൾക്ക് പാൻ കാർഡ് നിർബ്ബന്ധമാക്കിയിരുന്നത് കള്ളപ്പണം കണ്ടെത്താനായിരുന്നല്ലോ. അതേ വ്യവസ്ഥ ഉപയോഗപ്പെടുത്തി പ്രസ്തുത തുകയുടെയെങ്കിലും പഴയനോട്ടുകൾക്ക് പകരം പൂർണ്ണ തുകയും നൽകാത്തതെന്ത്? ചെക്കും മറ്റും ഉപയോഗപ്പെടുത്തി ആഴ്ചയിൽ 24,000–ത്തിൽ കൂടുതൽ തുകപിൻവലിക്കാനാവില്ല. എന്നാൽ ഒരു അക്കൗണ്ടിൽ നിന്നും മറ്റൊരൗക്കണ്ടിലേക്ക് എത്ര തുക വേണമെങ്കിലും ട്രാൻസ്ഫർ ചെയ്യാം. അതായത് പണം പുറത്തേക്കുപോകരുത്; ബാങ്കിൽത്തന്നെ കിടക്കണം.

ജനങ്ങൾക്ക് അവരുടെ പണം മടക്കി നൽകില്ല എന്ന നിർബന്ധബുദ്ധി ഈ തീരുമാനങ്ങളുടെ പിറകിൽ കാണാം. അതായത് ഈ നടപടികളിലൂടെയെല്ലാം ജനങ്ങളുടെ പണം ബലം പ്രയോഗിച്ച് അപ്പാടെ ബാങ്കിൽ നിക്ഷേപമാക്കി മാറ്റുന്ന സമീപനമാണ് വ്യക്തമാകുന്നത്. ഈ സാഹചര്യത്തിലാണ് നോട്ട് പിൻവലിക്കൽ തീരുമാനവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രതിസന്ധി യഥാർത്ഥത്തിൽ ഒരു വീഴ്ചയുടെ സൃഷ്ടിയല്ല എന്നു നാം ചിന്തിച്ചു പോകുന്നത്. 1000ത്തിന്റെയും 500ന്റെയും നോട്ടുകൾ പിൻവലിക്കുമ്പോൾ ഒന്നുകിൽ അവ തന്നെയോ അല്ലെങ്കിൽ അവയിലും കുറഞ്ഞ മൂല്യത്തിന്റെയോ കറൻസി അച്ചടിക്കേണ്ടതിനു പകരം 2000ത്തിന്റെ നോട്ട് അച്ചടിച്ചാൽ ഉണ്ടാകാനിടയുള്ള പ്രതിസന്ധിയെക്കുറിച്ച് തീരെ അറിവില്ലാത്തവരാണോ റിസർവ്വ് ബാങ്കിന്റെയും ഭരണത്തിന്റെയും തലപ്പത്ത് ഇരിക്കുന്നവർ. 86 ശതമാനം മൂല്യമുള്ള നോട്ട് അസാധുവാക്കുമ്പോൾ അത് 14 ശതമാനം മൂല്യമുള്ള നോട്ട് കൊണ്ട് നികത്താനാവില്ല എന്ന് ഇവർക്ക് അറിയില്ലേ. എന്നിട്ടും മുൻകൂർ തയ്യാറെടുപ്പൊന്നും നടത്താതിരുന്നതെന്തേ? അപ്പോൾ പ്രതിസന്ധി അറിവില്ലായ്മയുടെ സൃഷ്ടിയല്ല, മറിച്ച് കൃത്യമായ ലക്ഷ്യങ്ങൾ നിർണ്ണയിച്ചുകൊണ്ട് ആവിഷ്കരിച്ച ഒരു പദ്ധതിയായിരുന്നു തയ്യാറെടുപ്പില്ലായ്മ.

**കള്ളപ്പണം കണ്ടുകെട്ടൽ**

എന്താണ് കള്ളപ്പണം? വെളിപ്പെടുത്തപ്പെട്ടിട്ടില്ലാത്ത മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചതും നികുതിയടയ്ക്കാത്തതുമായ വരുമാനം അഥവാ സമ്പത്താണ് കള്ളപ്പണം എന്ന് ലളിതമായി പറയാം. മയക്കുമരുന്നിന്റെയും ആയുധത്തിന്റെയും മറ്റും കള്ളക്കടത്തുപോലുള്ള ക്രിമിനൽ നടപടികൾ, കയറ്റുമതിയുടെയും ഇറക്കുമതിയുടെയും രേഖകളിൽ വരുത്തുന്ന കൃത്രിമങ്ങൾ, റിയൽഎസ്റ്റേറ്റ് ഇടപാടുകളിൽ യഥാർത്ഥ വിലയെക്കാൾ കുറഞ്ഞ വില രേഖപ്പെടുത്തൽ, ചരക്കുകളുടെ വില്പനയിൽ രേഖയിൽപ്പറയുന്ന വിലയിൽ കൂടുതലായി വാങ്ങുന്ന പണം, അഴിമതിക്കാരായ മന്ത്രിമാരും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥന്മാരും മറ്റും കൈപ്പറ്റുന്ന കൈക്കൂലിയും കമ്മീഷനും തുടങ്ങിയവയിലൂടെയെല്ലാം കള്ളപ്പണം സൃഷ്ടിക്കപ്പെടുന്നു. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി കള്ളപ്പണം നിയമവിരുദ്ധമായ സാമ്പത്തിക ഇടപാടുകളിലൂടെ നമ്മുടെ ആഭ്യന്തര വിപണിയിൽ സ്വൈര്യ വിഹാരം നടത്തിവരികയാണ്. പണപ്പെരുപ്പത്തിനും കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനുമൊക്കെ അത് ഇട വരുത്തിയിരിക്കുന്നു. കള്ളപ്പണത്തിന്റെ 75 ശതമാനവും, സ്വിസ് ബാങ്കിലെ രഹസ്യനിക്ഷേപത്തിലൂടെയും ഹവാല ഇടപാടുകളിലൂടെയും മറ്റും വിദേശത്ത് സൂക്ഷിച്ചിരിക്കുന്നതായാണ് കണക്കാക്കപ്പെടുന്നത്.

ആരാണ് കള്ളപ്പണത്തിന്റെ പ്രധാന ഇടപാടുകാർ? തീർച്ചയായും അദ്ധ്വാനിച്ചുജീവിക്കുന്ന സാധാരണ ജനങ്ങളല്ല. വൻവ്യവസായികൾ, തത്ത്വദീക്ഷയില്ലാത്ത വൻ ബിസിനസ്സുകാർ, അഴിമതിക്കാരായ രാഷ്ട്രീയക്കാരും മന്ത്രിമാരും, റിയൽഎസ്റ്റേറ്റ് മാഫിയകൾ, ആയുധക്കച്ചവടക്കാർ, കള്ളക്കടത്തുകാർ, ഊഹക്കച്ചവടക്കാർ എന്നിങ്ങനെയുള്ള ഒരു ചെറുന്യൂനപക്ഷമാണവർ. അങ്ങേയറ്റം ചൂഷണപരവും വിവേചനപരവും അഴിമതിനിറഞ്ഞതുമായ ഈ മുതലാളിത്ത വ്യവസ്ഥിതിയിൽ വിശേഷാവകാശങ്ങൾ അനുഭവിച്ചുവരുന്നവരാണവർ.

ഇവിടെ പ്രചാരത്തിലുള്ള കള്ളപ്പണത്തിന്റെ അളവെത്രയാണ്? ഇൻഡ്യയിലെ വ്യവസായികളും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥപ്രമാണിമാരും സ്വിസ്ബാങ്കിൽ നടത്തിയിട്ടുള്ള നിക്ഷേപം 1.4 ട്രില്ല്യൺ അമേരിക്കൻ ഡോളർ അഥവാ 72 ലക്ഷം കോടിരൂപ എന്ന ഭീമമായ സംഖ്യയുടേതാണെന്ന് ഏതാനും വർഷങ്ങൾക്കുമുമ്പ് ബാങ്ക് അധികൃതർ വെളിപ്പെടുത്തുകയുണ്ടായി. (*കുൽദീപ് നയ്യാർ, എക്സ്പ്രസ്സ് ട്രിബ്യൂൺ, ജൂലൈ 19, 2011*). ഈ വമ്പിച്ച സംഖ്യ രാജ്യത്തേയ്ക്ക് തിരിച്ചുകൊണ്ടുവരാമെങ്കിൽ, രാജ്യത്തിന്റെ വിദേശ കടബാദ്ധ്യത ഒറ്റയടിക്ക് തീർക്കാം. തീർന്നില്ല, പിന്നെയും നമ്മുടെ വിദേശകടബാദ്ധ്യതയുടെ പന്ത്രണ്ട് മടങ്ങ് തുക ബാക്കിയുണ്ടാകും. ആ പണം നിക്ഷേപിച്ചാൽ അതിന്റെ പലിശ തന്നെ കേന്ദ്രഗവണ്മെന്റിന്റെ വാർഷിക ബജറ്റിന് തുല്യമായ തുക വരും. അപ്പോൾ, മുഴുവൻ നികുതികളും ഇല്ലാതാക്കിയാലും ഗവണ്മെന്റിന് സുഖമായി രാജ്യകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയും. ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥിതിയിൽ കള്ളപ്പണത്തിന്റെ വ്യാപ്തി എന്തുമാത്രമെന്ന് ഇതിൽ നിന്ന് ഊഹിക്കാം. ലോകബാങ്കിന്റെ ഒടുവിലത്തെ റിപ്പോർട്ട് ഇൻഡ്യയിലെ കള്ളപ്പണത്തിന്റെ അളവ്, വ്യക്തമായ കാരണങ്ങളാൽ, കണക്കിലെ കളികളിലൂടെ കുറച്ചുകാണിച്ചിട്ടുണ്ട്. പക്ഷെ, അതനുസരിച്ചു പോലും മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഡിപി) 23.2 ശതമാനമാണ് ഇവിടത്തെ കള്ളപ്പണം. 2015–2016 ലെ മൊത്തം ആഭ്യന്തര ഉൽപ്പാദനം 150 ലക്ഷം കോടി രൂപയുടേതാണെന്ന് കണക്കാക്കുകയും കള്ളപ്പണം അതിന്റെ ഏതാണ്ട് 25 ശതമാനമാണെന്ന് കണക്കാക്കുകയും ചെയ്താൽ അത് 37.5 ലക്ഷം കോടി രൂപ വരും. ആദായനികുതി വകുപ്പിന്റെ അഭിപ്രായത്തിൽ ഈ കള്ളപ്പണത്തിന്റെ 94 ശതമാനവും വിദേശത്താണ് സൂക്ഷിച്ചിരിക്കുന്നത്. മൂന്ന് നാല് ശതമാനം സ്വർണ്ണം, രത്നം, റിയൽ എസ്റ്റേറ്റ് എന്നിവയിൽ. ഏറിയാൽ 3 ശതമാനം അഥവാ 75,000 കോടി രൂപയാണ് പണമായി സൂക്ഷിക്കപ്പെടുന്നത്. ഈ രംഗത്തെ താരതമ്യേന ചെറുകിട കളിക്കാരാണ് ഈ തുക കൈകാര്യം ചെയ്യുന്നത്. വൻതോക്കുകളൊന്നും അതിൽപ്പെടില്ല. കറൻസിയുടെ രൂപത്തിലുള്ള ഈ കള്ളപ്പണം പൂർണ്ണമായും വെളിച്ചത്തുകൊണ്ടുവരാൻ, ഈ നോട്ട് അസാധുവാക്കൽ നടപടിയിലൂടെ സാധിക്കുന്നുവെന്ന് വാദത്തിന് വേണ്ടി സങ്കല്പിക്കുക. പക്ഷെ, കള്ളപ്പണത്തെ ഇല്ലാതാക്കാൻ അതിലൂടെ സാധിക്കുകയില്ലെന്ന് പകൽപോലെ വ്യക്തമല്ലേ? കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യുപിഎ ഗവണ്മെന്റ് കള്ളപ്പണം നിയന്ത്രിക്കാൻ എന്ന ഇതേ ന്യായമുന്നയിച്ചുതന്നെ, 2005–ന് മുമ്പ് അച്ചടിച്ച നോട്ടുകൾ പിൻവലിക്കാനുള്ള നീക്കം നടത്തിയപ്പോൾ, അന്ന് ബിജെപിയുടെ വക്താവായിരുന്ന മീനാക്ഷിലേഖി മാധ്യമങ്ങളോട് ഇങ്ങനെ പറയുകയുണ്ടായി: "2005–ന് മുമ്പ് അച്ചടിച്ച നോട്ടുകൾ അസാധുവാക്കാനുള്ള ധനകാര്യമന്ത്രാലയത്തിന്റെ നീക്കം, രാജ്യത്തിന് പുറത്ത് ഗൂഢമായി കുന്നുകൂട്ടിയിട്ടുള്ള കള്ളപ്പണത്തിന്റെ പ്രശ്നം മറച്ചുവയ്ക്കാനായി ആവിഷ്കരിച്ചിട്ടുള്ള പുതിയ ചെപ്പടിവിദ്യയാണ്... പാവങ്ങൾക്കെതിരായ കടുത്ത നടപടിയാണിത്. ഇത്തരം ശ്രദ്ധതിരിച്ചുവിടൽതന്ത്രങ്ങൾ മൂലം ഏറ്റവുമധികം ആഘാതം അനുഭവിക്കാൻപോകുന്നത് നിരക്ഷരരും ബാങ്കിംഗ് സൗകര്യങ്ങളില്ലാത്തവരുമായ സാധാരണക്കാരായ സ്ത്രീപുരുഷന്മാരായിരിക്കും... ജനസംഖ്യയിൽ 65 ശതമാനം പേർക്കും ബാങ്ക് അക്കൗണ്ടില്ല. വലിയൊരുപങ്ക് അക്ഷരാഭ്യാസമില്ലാത്തവരും ദരിദ്രരും വൃദ്ധരും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ജീവിക്കുന്നവരുമൊക്കെയടങ്ങുന്ന അത്തരം ആളുകൾ സമ്പാദ്യം സൂക്ഷിക്കുന്നത് പണമായിട്ടാണ്. തങ്ങളുടെ കൈവശമുള്ള നോട്ടിന് വിലയില്ലാതായിരിക്കുന്നുവെന്ന് പറഞ്ഞ് അവരെ പേടിപ്പിക്കു

(ശേഷം 3-ാം പേജിൽ)

**നോട്ട് അസാധുവാക്കൽ സഹകരണമേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി ഗുരുതരമാണ്. സഹകരണ മേഖല മറ്റേതൊരു സംസ്ഥാനത്തേക്കാളും കേരളത്തിൽ വിപുലവും ശക്തവുമാണ്. ഒന്നേകാൽ ലക്ഷം കോടി വരുന്ന നിക്ഷേപം തട്ടിയെടുക്കാൻ നടത്തുന്നശ്രമം ഈ മേഖലയുടെ തകർച്ചയിലേക്കും അതുവഴി ലക്ഷക്കണക്കിന് സാധാരണക്കാരുടെ സാമ്പത്തിക ആശ്രയം അറുത്തുമുറിച്ചുമാറ്റുന്നതിലേക്കുമാണ് നയിക്കുക. സഹകരണ ബാങ്കുകളിൽ മാത്രം നിക്ഷേപമുള്ള ലക്ഷക്കണക്കിന് സാധാരണക്കാർ കഴിഞ്ഞ ഒരുമാസത്തോളമായി നിത്യനിദാനച്ചെലവുകൾക്ക് ഒരു രൂപ പോലും പിൻവലിക്കാനാവാതെ നരകിക്കുകയാണ്.**




നോട്ട് നിരോധനം: അഖിലേന്ത്യാ പ്രതിഷേധദിനാചരണത്തിന്റെ ഭാഗമായി ഇടതുപക്ഷപാർട്ടികൾ ഡൽഹിയിൽ സംഘടിപ്പിച്ച പ്രതിഷേധം

# മോദി സർക്കാരിന്റെ അവകാശവാദങ്ങളും യാഥാർത്ഥ്യവും

*അവകാശവാദം:* **നോട്ട് അസാധുവാക്കൽ കള്ളപ്പണം തടയും.**

*യാഥാർത്ഥ്യം:* അടിസ്ഥാനരഹിതമായ പ്രചരണം. കറൻസി രൂപത്തിൽ വിനിമയം നടക്കുന്നതോ സൂക്ഷിച്ചുവയ്ക്കുന്നതോ ആയ കള്ളപ്പണം വെറും 6 ശതമാനം മാത്രമാണ്. ബാക്കി 94 ശതമാനവും വിദേശബാങ്കുകൾ, ഓഹരി, ഭൂമി, സ്വർണ്ണം എന്നിവയിലെ നിക്ഷേപമായാണ് നിലനിൽക്കുന്നത്. അതിനാൽ കറൻസി നിരോധനം കള്ളപ്പണം ഫലപ്രദമായി തടയാൻ സഹായിക്കില്ല.

*അവകാശവാദം:* **നോട്ട് അസാധുവാക്കൽ വ്യാജനോട്ടിനെ അവസാനിപ്പിക്കും.**

*യാഥാർത്ഥ്യം:* ഇൻഡ്യയിൽ പ്രചാരത്തിലുള്ള കള്ളനോട്ട് വെറും 0.002 ശതമാനം മാത്രമാണ്. ഏതാണ്ട് 400 കോടി രൂപ. ഇത്രയും ചെറിയ ഒരു തുകയെ നേരിടുന്നതിനായി 14 ലക്ഷം കോടി രൂപയുടെ മൂല്യമുള്ള കറൻസി നിരോധിക്കേണ്ട കാര്യമില്ല. ആധുനിക രാജ്യങ്ങൾ ഈ പ്രശ്നം നേരിടുന്നത് കറൻസി പരിഷ്കരണത്തിലൂടെയാണ്. 400 കോടി രുപയുടെ വ്യാജനോട്ടിനെ നേരിടാൻ 12,000 കോടി മുടക്കി പുതിയ നോട്ടടിക്കുന്നത് എന്തിന്. ഒറിജിനൽ നോട്ടിനെ വെല്ലുന്ന കള്ളനോട്ടടിക്കാൻ ക്രിമിനലുകൾക്കും ഭീകരർക്കും കഴിയുന്നത് ഭരണതലത്തിൽ അതിന്റെ സുരക്ഷാ രഹസ്യങ്ങൾ ചോരുന്നതുകൊണ്ടു മാത്രമാണ്. അതീവ സുരക്ഷയുള്ള മുദ്രപ്പത്രങ്ങളും റിസർവ്വ് ബാങ്കിന്റെ ബോണ്ടുകളും തേൽഗി എന്ന വ്യക്തി അച്ചടിച്ചത് ഉദ്യോഗ - ഭരണ സഹായം കൊണ്ടാണെന്ന് മറക്കാതിരിക്കുക.

*അവകാശവാദം:* **ഭീകരപ്രവർത്തകർ വ്യാജനോട്ട് ഉപയോഗപ്പെടുത്തി ഇൻഡ്യൻ സാമ്പത്തിക ഘടനയെ അട്ടിമറിക്കുന്നു.**

*യാഥാർത്ഥ്യം:* രാജ്യദ്രോഹ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള ശക്തികൾ കള്ളനോട്ട് പ്രചരിപ്പിക്കുന്നണ്ടെന്നത് യാഥാർത്ഥ്യം തന്നെ. എന്നാൽ അത് മുകളിൽ സൂചിപ്പിച്ച 0.002 ശതമാനത്തിലെ ഒരു പങ്ക് മാത്രമേ ആകുന്നുള്ളൂ. അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനവും വ്യാജനോട്ട് വിതരണവും തടയാനാകാത്തത് ഭരണകൂടത്തിന്റെ പരാജയമാണ്. മുഴുവൻസമയ സൈനിക നിരീക്ഷണവും മറ്റ് സുരക്ഷാ സംവിധാനങ്ങളും ആധുനിക അന്വേഷണ ഏജൻസികളും ചാരസംഘടനയായ റോയും കസ്റ്റംസും ആദായ നികുതിവകുപ്പും എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റും കോടികൾ ചെലവിട്ട് പ്രവർത്തിച്ചിട്ടും അതിനുള്ള ബജറ്റ് വിഹിതം നിരന്തരം വർദ്ധിപ്പിച്ചിട്ടും ഭീകരപ്രവർത്തനവും കള്ളപ്പണവും കള്ളനോട്ടും വ്യാപകമാകുന്നുണ്ടെങ്കിൽ അതിനുത്തരവാദികൾ ഗവൺമെന്റ് തന്നെയാണ്.

*അവകാശവാദം:* **കള്ളപ്പണത്തിനെതിരെ യുദ്ധം ചെയ്ത് രാജ്യത്തിന്റെ സാമ്പത്തിക ഘടനയെ നേർവഴിക്കു നയിക്കുകയാണ് മോദി സർക്കാർ.**

*യാഥാർത്ഥ്യം:* പൊള്ളയായ അവകാശവാദം. അധികാരത്തിലെത്തിയാൽ വിദേശബാങ്കുകളിലെ കള്ളപ്പണം മടക്കിക്കൊണ്ടുവരുമെന്ന് വാഗ്ദാനം ചെയ്ത മോദിയും സംഘവും അതു ചെയ്തില്ലെന്നു മാത്രമല്ല, സുപ്രീം കോടതി കള്ളപ്പണക്കാരുടെ ലിസ്റ്റ് ചോദിച്ചപ്പോൾ മുൻസർക്കാർ നൽകിയ ലിസ്റ്റ് സീൽ ചെയ്ത കവറിൽ നൽകിയതല്ലാതെ പുതിയ ഒരാളുടെ വിവരം പോലും മോദി സർക്കാർ നൽകിയില്ല. ഇത് കള്ളപ്പണക്കാരുടെ സർക്കാരാണെന്നതിന് വേറെ എന്ത് തെളിവ്? 9,000 കോടി രൂപ വെട്ടിച്ച് മുങ്ങിയ വിജയ മല്യയെയും 93,000 കോടിയുടെ വായ്പ തിരിച്ചടക്കാത്ത അദാനിയെയും 1.14 ലക്ഷം കോടിയുടെ മടക്കി നൽകാത്ത അംബാനിയെയും സഹായിക്കുന്നത് മോദി സർക്കാരാണ്. ഓഹരിവിപണിയിൽ ഐഡന്റിറ്റി വെളിപ്പെടുത്താതെ നിക്ഷേപം നടത്താം എന്ന വ്യവസ്ഥ നീക്കംചെയ്യാൻ മോദി സർക്കാർ ഇതുവരെയും തയ്യാറായിട്ടില്ല.

*വാദഗതി:* **അതിർത്തിയിൽ കാവൽ നിൽക്കുന്ന സൈനികനെ സ്മരിച്ചുകൊണ്ട് രാജ്യത്തിനു വേണ്ടി ക്യൂ നിൽക്കാൻ സന്നദ്ധത കാട്ടണം..**

*യാഥാർത്ഥ്യം:* എന്തു ജനദ്രോഹ പ്രവൃത്തിയും അതിർത്തിയിൽ കാവൽ നിൽക്കുന്ന സൈനികന്റെ പേരിൽ ആണയിട്ടുകൊണ്ടു ചെയ്യുന്ന പുതിയൊരിനം രാജ്യസ്നേഹമാണ് ബിജെപി പ്രചരിപ്പിക്കുന്നത്. സൈനികൻ മാത്രമല്ല, ഭക്ഷണം ഉൽപ്പാദിപ്പിക്കുന്ന കർഷകനും ഉൽപ്പാദനമേഖലയിൽ വിയർപ്പൊഴുക്കുന്ന തൊഴിലാളിയും എൻജിനീയറും രോഗവിമുക്തമായ ജനതയെ സൃഷ്ടിക്കാൻ പണിപ്പെടുന്ന ഡോക്ടറും ഒക്കെ ചേർന്നാണ് ഈ രാജ്യത്തെ നിലനിർത്തുന്നത്. ഇത്തരത്തിലുള്ള എല്ലാ വിഭാഗം ജനങ്ങൾക്കെതിരെയും ഒരു തുറന്ന യുദ്ധം പ്രഖ്യാപിക്കുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്. ഇതാണ് യഥാർത്ഥ രാജ്യദ്രോഹം.

*വാദഗതി:* **മദ്യത്തിനും സിനിമാ ടിക്കറ്റിനും വേണ്ടി ക്യൂ നിൽക്കാമെങ്കിൽ എന്തുകൊണ്ട് രാജ്യത്തിനുവേണ്ടി ക്യൂ നിന്നു കൂടാ?**

*യാഥാർത്ഥ്യം:* മദ്യത്തിനും സിനിമക്കും താൽപ്പര്യമുള്ളവർ ക്യൂ നിന്നാൽ മതി. ഇവ വേണ്ടാത്തവർ ക്യൂ നിൽക്കേണ്ടതില്ല. പണത്തിനുവേണ്ടി ക്യൂ നിൽക്കാൻ ഏവരെയും നിർബ്ബന്ധിതമാക്കിയതിനുശേഷം മദ്യത്തിനു ക്യൂ നിൽക്കുന്നതുപോലെ ഗണിച്ചാൽ മതി എന്നു പറയുന്നത് അപമാനിക്കുന്ന നടപടിയാണ്. ഈ ക്യൂ രാജ്യത്തിനുവേണ്ടിയുള്ള പ്രവൃത്തിയേയല്ല. മറിച്ച് രാജ്യത്തെ നശിപ്പിക്കാനിറങ്ങിയ ശക്തികൾ അടിച്ചേൽപ്പിച്ച ദുരിതമാണ്.■

*(2-ാം പേജിൽ നിന്ന്)*

കയും, അത് മാറ്റിക്കൊടുക്കുന്നതിന് കനത്ത ഫീസ് ആവശ്യപ്പെടുകയും ചെയ്യുന്ന ഇടത്തട്ടുകാരുടെ ചൂഷണത്തിന് അവർ ഇരകളായി മാറും. കച്ചവടക്കാരും അവരെ പിടിച്ചുപറിക്കും... ഈ നയം രാജകീയ രക്തമുള്ളവർക്കുവേണ്ടിയുള്ളതാണ്. അദ്ധ്വാനിച്ചുവിയർക്കുന്ന, ചുവന്നരക്തമുള്ള ജനകോടികൾക്കുവേണ്ടിയുള്ളതല്ല. സ്വിസ് അക്കൗണ്ടുകളിൽ രഹസ്യനിക്ഷേപമുള്ളവരെ ഇത് ബാധിക്കാനേ പോകുന്നില്ല.'' (ടൈംസ് ഓഫ് ഇൻഡ്യ, 24.01.14)

### നോട്ട് അസാധുവാക്കൽ കള്ളപ്പണം തടയില്ല

രാജ്യത്ത് കറുത്തപണം കറൻസികളായി ശേഖരിച്ചു വയ്ക്കുന്നത് വെറും 6 ശതമാനം മാത്രമാണ്. ഈ 6 ശതമാനത്തെ തടഞ്ഞുവെന്ന് വാദത്തിന് അംഗീകരിച്ചാൽത്തന്നെ ബാക്കി 94 ശതമാനം കള്ളപ്പണവും അസാധുവാക്കലിനു ശേഷവും സസുഖം വാഴുകയാണ്. യഥാർത്ഥത്തിൽ വമ്പൻ സ്രാവുകൾ സുരക്ഷിതരായിരിക്കുന്നു. അതായത് മോദി സർക്കാരിന്റെ തീരുമാനം 94 ശതമാനം വരുന്ന ഈ വമ്പന്മാരെ ഒന്നു തൊടുക പോലുമില്ല. അവരുടെ അതിഭീമമായ കള്ളപ്പണം വിദേശബാങ്കുകളിൽ നിക്ഷേപമായും നികുതി വെട്ടിപ്പ് പറുദീസകളായ രാജ്യങ്ങളിലെ മൂലധനനിക്ഷേപമായും ഓഹരി നിക്ഷേപമായും ഭൂമിയായും സ്വർണ്ണമായും ഒരു പരിക്കുമേൽക്കാതെ സംരക്ഷിക്കപ്പെട്ടിരിക്കുമ്പോഴാണ് തന്റെ സർക്കാർ കള്ളപ്പണത്തിനെതിരെ കുരിശുയുദ്ധം നടത്തുകയാണെന്ന് നരേന്ദ്രമോദി സാക്ഷ്യപ്പെടുത്തുന്നത്. 1978ൽ മൊറാർജി ദേശായി സർക്കാർ നോട്ട് പിൻവലിച്ചപ്പോൾ അന്നത്തെ റിസർവ് ബാങ്ക് ഗവർണർ ഐ.ജി.പാട്ടീൽ അതിനോട് വിയോജിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ ഇവിടെ ഓർമ്മിപ്പിക്കട്ടെ: 'കള്ളപ്പണത്തിന്റെ ഉടമസ്ഥർ അവരുടെ കറുത്ത സമ്പാദ്യം കറൻസി രൂപത്തിൽ ദീർഘകാലം സൂക്ഷിച്ചുവയ്ക്കില്ല. അവരുടെ കറുത്ത പണം നോട്ടുകെട്ടുകളാക്കി, കിടക്കയുടെ അടിയിലും സൂട്ട്കേസ്സിലും നിറച്ചുവച്ചിരിക്കുകയാണെന്ന ചിന്ത ശുദ്ധ അറിവില്ലായ്മയാണ്'. കറുത്ത പണം കറൻസികളായി സൂക്ഷിച്ചുവയ്ക്കുന്ന ഏതാണ്ട് 6 ശതമാനത്തോളം പേരെ ഈ അസാധുവാക്കൽ ബാധിച്ചേക്കാം. അവരിൽ ബിജെപിയുമായി ബന്ധമുള്ളവർ തീരുമാനം നേരത്തെ അറിയുകയും പല മാർഗ്ഗങ്ങളിലൂടെ വെളുപ്പിക്കുകയും ചെയ്തതായും നിരവധി ആരോപണങ്ങൾ പുറത്തു വന്നിട്ടുണ്ട്. അതായത് അനേകകോടി ജനങ്ങളെ പരമക്ലേശങ്ങളിൽ അകപ്പെടുത്തിയ നോട്ട് റദ്ദാക്കൽ കള്ളപ്പണക്കാരിൽ ഒരു വമ്പനെയും സ്പർശിക്കുകയില്ല, ബാധിക്കപ്പെടുമെന്ന് കണക്കുകൂട്ടിയിരുന്ന 6 ശതമാനത്തിൽത്തന്നെ സ്വാധീനശക്തിയുള്ളവർ രക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. പിന്നെ എന്തിനായിരുന്നു ഈ അഭ്യാസം മുഴുവൻ?

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പ്രചാരണവേളയിൽ വിദേശബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണം തിരികെ നാട്ടിലെത്തിക്കുമെന്നും അതിന്റെ ആളോഹരി വീതമെന്ന നിലയിൽ 15 ലക്ഷം രൂപ ഏവർക്കും ലഭ്യമാക്കുമെന്നും മോദി നിരവധി വേദികളിൽ പറഞ്ഞിരുന്നു. അങ്ങിനെ തിരികെ എത്തുന്ന പണം സ്വീകരിക്കാൻ പാകത്തിൽ എല്ലാവരും അക്കൗണ്ട് തുറക്കണമെന്നും മോദിയും സംഘവും ആവശ്യപ്പെട്ടിരുന്നു. ഗുജറാത്ത് ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിലെ പട്ടിണിപ്പാവങ്ങളായ നിഷ്കളങ്കർ ശരിക്കും അപ്രകാരം ധരിച്ചുവശാകുകയും അതിന്റെയടിസ്ഥാനത്തിൽ വോട്ട് ചെയ്യുകയും ചെയ്തിരുന്നു. ബിജെപിയുടെ ഘടകങ്ങൾ മുൻകൈയെടുത്ത് അക്കൗണ്ട് തുടങ്ങാൻ നാട്ടുകാരെ സഹായിക്കുക പോലുമുണ്ടായി. എന്നാൽ സംഭവിച്ചതെന്താണ്? എബിപി ലൈവ് ചാനൽ ബിജെപി പ്രസിഡന്റ് അമിത് ഷായുമായി നടത്തിയ ഒരു സംഭാഷണം രഹസ്യക്യാമറയിൽ പകർത്തി പുറത്തുവിടുകയുണ്ടായി. നൂറ് ദിവസത്തിനകം കള്ളപ്പണം പുറത്തുകൊണ്ടുവന്ന് ഓരോ പൗരനും 15 ലക്ഷം രൂപ വീതം നൽകും എന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം എന്തുകൊണ്ട് നിറവേറ്റിയില്ല എന്ന ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞത് അത് *ചുനാവിജുംല* (ഇലക്ഷന് വേണ്ടി ഇറക്കിയ ഒരു ചെപ്പടിവിദ്യ) ആയിരുന്നു എന്നാണ്. 'ജനങ്ങൾക്ക് അത്രയേറെ പണം നൽകാൻ ഒരു മാർഗ്ഗവുമില്ല', ആത്മഗതമായി അദ്ദേഹം പറഞ്ഞു. അങ്ങേയറ്റത്തെ ഇരട്ടത്താപ്പും നിർലജ്ജമായ വ്യാജഭാഷണവും എന്നല്ലാതെ എന്താണ് പറയേണ്ടത്! ഇപ്രകാരം പറഞ്ഞു പറ്റിച്ച മോദിക്കെതിരെ കള്ളപ്പണം തിരികെ എത്തിക്കാത്തതിന്റെ പേരിൽ മാധ്യമങ്ങളും രാഷ്ട്രീയ നിരീക്ഷകരും നിരന്തരം വിമർശനം ഉന്നയിക്കുകയായിരുന്നു. ഇതിനിടയിൽ വിദേശബാങ്കുകളിൽ കള്ളപ്പണം നിക്ഷേപിച്ചിട്ടുള്ളവരുടെ ലഭ്യമായ ലിസ്റ്റ് ഹാജരാക്കാൻ സുപ്രീം കോടതി ആവശ്യപ്പെട്ടപ്പോൾ മുൻസർക്കാർ ഹാജരാക്കിയ അതേ ലിസ്റ്റ് ഒരു കവറിനുള്ളിലാക്കി നൽകുകയാണ് ചെയ്തത്. രാജ്യതാൽപ്പര്യത്തെ മുൻനിർത്തി പേരുകൾ വെളിപ്പെടുത്താനാവില്ലെന്ന് കോടതി പറയുകയും ചെയ്തതോടെ കള്ളപ്പണ വേട്ട അവിടെ അവസാനിച്ചു. ഒരു കള്ളപ്പണക്കാരനെയെങ്കിലും തുറുങ്കിലടയ്ക്കാനോ അയാളുടെ വിദേശ ബാങ്കിലെ കള്ളപ്പണം രാജ്യത്തെത്തിക്കാനോ മോദിക്ക് ഈ നിമിഷം വരെ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കള്ളപ്പണ നിക്ഷേപം വർദ്ധിക്കുകയാണെന്ന് നിരവധി ആധികാരിക കേന്ദ്രങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. ചുരുക്കത്തിൽ ഭരണം രണ്ടര വർഷം പിന്നിടുമ്പോഴും കള്ളപ്പണക്കാർക്കെതിരെ ഒരു നടപടിയും കൈക്കൊള്ളാത്തതിന്റെ പേരുദോഷം മാറ്റാനുള്ള ഒരു നാടകം കൂടിയാണ് നോട്ട് അസാധുവാക്കൽ നടപടി.

2009-14 കാലയളവിലെ റിസർവ് ബാങ്ക് ഡപ്യൂട്ടി ഗവർണറായിരുന്ന കെ.സി.ചക്രവർത്തി ചൂണ്ടിക്കാട്ടിയത് ഇപ്രകാരമാണ്: 'ഇപ്പോഴത്തെ നോട്ട് റദ്ദാക്കൽ കള്ളപ്പണം തടയുക എന്ന ലക്ഷ്യം നിറവേറ്റില്ല. കള്ളപ്പണമായി കൈമാറ്റം ചെയ്യപ്പെടുന്ന കറൻസി യഥാർത്ഥത്തിൽ വെളുത്തത് തന്നെയാണ്. അതിനാൽ കറൻസിയെ റദ്ദാക്കിക്കൊണ്ടല്ല, കള്ളപ്പണത്തെ സൃഷ്ടിക്കുന്ന പ്രക്രിയ ഇല്ലാതാക്കിക്കൊണ്ട് മാത്രമേ കള്ളപ്പണത്തെ തടയാൻ കഴിയൂ'. ഒരു സമാന്തരസമ്പദ് വ്യവസ്ഥ പോലെ പ്രവർത്തിക്കാൻ കള്ളപ്പണത്തിന് കഴിയുന്നത് ഈ പ്രക്രിയയുടെ പിൻബലത്തിലാണ്. കൃത്രിമമായി വൻകിട ഇടപാടുകളുടെയും പണകൈമാറ്റത്തിന്റെയും രേഖകൾ നിർമ്മിക്കുക, താഴ്ന്ന വില്പനവിലയുടെയും അമിതവില്പനവിലയുടെയും ഇടുപാടുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുക, നിലവിലില്ലാത്ത ഇടപാടുകൾ നടന്നതായി റിപ്പോർട്ടു ചെയ്യുക, വൻ നികുതി വെട്ടിപ്പു നടത്തുക തുടങ്ങി വിദേശരാജ്യങ്ങളുമായി ഉണ്ടാക്കുന്ന കരാറുകൾ വരെ ഈ പ്രക്രിയയുടെ ഭാഗമാണ്. ഈ പ്രക്രിയയ്ക്ക് ഒരു പോറലുപോലുമേൽപ്പിക്കാതെ കള്ളപ്പണത്തെ എങ്ങിനെ തടയും? കോടിക്കണക്കിന് രൂപയുടെ കള്ളപ്പണം ഓഹരി വിപണിയിൽ നിറയാൻ പഴുതൊരുക്കുന്ന വ്യവസ്ഥ-ഓഹരി വിപണിയിൽ നിക്ഷേപിക്കാൻ നിക്ഷേപകന്റെ ഐഡന്റിറ്റി വെളിപ്പെടുത്തേണ്ടതില്ല എന്ന വ്യവസ്ഥ - പോലും റദ്ദാക്കാൻ തയ്യാറാകാത്ത നരേന്ദ്ര മോദി കള്ളപ്പണ വേട്ട നടത്തുന്നുവെന്ന് അവകാശപ്പെടുന്നതിന് എന്തർത്ഥമാണുള്ളത്?

*ശേഷം 4-ാം പേജിൽ)*





നോട്ട് നിരോധനത്തിനെതിരെ ഇടതുപക്ഷപാർട്ടികൾ ആഹ്വാനം ചെയ്ത അഖിലേന്ത്യാ പ്രതിഷേധദിനാചരണത്തിന്റെ ഭാഗമായി ആന്ധ്രപ്രദേശിലും (മുകളിൽ) തമിഴ്നാട്ടിലും(താഴെ) നടന്ന പ്രതിഷേധ പരിപാടികളിൽ നിന്ന്

# സ്വദേശത്തും വിദേശത്തും ഇന്ത്യയിലെ വൻകിടക്കാർ നിക്ഷേപിച്ചിട്ടുള്ള കള്ളപ്പണം കണ്ടുകെട്ടുക

*(3-ാം പേജിൽ നിന്ന്)*

**നോട്ട് അസാധുവാക്കൽ വ്യാജ നോട്ടിനെതിരെയുള്ള യുദ്ധം – യാഥാർത്ഥ്യമെന്ത് ?**

പാക്കിസ്ഥാൻ വൻതോതിൽ വ്യാജനോട്ട് അച്ചടിച്ച് ഭീകരപ്രവർത്തകരിലൂടെ ഇൻഡ്യയിൽ വിതരണം ചെയ്ത് രാജ്യത്തിന്റെ സാമ്പത്തികഘടനയെ അട്ടിമറിക്കുകയാണെന്നും അത് പ്രതിരോധിക്കുന്നതിനും കൂടി വേണ്ടിയാണ് നോട്ട് അസാധുവാക്കുന്നതെന്നാണ് ഗവണ്മെന്റനുകൂലികൾ പ്രചരിപ്പിക്കുന്നത്. 2015 ൽ ബാങ്കുകളും പോലീസും ചേർന്ന് കണ്ടെത്തിയിട്ടുള്ളത് ഇൻഡ്യയിൽ 1000ത്തിന്റെയും 500ന്റെയും വ്യാജനോട്ട് പ്രചാരത്തിലുള്ളത് വെറും 0.002 ശതമാനം മാത്രമാണെന്നാണ്. ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന പ്രകാരം ഒരു നിശ്ചിത സമയത്ത് രാജ്യത്ത് പ്രചാരത്തിലുള്ള വ്യാജ കറൻസിയുടെ മൂല്യം വെറും 400 കോടി രൂപ മാത്രമാണ്. പ്രസ്തുത വ്യാജനിൽ ഒരു പങ്ക് രാജ്യത്തിനുള്ളിലെ ക്രിമിനലുകൾ അച്ചടിക്കുന്നതാണ്. അതായത് പ്രചരിക്കുന്ന വ്യാജകറൻസിയിൽ ഒരു ഭാഗം മാത്രമാണ് ഭീകരശൃംഖല വഴി ഇൻഡ്യയിലെത്തുന്നത്. ഇത്രയും തുഛമായ വ്യാജകറൻസിയെ നേരിടാൻ, രാജ്യത്തെ 14 ലക്ഷം കോടി രൂപയുടെ മൂല്യമുള്ള നോട്ട് റദ്ദാക്കേണ്ടതില്ല എന്ന് ഇതിലൂടെ വ്യക്തമാണ്. എന്നു മാത്രവുമല്ല 2000 രൂപയുടെ പുതിയ കറൻസി അച്ചടിച്ചത് യഥാർത്ഥത്തിൽ വ്യാജനോട്ട് നിർമ്മാതാക്കൾക്ക് കൂടുതൽ സഹായകരമായ നടപടിയല്ലേ? ഉയർന്ന മൂല്യമുള്ള നോട്ടുകൾക്ക് വ്യാജകറൻസി ഇറക്കുന്നതാണ് ആദായകരം.ഇപ്പോൾത്തന്നെ 2000 രൂപയുടെ കള്ളനോട്ട് അച്ചടിച്ചതിന്റെ പേരിൽ കേസ് രജിസ്ററർ ചെയ്തുകഴിഞ്ഞു. ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നത് നോട്ട് അസാധുവാക്കൽ വ്യാജ കറൻസി തടയില്ല എന്നു തന്നെയാണ്. അപ്പോൾ ഈ പ്രചാരണത്തിന്റെ ലക്ഷ്യമെന്താണ്. നോട്ട് റദ്ദാക്കൽ സൃഷ്ടിക്കുന്ന ജനരോഷത്തെ മതന്യൂനപക്ഷത്തിനെതിരായ വിദ്വേഷമാക്കാനുള്ള ഹീനമായ താൽപ്പര്യവും ഇതിൽ പതിയിരിക്കുന്നുണ്ട്. ജനജീവിതത്തിന്റെ ഏറ്റവും മർമ്മ പ്രധാനമായ സാമ്പത്തിക കൊടുക്കൽവാങ്ങലിലുൾപ്പടെ വർഗ്ഗീയതയുടെ വിഷം കലർത്താനാണ് ബിജെപി ഇതിലൂടെ ശ്രമിക്കുന്നത്. പാക്കിസ്ഥാനിലെ ജനാധിപത്യവിരുദ്ധ ഭരണകൂടവും ഇതേ കാര്യമാണ് അവിടെ ചെയ്യുന്നത്. 9 മാസം മുമ്പ് പാക്കിസ്ഥാനിൽ കണ്ടെത്തപ്പെട്ട വൻ വ്യാജനോട്ട് ശേഖരം ഇൻഡ്യ അച്ചടിച്ചതാണെന്നാണ് അവിടുത്തെ സർക്കാരിന്റെ ആരോപണവും പ്രചാരണവും.

**കള്ളപ്പണവേട്ടയുടെ വാദങ്ങൾ പൊളിയുന്നു.**

പഴയ നോട്ട് പിൻവലിക്കാനും പുതിയവ അച്ചടിച്ച് എത്തിക്കാനും അവ വിതരണം ചെയ്യാനും ഇതിനോടകം ആകെ ചെലവായത് 1,28,000 കോടി രൂപയാണെന്ന് സെന്റർ ഫോർ മോണിട്ടറിംഗ് ഇൻഡ്യൻ ഇക്കോണമി എന്ന സംഘടനയുടെ പഠനങ്ങൾ തെളിയിക്കുന്നു. ഇതിനു പുറമെ ആകെ ഉണ്ടായിട്ടുള്ള ഉൽപ്പാദന നഷ്ടം 2.5 ലക്ഷം കോടിയാണെങ്കിൽ ഏതാണ്ട് 4 ലക്ഷം കോടി രൂപയുടെ നഷ്ടം നോട്ട് അസാധുവാക്കലിലൂടെ ഉണ്ടായി എന്നു വിലയിരുത്താം. നോട്ട് അസാധുവാക്കലിലൂടെ എത്ര കോടി രൂപയുടെ കള്ളപ്പണം പിടിക്കാൻ സഹായിച്ചു എന്ന് ഡിസംബർ 30നു മാത്രമേ വ്യക്തമാകൂ. ഇപ്പോഴത്തെ റിപ്പോർട്ട് അനുസരിച്ചാണെങ്കിൽ 4 ലക്ഷം കോടിയേക്കാൾ വളരെ ചെറിയ തുക മാത്രമേ ബാങ്കിലേക്ക് തിരികെ വരാതിരിക്കൂ. തിരികെ വരാതിരിക്കുന്ന മുഴുവൻ തുകയും കള്ളപ്പണമാണെന്ന് വിലയിരുത്താനാവുകയുമില്ല. ചുരുക്കത്തിൽ സാധാരണ ഗണിതത്തിന്റെ അടിസ്ഥാനത്തിൽപ്പോലും നോട്ട് അസാധുവാക്കൽ രാജ്യത്തെ തകർത്ത നഷ്ടക്കച്ചവടമാണെന്ന് വിലയിരുത്താം.

**കള്ളപ്പണം പിടിമുറുക്കിയത് സർക്കാർ സംവിധാനങ്ങളുടെ പരാജയം ഒന്നുകൊണ്ടു മാത്രം**

രാജ്യത്തിനുള്ളിലും പുറത്തുമായി കള്ളപ്പണം വലിയ സ്വാധീനം നേടിയതായി വിശദീകരിക്കുമ്പോൾ ഈ സാഹചര്യത്തിനുത്തരവാദികളാരെന്നു കൂടി പറയാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതിർത്തി കാത്തുപുലർത്താനും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനും നിയോഗിക്കപ്പെട്ടിട്ടുള്ള മുഴുവൻസമയ സൈനിക നിരീക്ഷണ സംവിധാനങ്ങൾ, അത്യാധുനികമായ അന്വേഷണ ഏജൻസികൾ, രഹസ്യപ്പോലീസ്, കസ്റ്റംസ്, റോ പോലുള്ള അടിമുടി സുസജ്ജമായ ചാര സംഘടന, ആദായ നികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റ് എന്നിവ ഉൾപ്പടെയുള്ള നിരവധി സംവിധാനങ്ങൾ ജനങ്ങളുടെ നികുതിപ്പണം കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിലനിർത്തിയിട്ടും കള്ളപ്പണവും നിയമവിരുദ്ധ സാമ്പത്തിക ഇടപാടുകളും വർദ്ധിക്കുന്നുണ്ടെങ്കിൽ അത് ഭരണകൂടത്തിന്റെ ഒന്നാകെയുള്ള പരാജയത്തെയല്ലേ കാണിക്കുന്നത്. അതിർത്തി കടന്ന് ഭീകരർ വ്യാജനോട്ടുമായി വരുന്നത് പിടികൂടാൻ ഇവിടെ സംവിധാനങ്ങളില്ലേ. അവയെയൊക്കെ കുറ്റമറ്റ നിലയിൽ പ്രവർത്തിപ്പിക്കാൻ വേണ്ടിയാണ് ജനങ്ങൾ വോട്ടും നികുതിയും തന്ന് അധികാരത്തിലിരുത്തിയിരിക്കുന്നത്. പ്രസ്തുത ഉത്തരവാദിത്തം നിർവ്വഹിക്കാൻ പരാജയപ്പെട്ടവർ, അതിന്റെ പാപഭാരവും കൂടി ചുമക്കാൻ സാധാരണ ജനങ്ങളെ ശിക്ഷിക്കുന്നത് ന്യായമാണോ?

**കള്ളപ്പണത്തെ ഭീമാകാരമായ നിലയിലേക്ക് വളർത്തിയത് ആരാണ്?**

ഇൻഡ്യൻ സാമ്പത്തികഘടനയിൽ കള്ളപ്പണം ആഴത്തിൽ വേരൂന്നിയിട്ടുണ്ട് എന്നതിൽ സംശയമില്ല. 2012 ഫെബ്രുവരിയിൽ ഒരു ടി.വി. ചർച്ചയിൽ പങ്കെടുക്കവെ അന്നത്തെ സിബിഐ ഡയറക്ടർ അനൗപചാരികമായി പറഞ്ഞത് ഇൻഡ്യയിൽ നിന്ന് വിദേശബാങ്കുകളിലെത്തപ്പെട്ടിട്ടുള്ള കള്ളപ്പണം 500 ബില്യൺ ഡോളർ (32.5 ലക്ഷം കോടി രൂപ) ആണെന്നാണ്. സ്വിസ്സ് ബാങ്കേഴ്സ് അസോസിയേഷൻ അവരുടെ ബാങ്കിലുള്ള ഇൻഡ്യൻ കള്ളപ്പണത്തിന്റെ മൂല്യം 2 ബില്യൺ യു.എസ്.ഡോളറാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ കണക്കിന്റെ ചുവടുപിടിച്ച്, 2012 മെയ് മാസത്തിൽ ഇൻഡ്യാ ഗവൺമെന്റ് പുറപ്പെടുവിച്ച കള്ളപ്പണത്തെ സംബന്ധിച്ച ധവളപത്രത്തിൽ 2010 വരെയുള്ള യൂറോപ്യൻ ബാങ്കുകളിലുള്ള നിയമവിരുദ്ധ ഇൻഡ്യൻ നിക്ഷേപങ്ങൾ ആകെ 1.47 ലക്ഷം കോടി രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഔദ്യോഗികമായി സർക്കാർ അംഗീകരിച്ച തുകയാണ്. കൃത്യമായ തെളിവുകൾ സമാഹരിക്കാൻ കഴിഞ്ഞ തുക ഇത്രയും വലുതായിരിക്കുമ്പോൾ വെളിപ്പെടാത്ത തുക ഇതിലും എത്രയോ ഭീമമായിരിക്കും. ഈ സാഹചര്യത്തിൽ രണ്ട് കാര്യങ്ങൾ നമുക്ക് തറപ്പിച്ച് പറയാൻ കഴിയും. ഇൻഡ്യയുടെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂല്യത്തോളം വരുന്ന തുക വിദേശ ബാങ്കുകളിൽ ഇൻഡ്യൻ കള്ളപ്പണം കുമിഞ്ഞിട്ടുണ്ടെന്ന് ഇതിനോടകം പുറത്തു വന്നിട്ടുള്ള വിവരങ്ങൾ സ്ഥാപിക്കുന്നു. രണ്ട്, വിദേശ ബാങ്കുകളിൽ ഇവ സുരക്ഷിതമായിരിക്കുന്നത് ഇൻഡ്യൻ ഭരണകൂടത്തിന്റെ ഒത്താശയുള്ളതുകൊണ്ടാണ്. കള്ളപ്പണക്കാരുടെ വിവരങ്ങൾ പുറത്തറിയിക്കുന്നതിൽ ഇൻഡ്യൻ ഭരണകൂടത്തിന് താല്പര്യമില്ലാത്തതുകൊണ്ട് മാത്രമാണ് അവ ഇപ്പോഴും രഹസ്യമായിരിക്കുന്നതെന്ന് സ്വിസ്സ് ഗവൺമെന്റ് അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്. ഇതോടൊപ്പം മറ്റൊരു സുപ്രധാന കാര്യവും നാം പരിഗണിക്കണം. ആയിരക്കണക്കിന് കോടിരൂപയുടെ കള്ളപ്പണം പ്രതിദിനം ഇൻഡ്യയിൽ വെളുപ്പിക്കപ്പെടുന്നുണ്ട്. പ്രസ്തുത തുക ഇൻഡ്യൻ സാമ്പത്തിക ഘടനയിൽ അതിരൂക്ഷമായ ആഘാതം ഏൽപ്പിക്കുന്നുമുണ്ട്. ഈ വെളുപ്പിക്കൽ പ്രക്രിയ ഇൻഡ്യയിൽ രാഷ്ട്രീയക്കാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും അകമഴിഞ്ഞ പിന്തുണയോടെ നടത്തപ്പെടുന്ന നടപടിയാണ്.

വിദേശബാങ്കുകളിലെ അതിഭീമമായ അനധികൃത നിക്ഷേപങ്ങൾ എങ്ങിനെ ഉണ്ടായി? അവ ആരുടേതാണ്? അഴിമതിയിലൂടെയും കമ്മീഷനുകളിലൂടെയും ആയുധവിൽപ്പനയിലൂടെയും അനധികൃത വ്യാപാരങ്ങളിലൂടെയും സമാഹരിക്കപ്പെടുന്ന കണക്കിൽപ്പെടാത്ത നിയമവിരുദ്ധ സമ്പാദ്യമാണല്ലോ കള്ളപ്പണം. രാഷ്ട്രീയ – ഭരണ നേതൃത്വങ്ങളുടെ അറിവിൽപ്പെടാതെ മുകളിൽ സൂചിപ്പിച്ച ഇടപാടുകൾ ഇൻഡ്യയ്ക്കുള്ളിലും പുറത്തുമായി നടക്കില്ല എന്ന് ആർക്കാണറിയാത്തത്. കഴിഞ്ഞ 5 പതിറ്റാണ്ടായി ഇത് നടന്നുവരികയാണ്. വൻകിട വ്യവസായികളുടെയും സൈനിക – ഭരണ മേധാവികളുടെയും രാഷ്ട്രീയക്കാരുടെയും ദൃഢമായ അവിശുദ്ധ കൂട്ടുകെട്ടാണ് കള്ളപ്പണം സൃഷ്ടിക്കുന്നത്. ഈ നിയമവിരുദ്ധ സംഘത്തെ പൊളിക്കാതെ കറുത്തസമ്പാദ്യം ഇല്ലാതാക്കാൻ കഴിയില്ല. ഈ അവിശുദ്ധ ഗൂഢസംഘത്തെ തകർക്കാൻ മുൻ ഭരണാധികാരികളിൽ നിന്ന് വ്യത്യസ്തമായി എന്തെങ്കിലും മോദി ചെയ്തിട്ടുണ്ടോ.

**ഇവിടെ പ്രചാരത്തിലുള്ള കള്ളപ്പണത്തിന്റെ അളവെത്രയാണ്? ഇൻഡ്യയിലെ വ്യവസായികളും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥപ്രമാണിമാരും സ്വിസ്ബാങ്കിൽ നടത്തിയിട്ടുള്ള നിക്ഷേപം 1.4 ട്രില്ല്യൺ അമേരിക്കൻ ഡോളർ അഥവാ 72 ലക്ഷം കോടിരൂപ എന്ന ഭീമമായ സംഖ്യയുടേതാണെന്ന് ഏതാനും വർഷങ്ങൾക്കുമുമ്പ് ബാങ്ക് അധികൃതർ വെളിപ്പെടുത്തുകയുണ്ടായി.** *(കുൽദീപ് നയ്യാർ, എക്സ്പ്രസ്സ് ട്രിബ്യൂൺ, ജൂലൈ 19, 2011)*. **ഈ വമ്പിച്ച സംഖ്യ രാജ്യത്തേയ്ക്ക് തിരിച്ചുകൊണ്ടുവരാമെങ്കിൽ, രാജ്യത്തിന്റെ വിദേശ കടബാദ്ധ്യത ഒറ്റയടിക്ക് തീർക്കാം. തീർന്നില്ല, പിന്നെയും നമ്മുടെ വിദേശ കടബാദ്ധ്യതയുടെ പന്ത്രണ്ട് മടങ്ങ് തുക ബാക്കിയുണ്ടാകും. ആ പണം നിക്ഷേപിച്ചാൽ അതിന്റെ പലിശ തന്നെ കേന്ദ്രഗവണ്മെന്റിന്റെ വാർഷിക ബജറ്റിന് തുല്യമായ തുകവരും. അപ്പോൾ, മുഴുവൻ നികുതികളും ഇല്ലാതാക്കിയാലും ഗവണ്മെന്റിന് സുഖമായി രാജ്യകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയും. ഇൻഡ്യൻ സമ്പദ്വ്യവസ്ഥിതിയിൽ കള്ളപ്പണത്തിന്റെ വ്യാപ്തി എന്തുമാത്രമെന്ന് ഇതിൽ നിന്ന് ഊഹിക്കാം.**

ഒരു രൂപയുടെയെങ്കിലും കള്ളപ്പണം ഇൻഡ്യയിലേക്ക് മടക്കിക്കൊണ്ടുവരാൻ മോദിക്ക് കഴിഞ്ഞിട്ടുണ്ടോ. സത്യസന്ധമായ അന്വേഷണത്തിലൂടെ ഒരു കള്ളപ്പണക്കാരനെയെങ്കിലും തുറുങ്കിലടയ്ക്കാൻ മോദി തയ്യാറായോ? ഒരു രാത്രി പ്രഖ്യാപനം നടത്തി, കറൻസി നിരോധിച്ചാൽ കള്ളപ്പണത്തെ തകർക്കാൻ കഴിയുമെന്ന് വീമ്പിളക്കുന്നത് കള്ളപ്പണത്തേക്കാൾ മാരകമായ ദുരന്തം സൃഷ്ടിക്കും. കറൻസി നിരോധനത്തിനുശേഷവും കള്ളപ്പണം രാജ്യത്ത് നിർഭയം വിലസും. വരാനിരിക്കുന്ന നാളുകളിൽ അതിന്റെ വിഷപ്പല്ലുകൾ രാജ്യത്തിന്റെ സാമ്പത്തിക ഘടനയിൽ കൂടുതൽ ആഴ്ന്നിറങ്ങും. മാധ്യമങ്ങളുടെ നിർലജ്ജമായ പെരുമ്പറ കൊട്ടലും മോദിസ്തുതിയും കെട്ടടങ്ങിക്കഴിയുമ്പോൾ കള്ളപ്പണത്തിന്റെ ദുരന്തങ്ങൾ ഏറ്റുവാങ്ങി തകരുന്ന ഇൻഡ്യയിലെ ദരിദ്രസമൂഹത്തിന്റെ ചിത്രം കൂടുതൽ വ്യക്തമായി തെളിഞ്ഞുവരും.

**കാപട്യങ്ങൾ പ്രചരിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കാൻ ശ്രമം**

ആറ് മാസം മുമ്പ് തന്നെ പുതിയ നോട്ടുകൾ അച്ചടിക്കാൻ ആരംഭിച്ചിരുന്നുവെന്ന് പ്രധാനമന്ത്രി പറയുന്നു. അത് സത്യമാണെങ്കിൽ, കഴിഞ്ഞ സെപ്തംബർ 4-ന് മാത്രം റിസർവ് ബാങ്ക് ഗവർണറായി സ്ഥാനമേറ്റെടുത്ത ഊർജ്ജിത് പട്ടേലിന്റെ കൈയൊപ്പ് നോട്ടിൽ എങ്ങനെ വന്നു? ഇൻഡ്യയിൽ കറൻസി നോട്ട് അച്ചടിക്കുന്ന നാല് പ്രസ്സുകളിലും ഒരേ സമയം പ്രിന്റിംഗ് നടത്തിയാൽ, ഇപ്പോൾ പിൻവലിച്ച നോട്ടിന് പകരം നോട്ട് അച്ചടിക്കാൻ ഏതാണ്ട് 5 മാസം വേണമെന്നാണ് കണക്കാക്കപ്പെടുന്നത്. അപ്പോൾ, 2016 ഡിസംബർ 31-ഓടുകൂടി ഇപ്പോൾ അസാധുവാക്കപ്പെട്ട നോട്ടുകൾക്ക് പകരം നോട്ടുകൾ നൽകാൻ കഴിയുമെന്ന് സർക്കാർ എന്തടിസ്ഥാനത്തിലാണ് പറയുന്നത്. സത്യം മറച്ചുവയ്ക്കപ്പെടുന്നുണ്ടെന്ന് വ്യക്തം. അതുകൊണ്ടാണ് പൂർവ്വാപരവിരുദ്ധങ്ങളായ പ്രസ്താവനകൾ. എല്ലാം പരമരഹസ്യമായിരുന്നുവെന്നും ഗവണ്മെന്റ് അവകാശപ്പെടുന്നു. അങ്ങനെയെങ്കിൽ, നോട്ട് അസാധുവാക്കൽ വരാൻ പോകുന്നു എന്ന വാർത്ത *ദൈനിക് ജാഗരൺ* എന്ന പ്രമുഖ ഹിന്ദി ദിനപത്രം 2016 ഒക്ടോബർ 27-ന് തന്നെ പുറത്തുവിട്ടതെങ്ങനെ? കോട്ടയിൽ നിന്നുള്ള ബിജെപി എംഎൽഎ ഭവാനി സിംഗ് ആരോപിക്കുന്നു: "മുകേഷ് അംബാനിയെയും ഗൗതം അദാനിയെയും പോലുള്ള വൻ കുത്തകകൾക്ക് 500, 1000 രൂപാ നോട്ടുകൾ അസാധുവാക്കാൻ പോകുന്നുവെന്ന വിവരം നേരത്തെ കിട്ടിയിരുന്നു. അവർ അതനുസരിച്ച് മുൻകൂട്ടി അവരുടെ പണം മാറ്റിയെടുത്തു." (ഫിനാൻഷ്യൽ എക്സ്പ്രസ്സ്, 17.11.2016). രാജ്യത്ത് താമസി

*ശേഷം 5-ാം പേജിൽ)*




**നോട്ട് നിരോധനം: അഖിലേന്ത്യാ പ്രതിഷേധദിനാചരണത്തിന്റെ ഭാഗമായി മധ്യപ്രദേശിലും (മുകളിൽ) ഗുജറാത്തിലും (താഴെ) നടന്ന പ്രതിഷേധപരിപാടികൾ**



# മുതലാളിത്ത വ്യവസ്ഥയുടെ വേരറുത്താലേ കള്ളപ്പണം തടയാനാകൂ

*(4-ാം പേജിൽ നിന്ന്)*

ക്കുന്ന വ്യക്തികൾക്ക് പുറം രാജ്യങ്ങളിലേയ്ക്ക് പ്രതിവർഷം അയയ്ക്കാവുന്ന തുകയുടെ ഉയർന്നപരിധി 75,000 ഡോളർ ആയിരുന്നത് ബിജെപി ഗവണ്മെന്റ് 2015 മേയ് 26-ന് 250,000 ഡോളറായി ഉയർത്തിയതിനെത്തുടർന്നുള്ള 11 മാസക്കാലം കൊണ്ട് രാജ്യത്ത് നിന്ന് 30,000 കോടി രൂപയുടെ (4.6 ബില്യൺ ഡോളർ) ഭീമമായ തുക വിദേശത്തേയ്ക്ക് കടത്തപ്പെട്ടതായും റിപ്പോർട്ട് ചെയ്യപ്പെടുന്നു.(ഇൻഡ്യാലെൻസ്.കോം, 11.11.16). ഇങ്ങനെ വിദേശത്തേയ്ക്ക് ഒഴുകിയതിന്റെ ഗണ്യമായ ഒരു പങ്ക് കള്ളപ്പണമാകാൻ സാദ്ധ്യതയുണ്ട്. ഗുജറാത്തിലെ മുൻ ബിജെപി എംഎൽഎ യതിൻ ഓജ പ്രധാനമന്ത്രിക്കുള്ള തുറന്ന കത്തിൽ ഇങ്ങനെ എഴുതുന്നു: "*നോട്ട് അസാധുവാക്കുന്നുവെന്ന വിവരം ഈ രാജ്യത്തെ കള്ളപ്പണത്തിന്റെ അമ്പത് ശതമാനവും നിയന്ത്രിക്കുന്ന, താങ്കളുടെ ഉറ്റമിത്രങ്ങളായ വ്യവസായികളെ വളരെ നേരത്തെ തന്നെ അറിയിച്ചിട്ടുണ്ടാവുമെന്നതിൽ സംശയമില്ല*...ബിജെപിയോട് പ്രതിബദ്ധത പുലർത്തുന്ന വ്യക്തികൾ നിയന്ത്രിക്കുന്ന എല്ലാ ജില്ലാ സഹകരണബാങ്കുകളും ... 8.11.2016 രാത്രി 9 മണി മുതൽ 9.11.2016 രാവിലെ 5 മണിവരെ 500, 1000 രൂപയുടെ കറൻസി നോട്ടുകൾ കൈമാറി ചെറിയ തുകയ്ക്കുള്ള നോട്ടുകളാക്കി മാറ്റുന്നുണ്ടായിരുന്നു... *ശ്രീ.അമിത് ഷായുടെ ഉറ്റ സഹചാരികളെല്ലാവരും നവംബർ 8 മുതൽ ഇന്നുവരെയും നോട്ട് കൈമാറ്റ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് വ്യക്തമായും സംശയാതീതമായും തെളിയിക്കുന്ന ഒരു വീഡിയോ റെക്കോർഡിംഗ് എന്റെ പക്കലുണ്ട്. കള്ളപ്പണം 37 ശതമാനം ഡിസ്കൗണ്ടോടുകൂടി വെള്ളപ്പണമാക്കി മാറ്റുന്നതിന് വേണ്ടിയുള്ളവരുടെ വലിയ ക്യൂ അവരുടെ വീടിനും ഓഫീസിനും പുറത്തുണ്ട്, ആളുകൾ അവരുടെ വീടിനും ഓഫീസിനും പുറത്ത് ക്യൂ നിൽക്കുകയാണ്.*" (ദി ക്വിന്റ്.കോം, 21.11.16) കഴിഞ്ഞ സെപ്തംബർ 2 മുതൽ പുറകിലേയ്ക്കുള്ള രണ്ടാഴ്ചയ്ക്കുള്ളിൽ ബാങ്ക് നിക്ഷേപങ്ങൾ ഏതാണ്ട് 10 മടങ്ങ് വർദ്ധിച്ചതായി 19.9.2016-ലെ *എക്കണോമിക് ടൈംസ്* റിപ്പോർട്ട് ചെയ്യുന്നു. അത് കള്ളപ്പണം വെളുപ്പിക്കപ്പെട്ടതിന്റെ ഫലമായി സംഭവിച്ചതാണെന്നും, ബന്ധപ്പെട്ടയാളുകൾക്ക് നോട്ട് അസാധുവാക്കൽ നടപടി വരാൻ പോകുന്നുവെന്ന് മുൻകൂർ അറിവ് കിട്ടിയെന്നും കരുതിയാൽ തെറ്റുപറയാനാവില്ല. ഏറെ പ്രചാരം നൽകപ്പെട്ട ജൻധൻ യോജന പ്രകാരമുള്ള സീറോബാലൻസ് അക്കൗണ്ടുകളിൽ നവംബർ 8-നെത്തുടർന്ന് ഒറ്റ ദിവസം കൊണ്ട് 21,000 കോടി രൂപയുടെ ഭീമമായ തുക നിക്ഷേപിക്കപ്പെടുകയുണ്ടായി. കള്ളപ്പണം പൂഴ്ത്തിവച്ചിരിക്കുന്നവർ കാര്യവിവരമില്ലാത്ത പാവങ്ങളെ ചൂഷണം ചെയ്ത് - ഒരു പക്ഷെ, അവർക്കൊരു ചെറിയ തുക കമ്മിഷൻ കൊടുത്തുകൊണ്ട് തന്നെ - കള്ളപ്പണം വെളുപ്പിച്ചെടുത്തതെങ്ങനെ എന്നാണ് അത് കാണിക്കുന്നത്. സൂററ്റ് ആസ്ഥാനമായുള്ള ലാൽജി ഭായ് പട്ടേൽ എന്ന ഒരു വജ്രബിസിനസ്സുകാരൻ തന്റെ വീട്ടിൽ ഒളിപ്പിച്ചുവച്ചിരുന്ന 60,000 കോടി രൂപയുടെ കള്ളപ്പണം സ്വമേധയാ സറണ്ടർ ചെയ്തിരിക്കുന്നുവെന്നും, രൂപ അസാധുവാക്കൽ നടപടിയുടെ വിജയത്തിന് ഉദാഹരണമാണിതെന്നുമുള്ള ഒരു കഥ ഫേസ്ബുക്കിലും ടിറ്ററിലുമെല്ലാം വലിയ പ്രചാരം നേടുകയുണ്ടായി. പക്ഷെ, ലാൽജിഭായ് കഥ വ്യാജമായ ഒന്നാണെന്ന് പിന്നീട് പുറത്തുവന്നു. എങ്കിലും, ഗവണ്മെന്റിന്റെ നടപടിക്ക് അനുകൂലമായ തെളിവെന്ന നിലയിൽ ഇപ്പോഴും ഈ കഥ പ്രചരിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് രസകരമായ കാര്യം. ചാക്കുകണക്കിന് നോട്ടുകൾ പാടത്തിട്ട് കത്തിക്കുന്നുവെന്നും മറ്റുമുള്ള കിംവദന്തികൾ പോലും പ്രചരിപ്പിക്കപ്പെട്ടു. കള്ളപ്പണം കൈയിലുള്ളവർക്ക് നൂറായിരം പഴുതുകളുള്ളപ്പോൾ അത് കത്തിച്ചുകളയാൻ മാത്രം വിഡ്ഢികളായി ആരാണുള്ളത്?

രാജ്യത്തെ ജനങ്ങൾക്ക് എന്തൊക്കെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിലും അവരിൽ 92 ശതമാനം പേരും അസാധുവാക്കൽ നടപടിയെ അനുകൂലിക്കുന്നുവെന്ന് പ്രധാനമന്ത്രി പല പൊതുവേദികളിലും പ്രഖ്യാപിക്കുകയുണ്ടായി. നമോആപ് എന്ന് വിളിക്കപ്പെടുന്ന പ്രത്യേക മൊബൈൽ ആപ്ലിക്കേഷനെ അടിസ്ഥാനപ്പെടുത്തി നടത്തിയ ഒരു സർവേയിൽ നിന്നാണ് അദ്ദേഹം ഈ കണക്കവതരിപ്പിക്കുന്നത്. ആകെ 10 ലക്ഷം ഫോണുകളിലാണ് ഈ ആപ് ഡൗൺലോഡ് ചെയ്തിട്ടുള്ളത്. 5 ലക്ഷം പേർ അനുകൂലപ്രതികരണമറിയിച്ചു. രാജ്യത്തെ മൊത്തം ജനസംഖ്യ 121 കോടി. 5 ലക്ഷം എങ്ങനെയാണതിന്റെ 92 ശതമാനമാകുന്നത്? വേദഗണിതമായിരിക്കും!

ഴുക്കുകയാണ്. അങ്ങിനെയുള്ള ഒരു സർക്കാർ, കള്ളപ്പണത്തെ തടഞ്ഞ് ജനങ്ങളെ രക്ഷിച്ചുകളുയം എന്നു വിചാരിക്കാൻ ഒരു വഴിയുമില്ല. പിന്നെ എന്താണ് നോട്ട് അസാധുവാക്കൽ നടപടിയുടെ പിന്നിലുള്ള ലക്ഷ്യം?

ഈ അസാധുവാക്കൽ നടപടിയുടെ ഫലങ്ങളെന്തെന്ന് വിലയിരുത്തിയാൽ ഇതിന്റെ ലക്ഷ്യമെന്തെന്ന് മനസ്സിലാക്കാൻ കഴിയും. കറൻസി റദ്ദാക്കപ്പെട്ടതിനുശേഷമുള്ള 11 ദിവസംകൊണ്ട് രാജ്യത്തെ ബാങ്കുകളിലേക്ക് 7 ലക്ഷംകോടി രൂപ നിക്ഷേപമായി ഒഴുകിയെത്തി. ഈ ലേഖനത്തിന്റെ തുടക്കത്തിൽ, ജനങ്ങളുടെ സമ്പാദ്യം എവ്വിധവും ബാങ്കിലെത്തിക്കാനുള്ള ഒരു നിർബന്ധബുദ്ധി ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ നടപടികളിലും കാണാമെന്നു വ്യക്തമാക്കുകയുണ്ടായല്ലോ. ഈ സർക്കാർ ഭരണം തുടങ്ങിയതു തന്നെ ജനങ്ങളെ മുഴുവൻ ബാങ്ക് അക്കൗണ്ട് ഉള്ളവരാക്കി മാറ്റാൻ വേണ്ടി ജൻധൻ യോജന പദ്ധതി കൊണ്ടുവന്നുകൊണ്ടാണ്. അതിനുശേഷമാണ് ഇൻഡ്യയിലെ പ്രമുഖ ബാങ്കുകൾ ലയിപ്പിക്കാനുള്ള തീരുമാനം നടപ്പാക്കിയത്. ഇതിനിടയിൽ ആധാറിനെ എല്ലാ ഇടപാടുകൾക്കും നിർബന്ധമാക്കി. ഒപ്പം പലിശനിരക്ക് നിശ്ചയിക്കാനുള്ള അധികാരം

**ആദായനികുതിവകുപ്പിന്റെ അഭിപ്രായത്തിൽ ഈ കള്ളപ്പണത്തിന്റെ 94 ശതമാനവും വിദേശത്താണ് സൂക്ഷിച്ചിരിക്കുന്നത്. മൂന്ന് നാല് ശതമാനം സ്വർണ്ണം, രത്നം, റിയൽ എസ്റ്റേറ്റ് എന്നിവയിൽ. ഏറിയാൽ 3 ശതമാനം അഥവാ 75,000 കോടി രൂപയാണ് പണമായി സൂക്ഷിക്കപ്പെടുന്നത്. ഈ രംഗത്തെ താരതമ്യേന ചെറുകിട കളിക്കാരാണ് ഈ തുക കൈകാര്യം ചെയ്യുന്നത്. വൻതോക്കുകളൊന്നും അതിൽപ്പെടില്ല. കറൻസിയുടെ രൂപത്തിലുള്ള ഈ കള്ളപ്പണം പൂർണ്ണമായും വെളിച്ചത്തുകൊണ്ടുവരാൻ, ഈ നോട്ട് അസാധുവാക്കൽ നടപടിയിലൂടെ സാധിക്കുന്നുവെന്ന് വാദത്തിന് വേണ്ടി സങ്കല്പിക്കുക. പക്ഷെ, കള്ളപ്പണത്തെ ഇല്ലാതാക്കാൻ അതിലൂടെ സാധിക്കുകയില്ലെന്ന് പകൽപോലെ വ്യക്തമല്ലേ?**

### കറൻസി നിരോധനത്തിന്റെ ലക്ഷ്യമെന്ത്?

കറൻസി നിരോധനത്തിലൂടെ കള്ളപ്പണം തടയാനും വ്യാജനോട്ട് ഇല്ലാതാക്കാനും കഴിയില്ലെങ്കിൽപ്പിന്നെ, സർക്കാർ ഇത്ര തിരക്കുപിടിച്ച്, ഒരു തയ്യാറെപ്പും നടത്താതെ, വൻ പ്രതിസന്ധിയെ വിളിച്ചുവരുത്തുമെന്ന് അറിയാമായിരുന്നിട്ടും, ഇതിന് മുതിർന്നതെന്തുകൊണ്ട്? അതിന് സർക്കാരിനെ അത്രമേൽ നിർബന്ധിച്ച സാഹചര്യമെന്ത്? ജനങ്ങളുടെ ന്യായമായ താൽപ്പര്യങ്ങളെ സംരക്ഷിക്കുക എന്നത് സർക്കാരിന്റെ നയമേയല്ല എന്ന് നമുക്ക് അനുഭവങ്ങളിലൂടെ അറിയാം. കേരളത്തിലെ ജനങ്ങളുടെ റേഷൻ ഏതാണ്ട് പൂർണ്ണമായി ഇല്ലാതാക്കിയത് കേന്ദ്രസർക്കാരാണ്. സേവന നികുതി, വിദ്യാഭ്യാസ സെസ്സ് എന്നിവ വർദ്ധിപ്പിച്ചും സ്വച്ഛ് ഭാരത് സെസ്സ്, കൃഷി കല്യാൺ സെസ്സ് തുടങ്ങിയ നികുതികൾക്ക് തുടക്കം കുറിച്ചും ജനങ്ങളെ ദ്രോഹിക്കുന്നത് മോദി സർക്കാരാണ്. പെട്രോളിന്റെ വിലയും റെയിൽവേ ചാർജ്ജും കൂട്ടിക്കൊണ്ടേയിരിക്കുകയാണ് ഈ സർക്കാർ. മറുവശത്ത് കോർപ്പറേറ്റുകൾക്കുള്ള സഹായങ്ങൾ അണമുറിയാതെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തെ പൊതുമേഖലാ ബാങ്കുകളെ കബളിപ്പിച്ച് വിദേശത്തേക്ക് കടക്കാൻ വിജയ് മല്യക്ക് സഹായമൊരുക്കിയത് മോദി സർക്കാരാണ്. വൻകിട വ്യവസായികളുടെ വായ്പ എഴുതിത്തള്ളുന്ന നടപടി അനവരതം മുന്നേറുകയാണ്. മോദിയുടെ അനുഗ്രഹാശിസ്സുകളോടെ അംബാനിയും അദാനിയും തടിച്ചുകൊ

റിസർവ് ബാങ്കിൽ നിന്നും നീക്കംചെയ്ത് സർക്കാരിൽ നിക്ഷിപ്തമാക്കി. ഈ നടപടികളെല്ലാം ഒരു നിശ്ചിതമായ ലക്ഷ്യത്തെ മുൻനിർത്തിയാണ് കൈക്കൊണ്ടത്. ബാങ്കിംഗ് മൂലധനത്തെ ഇന്നുള്ളതിനേക്കാൾ കൂടുതൽ കാര്യക്ഷമമായ നിലയിൽ കോർപ്പറേറ്റുകളുടെ ദാസ്യത്തിലേക്ക് കൊണ്ടുവരികയെന്നതാണത്.

രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ അതിഭീമമായി ഉയർന്ന കിട്ടാക്കടം മൂലം തകർച്ചയുടെ വക്കിലാണ്. എസ്ബിഐയുടെ ലാഭത്തിന്റെ ഇടിവ് 2015ൽ 62 ശതമാനമാണ്. പഞ്ചാബ് നാഷനൽ ബാങ്ക്, ദേനാ ബാങ്ക്, അലഹാബാദ് ബാങ്ക്, സെൻട്രൽ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ഐഡിബിഐ, ഐഒബി തുടങ്ങി നിരവധി ബാങ്കുകൾ 2015ൽ കനത്ത നഷ്ടം നേരിട്ടു. ബാങ്ക് ഓഫ് ബറോഡയുടെ 2015ലെ മാത്രം നഷ്ടം 3342 കോടി രൂപയാണ്. ഈ തകർച്ചയ്ക്കുള്ള കാരണങ്ങളിൽ പ്രധാനം, കിട്ടാക്കടത്തിന്റെ ഭാരമാണ്. 62 വൻകിട കമ്പനികളിൽനിന്നും രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾക്ക് കിട്ടാനുള്ള ഭീമമായ വായ്പാത്തുകയിൽ 8 ലക്ഷം കോടി രൂപ നിഷ്ക്രിയ ആസ്തിയായി ഗണിക്കപ്പെട്ടിരിക്കുന്നു. 2009നും 2015നുമിടയിൽ രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ എഴുതിത്തള്ളിയത് 1.14 ലക്ഷം കോടി രൂപയാണ്. (ഇപ്പോൾ ഈ നോട്ട് റദ്ദാക്കൽ പ്രതിസന്ധിക്കിടയിലും വിജയ് മല്യയുടെ ഉൾപ്പടെയുള്ളവരുടെ 7000 കോടി രൂപ എസ്ബിഐ എഴുതിത്തള്ളിയതിന്റെ ഞെട്ടിപ്പിക്കുന്ന വാർത്ത പുറത്തുവരികയുണ്ടായി) ഈ എഴുതിത്തള്ളൽ പരിഗണിച്ച് 2014 -2015 കാലയളവിൽ കേന്ദ്ര ഗവൺമെന്റ് 70,000 കോടി രൂപ പൊതുമേഖലാ ബാങ്കുകൾക്ക് സഹായം നൽകി. എന്നിട്ടും പ്രതിസന്ധിയിൽ നിന്നും കര കയറാൻ ബാങ്കുകൾക്ക് കഴിഞ്ഞില്ല. അത്രമേൽ ആഘാതമാണ് വൻകിട മുതലാളിമാർ ബാങ്കുകൾക്ക് ഏൽപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി കഴിഞ്ഞ ഒന്നര മാസം മുമ്പ് രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ ഉടനടി ഒന്നേകാൽ ലക്ഷം കോടി രൂപയുടെ നിക്ഷേപ സമാഹരണം നടത്തണമെന്ന് നിർദ്ദേശിച്ചത്. പക്ഷേ അതും ഫലം ചെയ്തില്ല. അങ്ങിനെ ഒടുവിൽ കോർപ്പറേറ്റുകൾ സൃഷ്ടിച്ച പ്രതിസന്ധിയുടെയും ദുരന്തത്തിന്റെയും ഭാരം സാധാരണജനങ്ങളുടെ ശിരസ്സിലേക്ക് ഇറക്കി വയ്ക്കാൻ സർക്കാർ തീരുമാനിച്ചു. അതാണ് മോദി സർക്കാരിന്റെ നോട്ട് അസാധുവാക്കൽ തീരുമാനം. ജനങ്ങളുടെ സമ്പാദ്യം ബലംപ്രയോഗിച്ച് ബാങ്കുകളിൽ നിക്ഷേപമാക്കി മാറ്റുക എന്നതാണ് നോട്ട് റദ്ദാക്കൽ തീരുമാനത്തിന്റെ പ്രത്യക്ഷത്തിലുള്ള ലക്ഷ്യം. നിക്ഷേപിക്കുന്നതിനു നിയന്ത്രണമില്ലാതാക്കുകയും പിൻവലിക്കുന്നതിനു കർശനമായി നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്തത് ജനങ്ങളുടെ സമ്പാദ്യം പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ്. പഴയ കറൻസിക്കു പകരം പുതിയവ നൽകുന്നതിന് നിയന്ത്രണമേർപ്പെടുത്തിയതും ഇതേ ലക്ഷ്യത്തോടെയാണ്. കറൻസിക്ക് ക്ഷാമം നിലനിർത്തിയതിന്റെ ലക്ഷ്യവും ഇതുതന്നെയാണ്. നിക്ഷേപിക്കുന്ന തുകയ്ക്ക് പകരമായി പൂർണ്ണമായും പുതിയ കറൻസി നൽകിയാൽ ബാങ്കിൽ നിക്ഷേപം നിലനിൽക്കാത്ത സാഹചര്യം വരും. അതിനാൽ പുതിയ കറൻസി അച്ചടിക്കേണ്ടതില്ലെന്ന് ബോധപൂർവ്വം തീരുമാനിച്ചു. അച്ചടിച്ചതാകട്ടെ 2000 രൂപയുടെ ഉയർന്ന മൂല്യമുള്ള നോട്ടും. വ്യാജനോട്ട് തടയാൻ ഉയർന്ന മൂല്യമുള്ള നോട്ടുകൾ നിരോധിച്ചവർ അതിലും ഉയർന്ന മൂല്യമുള്ള നോട്ട് അച്ചടിച്ച് വ്യാജനോട്ടുകാർക്ക് സൗകര്യം ചെയ്തുകൊടുത്തു! യഥേഷ്ടം പിൻവലിക്കാവുന്ന സ്വന്തം സമ്പാദ്യം പിൻവലിക്കുന്നത് ഒരു നിയമത്തിന്റെയും പിൻബലമില്ലാതെ തടഞ്ഞു. അങ്ങിനെ ഏറ്റവും കുറഞ്ഞത് 2 മാസത്തേക്ക് (മോദിയുടെ 50 ദിവസം) ജനങ്ങളുടെ സമ്പാദ്യമായ 7 ലക്ഷം കോടി രൂപ (ഈ തുക ഇനിയും വർദ്ധിക്കും) ബാങ്കിൽ കിടക്കാൻ നിർബന്ധിത സാഹചര്യം സൃഷ്ടിച്ചു.

പണലഭ്യത ചൂണ്ടിക്കാട്ടി ഗവണ്മെന്റ് റിസർവ്ബാങ്ക് വഴി പലിശനിരക്ക് ഗണ്യമായി വെട്ടിക്കുറയ്ക്കും. അദ്ധ്വാനിച്ചുണ്ടാക്കിയ പണം ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പെൻഷൻപറ്റിയ ആൾക്കാരും മുതിർന്ന പൗരന്മാരും അതുമൂലം വലിയ ബുദ്ധിമുട്ടുകൾ നേരിടും. പലിശനിരക്ക് കുറഞ്ഞുവരികയും വിലകൾ കുത്തനെ കൂടിവരികയും ചെയ്യുന്ന അവസ്ഥ അവരെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാത്ത ഗതികേടിലാക്കും. പക്ഷെ, ഗവണ്മെന്റിന് അതൊരു പ്രശ്നമേയല്ല. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം, അദ്ധ്വാനിക്കുന്ന ജനകോടികളുടെ താല്പര്യത്തെക്കാൾ മുഖ്യം വമ്പൻ കുത്തകകളുടെയും വ്യവസായ സാമ്രാജ്യാധിപന്മാരുടെയും താല്പര്യങ്ങളാണ്. അക്കൂട്ടരിൽ മിക്കവരും

*ശേഷം 6-ാം പേജിൽ)*







**നോട്ട് നിരോധനം: അഖിലേന്ത്യാ പ്രതിഷേധദിനാചരണത്തിന്റെ ഭാഗമായി ജാർഖണ്ഡിലും(ഇടത്) ഒറീസയിലും(വലത്) സംഘടിപ്പിച്ച പ്രതിഷേധം**

# മുതലാളിത്തവിരുദ്ധമായ രാഷ്ട്രീയത്തിനുമാത്രമേ അഴിമതി തടയാൻ കഴിയൂ

(5-ാം പേജിൽ നിന്ന്)

കള്ളപ്പണക്കാരും കള്ളപ്പണ ഇടപാടുകാരും കൂടിയാണെന്നതാണ് യാഥാർത്ഥ്യം.

കറൻസിക്ക് ക്ഷാമം സൃഷ്ടിച്ചതിന് മറ്റൊരു ലക്ഷ്യം കൂടി ഉണ്ടായിരുന്നു. അസാധുവാക്കൽ തീരുമാനത്തോടൊപ്പം ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകൾക്ക് ഒരു വിധ നിയന്ത്രണവും ഉണ്ടായിരിക്കില്ല എന്നും തീരുമാനിച്ചിരുന്നത് നാം ഓർക്കുമല്ലോ. ഇനിയുള്ളത് കറൻസിരഹിത ഇടപാടുകളുടെ നാളുകൾ ആയിരിക്കുമെന്നും പ്രഖ്യാപിച്ചു. വൻതോതിൽ ജനങ്ങളെ ഇലക്ട്രോണിക് ബാങ്കിംഗിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യവും നോട്ട് നിരോധനത്തിന്റെ പിറകിൽ ഉണ്ടെന്ന് ഈ തീരുമാനങ്ങൾ വ്യക്തമാക്കുന്നു. ചെറിയ നോട്ടുകൾ കിട്ടാനില്ലാതെ വന്നപ്പോൾ ജനങ്ങളിൽ ഒരു വിഭാഗം ഇ-ബാങ്കിംഗിലേക്ക് മാറാൻ നിർബന്ധിതരായി. 11 ശതമാനമായിരുന്ന ഇ-ബാങ്കിംഗ് അസാധുവാക്കൽ തീരുമാനം വന്നതിനു ശേഷം 26 ശതമാനമായി വർദ്ധിച്ചു. കേരളത്തിൽ സ്വൈപ്പിംഗ് 400 ശതമാനമാണ് വർദ്ധിച്ചത്. ലക്ഷക്കണക്കിന് ഗ്രാമങ്ങളിലെ സാധാരണ ജനങ്ങൾ ഒരു സാമ്പത്തിക ഇടപാടിനും വഴികളില്ലാതെ അനിശ്ചിതത്വത്തിലമർന്നപ്പോൾ , പ്ലാസ്റ്റിക് കറൻസിയുടെ ഘോഷണങ്ങൾ ഒഴുകി. കറൻസി രഹിത സമൂഹം സൃഷ്ടിക്കാനിറങ്ങിയവർ ഗ്രാമങ്ങളിലെ കോടിക്കണക്കിന് ജനങ്ങളെ നയാപൈസ കൈവശമില്ലാത്തവരാക്കി മാറ്റി. വൻകിട വ്യാപാരശൃംഖലയുടെ മുന്നേറ്റത്തിന് അനുകൂലമായവയാണ് ഇ-കൊമേഴ്സും സ്വൈപ്പിംഗും ഓൺലൈൻ ബാങ്കിംഗും. എന്നാൽ അവ ചെറുകിട വ്യാപാരത്തിന് അന്യമായ കാര്യങ്ങളുമാണ്. ചില്ലറ വിൽപ്പന മേഖലയിലെ വൻ വ്യാപാര ശൃംഖലകൾ ശക്തിപ്പെടുമ്പോൾ ചെറുകിട ഉൽപ്പാദനവും വ്യാപാരവും തളരുമെന്നതിൽ സംശയമില്ല. അങ്ങിനെ ചെറുമീനുകളെ ഭക്ഷിച്ച് വലിയ മീനുകൾ വളരുന്ന മുതലാളിത്തത്തിന്റെ നിയമപ്രകാരം ചില്ലറവ്യാപാരമേഖലയിൽ കുത്തകകൾ പിടിമുറുക്കും. ചില്ലറവ്യാപാര മേഖലയിൽ നൂറ് ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിച്ച മോദി സർക്കാർനയം അതിന് ഇതിനകം കളമൊരുക്കിയിട്ടുമുണ്ട്. 2017 ഏപ്രിൽ മുതൽ, കുത്തകകൾക്ക് അനുകൂലവും ചെറുകിട വ്യാപാരികൾക്കും ഉൽപ്പാദകർക്കും ഹാനികരവുമായ ജിഎസ്ടി (Goods and Service Tax) അടിച്ചേൽപ്പിക്കാൻ മോദി സർക്കാർ തീരുമാനിച്ചിരിക്കുകയാണല്ലൊ. അതിനുമുന്നോടിയായി ചെറുകിട മേഖലയെ കുത്തകകൾക്കുവേണ്ടി അടിച്ചുനിരപ്പാക്കാനുള്ള ഒരു ഒറ്റമൂലി കൂടിയാണ് ഇപ്പോഴത്തെ നോട്ട് അസാധുവാക്കലും ജനങ്ങളെ കൊള്ളയടിക്കുന്ന സാമ്പത്തിക നടപടിയും. നോട്ട് അസാധുവാക്കൽ എത്രത്തോളം ജനദ്രോഹപരമാണെന്നതിന്റെ ഒരുദാഹരണമാണിത്.

ചെറുകിടവ്യാപാര രംഗമെന്ന പോലെ റിയൽ എസ്റ്റേറ്റ് രംഗവും വൻ കുത്തകകളുടെ വരുതിയിലാക്കുകയെന്നതായിരിക്കും നോട്ട് അസാധുവാക്കലിന്റെ മറ്റൊരു ഭവിഷ്യത്ത്. ഇൻഡ്യയിലെ ഇടത്തരം റിയൽ എസ്റ്റേറ്റ് ശക്തികൾ വ്യാപാരം അത്രയും നടത്തുന്നത് റൊക്കം കറൻസിയിലാണ്. പ്രമാണത്തിലെ വിലയേക്കാൾ വലിയ വിലയ്ക്കാണ് ഇടപാട് നടക്കുന്നത് എന്നതിനാൽ ആ തുകയത്രയും കറൻസിയിലുള്ള കള്ളപ്പണമായാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. പഴയ നോട്ട് അസാധുവായതിലൂടെ ലിക്വിഡിറ്റി നഷ്ടപ്പെട്ട ഇടത്തരം റിയൽ എസ്റ്റേറ്റുകാർ അവരുടെ കൈവശമുള്ള ഭൂമി വിൽക്കാൻ നിർബന്ധിതരാകുകയും പ്രസ്തുത വിപണിയിലേക്ക് വമ്പൻ നിക്ഷേപകർക്ക് കടന്നു വരാൻ വഴിയൊരുങ്ങുകയും ചെയ്യും. രാജ്യത്തിന്റെ നഗര - ഗ്രാമ ഭൂമികൾ കൈവശപ്പെടുത്തിക്കഴിഞ്ഞാൽ ഭൂമിയുടെ വില ഈ ശക്തികൾ തീരുമാനിക്കുന്നതായി മാറും. അതിന്റെ പ്രത്യാഘാതം ഗുരുതരമായിരിക്കും.

**ചെറുകിട ഉൽപ്പാദനത്തെയും വാണിജ്യത്തെയും തളർത്തി, മൂലധന കേന്ദ്രീകരണത്തിനായി ശ്രമിക്കുന്നു. അതിലൂടെ ഫാസിസവൽക്കരണത്തിന് വേഗതയേറ്റുന്നു.**

നോട്ട് അസാധുവാക്കൽ നടപടി പ്രത്യക്ഷത്തിൽ ചെറുകിട ഉൽപ്പാദനത്തെയും വ്യാപാരത്തെയും വളരെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. കറൻസി രൂപത്തിലുള്ള പണം ഉപയോഗപ്പെടുത്തി ദൈനംദിന സാമ്പത്തിക ഇടപാടുകൾ നടത്തി നിലനിൽക്കുന്നവരാണ് രാജ്യത്തെ ഒട്ടു മിക്ക ചെറുകിട ഉൽപ്പാദകരും. നോട്ട് അസാധുവാക്കിയതിനെത്തുടർന്ന് സാധാരണ ജനങ്ങളുടെ ക്രയശേഷിയിൽ പൊടുന്നനെ ഇടിവുണ്ടായതുമൂലം ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ വന്നിരിക്കുന്നു. തന്മൂലം ചെറുകിട ഉൽപ്പാദനവും ചെറുകിട വ്യാപാരവും പ്രതിസന്ധിയിലായിരിക്കുന്നു. ചെറുകിട ഉൽപ്പാദനത്തെ തകർക്കുന്നതിലൂടെ സംഭവിക്കുന്ന വൻതോതിലുള്ള മൂലധനകേന്ദ്രീകരണം ഫാസിസത്തിന് ഉറച്ച സാമ്പത്തികാടിത്തറ സൃഷ്ടിക്കും. മരണാസന്നമായ മുതലാളിത്ത വ്യവസ്ഥിതിയെ സംരക്ഷിക്കാനായി രാജ്യത്തെ സമ്പൂർണ്ണഫാസിസത്തിലേയ്ക്ക് നയിക്കാൻ ഭരണവർഗ്ഗമായ മുതലാളിവർഗ്ഗം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ നീക്കത്തിന് വസ്തുനിഷ്ഠമായ വിഘാതം സൃഷ്ടിക്കുന്ന ഒരു ഘടകമാണ് രാജ്യത്തെ സമ്പദ്വ്യവസ്ഥിതിയിൽ ചെറുകിട മൂലധനത്തിന് ഇപ്പോഴുമുള്ള മുൻതൂക്കം. അതിനാൽ, ചെറുകിട മൂലധനത്തെ തകർക്കുന്ന നോട്ട് അസാധുവാക്കൽ നടപടി, ഫലത്തിൽ രാജ്യത്തെ സമ്പൂർണ്ണഫാസിസത്തിലേയ്ക്ക് നയിക്കാനുള്ള ഭരണവർഗ്ഗപദ്ധതിക്ക് അനുരോധമായ ഒരു നീക്കമാണ്.

പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങൾ കേട്ടാൽ രാജ്യത്തെ രക്ഷിക്കാനായി അദ്ദേഹം ഒറ്റയ്ക്ക് കൈക്കൊണ്ട ധീരസാഹസിക പ്രവൃത്തിയാണിതെന്ന് തോന്നും. അതുകൊണ്ടാണല്ലോ അതിൽ പരാജയമുണ്ടായാൽ തന്നെ തൂക്കിക്കൊന്നുകൊള്ളാൻ അദ്ദേഹം പറയുന്നത്. അപകടകരമായ ചില സൂചനകൾ ആ വാക്കുകളിലുണ്ട്. ഒന്നാമത്, നമ്മുടെ ഭരണഘടനയനുസരിച്ച് ഒരു വ്യക്തിയെയും രാജ്യത്തിന്റെ പരമാധികാരിയായി ജനങ്ങൾ നിയോഗിച്ചിട്ടില്ല. മറിച്ച് ജനപ്രതിനിധിസഭയായ പാർലമെന്റിനെയാണ് അധികാരമേല്പിച്ചിട്ടുള്ളത്. പാർലമെന്റിനോട് ഉത്തരവാദിത്തപ്പെട്ട മന്ത്രിസഭയുടെ തലവൻ എന്ന നിലയിൽ പ്രധാനമന്ത്രിയുടെ അധികാരവും ചുമതലയും കൂട്ടായ അധികാരവും ചുമതലയുമാണ്. അതിനാൽ, പാർലമെന്റിന്റെ അംഗീകാരത്തോടെ മന്ത്രിസഭയിൽ കൂടിയാലോചിച്ചെടുക്കുന്ന തീരുമാനങ്ങളനുസരിച്ച് നടക്കുന്ന ഭരണനിർവഹണത്തിന് നേതൃത്വം കൊടുക്കുക എന്നത് മാത്രമാണ് പ്രധാനമന്ത്രിയുടെ അധികാരം. അതിന് പകരം എല്ലാ കാര്യങ്ങളിലും ഞാൻ ഞാൻ എന്ന് മാത്രം പറഞ്ഞ് പ്രഖ്യാപനങ്ങളും വെല്ലുവിളികളും നടത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ചെയ്തികൾ ഏകാധിപത്യപ്രവണതകളാണ് പ്രദർശിപ്പിക്കുന്നത്. നമ്മുടെ രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ അവശേഷിക്കുന്ന ജനാധിപത്യാംശങ്ങളെ കൂടി ദുർബ്ബലപ്പെടുത്തുന്നതും, ആ അർത്ഥത്തിൽ ഫാസിസത്തിന് വഴിയൊരുക്കുന്നതുമായ പ്രവണതയാണിത്.

**മുതലാളിത്ത വ്യവസ്ഥയുടെ വേരറുത്തുകൊണ്ടുമാത്രമേ കള്ളപ്പണം അവസാനിപ്പിക്കാൻ കഴിയൂ.**

പ്രധാനമന്ത്രി നരേന്ദ്രമോദിക്കോ അതല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്കോ എന്തെങ്കിലും ചെപ്പടിവിദ്യയിലൂടെ തുടച്ചുനീക്കാവുന്ന പ്രശ്നമല്ല കള്ളപ്പണത്തിന്റെ പ്രശ്നം. അടിമുടി ജീർണ്ണമായ മുതലാളിത്ത സാമൂഹ്യ-സാമ്പത്തിക ക്രമത്തിന്റെ സൃഷ്ടിയാണ് അഴിമതിയും അതിന്റെ ഭാഗമായ കള്ളപ്പണവും. മുതലാളിത്തം ഒരു സാമൂഹ്യവ്യവസ്ഥിതിയെന്ന നിലയിൽ, കാലഹരണപ്പെട്ടിരിക്കുന്നു. മഹാനായ ലെനിൻ കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചൂണ്ടിക്കാട്ടിയ വസ്തുതയാണത്. സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിലെത്തിയ ഈ മുതലാളിത്തത്തെ അദ്ദേഹം മരണാസന്ന മുതലാളിത്തം എന്നാണ് വിശേഷിപ്പിച്ചത്. മരണാസന്ന മുതലാളിത്ത ജീവിതത്തിന്റെ സർവ്വമേഖലകളിലും പ്രതിസന്ധി സൃഷ്ടിക്കുന്നു-സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ എല്ലാ മണ്ഡലങ്ങളിലും.

മുതലാളിത്ത രാജ്യമായ ഇൻഡ്യയിലും, സാമ്പത്തികമേഖലയിലെ പ്രതിസന്ധിയുടെ മാത്രമല്ല, അഴിമതിയും സ്വജനപക്ഷപാതവുമുൾപ്പെടെ സാമൂഹ്യജീവിതത്തിൽ കാണപ്പെടുന്ന തിന്മകളുടെയും പ്രഭവകേന്ദ്രം മരണാസന്ന മുതലാളിത്തമാണ്. അതിനാൽ, മുതലാളിവർഗ്ഗത്തിന്റെ താല്പര്യത്തിനുവേണ്ടി നിലകൊള്ളുന്ന ഏതൊരു പ്രസ്ഥാനവും ആ ജീർണ്ണമായ മുതലാളിത്ത സംസ്കാരത്തിന്റെ ഇരകളായി മാറുന്നു. മഹനീയമായ കമ്മ്യൂണിസ്റ്റ് ആദർശത്തിന് അധരസേവ ചെയ്യുന്നുവെങ്കിലും യഥാർത്ഥത്തിൽ മുതലാളിത്ത താല്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾക്കും അവയുടെ നേതാക്കൾക്കും ഈ ദുർഗ്ഗതി സംഭവിക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. അപ്പോൾപ്പിന്നെ, വാക്കിലും പ്രവൃത്തിയിലും മുരത്ത പിന്തിരിപ്പന്മാരായ ബിജെപിയെപ്പോലുള്ള പാർട്ടികളുടെയും അവയുടെ നേതാക്കളുടെയും കാര്യം പറയേണ്ടതുണ്ടോ! ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥിതിയുടെ വിശ്വസ്ത കാര്യദർശികളായിരിക്കുന്ന അവർക്ക് അഴിമതിയും അതിന്റെ ഭാഗമായ കള്ളപ്പണവും ഇല്ലാതാക്കാൻ എങ്ങനെ സാധിക്കും? സാധിക്കുകയില്ല. അതുകൊണ്ടാണ്, മേൽ വിശദീകരിച്ചതുപോലെ നരേന്ദ്രമോദിയുടെ ഗവണ്മെന്റും മുൻ ബൂർഷ്വാ ഗവണ്മെന്റുകളെപ്പോലെ അഴിമതിയെയും കള്ളപ്പണത്തെയും സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങളുടെ രാജ്യസ്നേഹത്തെ കൗശലപൂർവ്വം മുതലെടുക്കാനായി നടത്തുന്ന അതിവൈകാരിക പ്രഖ്യാപനങ്ങളിലൂടെയും, ഗീബൽസിയൻ ശൈലിയിലുള്ള പ്രചാരണ കോലാഹലത്തിലൂടെയും ഈ സത്യം മൂടിവയ്ക്കാനാണവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

എല്ലാ ജനദ്രോഹനടപടികൾക്കും ദേശസ്നേഹത്തിന്റെ മുദ്ര ചാർത്തി ജനപിന്തുണ ഉറപ്പാക്കുന്നത് മുതലാളിവർഗ്ഗത്തിന്റെ ദുഷ്ടബുദ്ധിയാണ്. ബിജെപി സർക്കാരാകട്ടെ ഫാസിസ്റ്റ് ശൈലിയിലാണ് ഈ തന്ത്രം ആവിഷ്കരിക്കുന്നത്. ജനജീവിതം താറുമാറാക്കുന്ന സാമ്പത്തികാക്രമണം അഴിച്ചുവിട്ട് കുത്തകകളുടെയും കോർപ്പറേറ്റുകളുടെയും താൽപ്പര്യം സംരക്ഷിക്കുന്ന സർക്കാർ ഈ ഹീനപദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി അതിന്റെ പിറകിൽ ജനങ്ങളെ അഥവാ ഇരകളെത്തന്നെ അണിനിരത്താനായി അവതരിപ്പിക്കുന്ന വഞ്ചനയാണ് ദേശസ്നേഹത്തിന്റെ ഭാഷണം. ഒരു വശത്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും സങ്കുചിത ദേശീയവികാരം വളർത്തിയും മറുവശത്ത് അവരിൽ ഭീതിയും നിസ്സഹായതയും സൃഷ്ടിച്ചും ഭരണകൂടം തന്നെ നടത്തുന്ന ഈ ആക്രമണത്തിന് ഇപ്പോൾ തലകുനിച്ചുകൊടുത്താൽ, നട്ടെല്ല് നിവർത്തി നിന്ന് ഈ അനീതിക്കെതിരെ ശബ്ദമുയർത്താൻ നമുക്ക് കഴിയാതെ പോകുമെന്ന് ഒരു നിമിഷനേരത്തേക്കുപോലും നാം വിസ്മരിക്കരുത്.

കുത്തകകളുടെ താല്പര്യാർത്ഥം സാധാരണ ജനങ്ങളുടെ ജീവിതത്തെ തകർക്കുന്ന ഈ നടപടിയെ ഫലപ്രദമായി പ്രതിരോധിക്കാനായി പ്രബുദ്ധമായ ജനാധിപത്യസമരത്തിന്റെ വേലിയേറ്റം ദേശവ്യാപകമായി വളർത്തിയെടുക്കുക എന്നതാണ് ഇന്നത്തെ അടിയന്തിരാവശ്യകത. സ്വമേധയാ സമരരംഗത്തിറങ്ങാൻ നിർബ്ബന്ധിതരായിക്കൊണ്ടിരിക്കുന്ന ജനങ്ങളുടെ പ്രതിഷേധത്തിന് സംഘടിതരൂപം നൽകേണ്ടതാവശ്യമാണ്. അത്തരമൊരു പ്രസ്ഥാനം വളർത്തിയെടുക്കാൻ മുതലാളിവർഗ്ഗത്തിന്റെ തന്നെ രാഷ്ട്രീയകാര്യദർശികളായ കോൺഗ്രസ്സിനെപ്പോലുള്ള പ്രതിപക്ഷ പാർട്ടികൾ സ്വാഭാവികമായും താല്പര്യപ്പെടുന്നില്ല. മറിച്ച് ജനങ്ങളുടെ പ്രതിഷേധത്തെയും രോഷത്തെയും തെരഞ്ഞെടുപ്പ് നേട്ടമാക്കി മുതലെടുക്കുന്നതിന് വേണ്ടിയുള്ള ചില ചടങ്ങ് സമരങ്ങളാണ് അവർ നടത്തുന്നത്. പാർലമെന്റിനകത്തെ കോലാഹലങ്ങൾ മുഴുവൻ ചായക്കോപ്പയിലെ കൊടുങ്കാറ്റാവുന്നത് അതുകൊണ്ടാണ്. ജനങ്ങളോടൊപ്പം നിലകൊളളുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന സിപിഐ(എം)-ന്റെ നേതൃത്വത്തിലുള്ള വ്യവസ്ഥാപിത ഇടതുപക്ഷവും ഇതേ ശൈലിയിലുള്ള സമരപ്രഹസനങ്ങൾക്കപ്പുറം ജനകീയസമരം വളർത്തിയെടുക്കാൻ മുൻകൈയെടുക്കുന്നില്ല. അദ്ധ്വാനിച്ചുജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളുടെ സ്വന്തം സമരക്കമ്മിറ്റികളിൽ അണിനിരത്തിക്കൊണ്ടുള്ള ജനാധിപത്യസമരം വളർത്തിയെടുക്കുക എന്ന യഥാർത്ഥ ഇടതുപക്ഷ സമരരാഷ്ട്രീയം അവർ കൈവെടിഞ്ഞിരിക്കുന്നു. നോട്ട് അസാധുവാക്കിയ നടപടി പിൻവലിക്കണമെന്നുപോലും സിപിഐ(എം) ആവശ്യപ്പെടുന്നില്ല. പകരം അവർ ആവശ്യപ്പെടുന്നത്, "ആവശ്യമായത്രയും കറൻസി ലഭ്യമാവുകയും പുതിയ നോട്ടിനനുസരിച്ച് എടിഎം മെഷീനുകൾ പുനഃസജ്ജീകരിക്കുന്ന പ്രവൃത്തി പൂർത്തിയാവുകയും ചെയ്യുന്നതുവരെ, ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള കാലപരിധിയായ 2016 ഡിസംബർ 30 വരെയുളള ദിവസങ്ങളിൽ പഴയ 500-ന്റെയും 1000-ന്റെയും നോട്ടുകൾ ഉപയോഗിച്ച് ഇടപാടുകൾ നടത്താൻ ജനങ്ങളെ അനുവദിക്കണം" എന്നു മാത്രമാണ്.(15-11-16 ന് സിപിഐ(എം) പോളിറ്റ്ബ്യൂറോ പുറപ്പെടുവിച്ച പ്രസ്താവന)

കള്ളപ്പണവും അഴിമതിയും പോലെ ജനജീവിതത്തെ താറുമാറാക്കിക്കൊണ്ടിരിക്കുന്ന വ്യാധികളെ നിർമ്മാർജ്ജനം ചെയ്യാൻ ആത്മാർത്ഥമായും ആഗ്രഹിക്കുന്ന ജനങ്ങൾ ഈ യാഥാർത്ഥ്യം മനസ്സിലാക്കണം. മരണാസന്ന മുതലാളിത്തം ഇന്ന് അനിവാര്യമായും അഴിമതി സൃഷ്ടിക്കുന്നു. അതിനാൽ, മുതലാളിത്ത വിരുദ്ധമായ രാഷ്ട്രീയത്തിന് മാത്രമേ അഴിമതിയെ പ്രതിരോധിക്കാൻ സാധിക്കൂ. അഴിമതിപോലുള്ള തിന്മകളിൽ നിന്ന് മുക്തമായിരിക്കാനും അത്തരം രാഷ്ട്രീയത്തിന് മാത്രമേ സാധിക്കൂ. സമുന്നത മാർക്സിസ്റ്റ് ചിന്തകനും തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവുമായ സഖാവ് ശിബ്ദാസ്ഘോഷ് കെട്ടിപ്പടുത്ത സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇൻഡ്യ (കമ്മ്യൂണിസ്റ്റ്) -- എസ്‌യുസിഐ(സി) -- ഉയർത്തിപ്പിടിക്കുന്നത് ആ സമര രാഷ്ട്രീയത്തെയാണ്. കുത്തക മൂലധനത്തിന്റെ താല്പര്യാർത്ഥം അദ്ധ്വാനിക്കുന്ന ജനങ്ങളെ ദ്രോഹിക്കുന്ന ആഗോളവൽക്കരണ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായി ജനാധിപത്യ ബഹുജനസമരങ്ങൾ വളർത്തിയെടുക്കാൻ വേണ്ടി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്കാരത്തിലും പ്രബുദ്ധതയിലുമധിഷ്ഠിതമായ ജനകീയ സമരക്കമ്മിറ്റികളിൽ അണിനിരന്നുകൊണ്ട് ഈ ദിശയിൽ മുന്നേറാൻ ജനങ്ങൾക്ക് കഴിയുമ്പോൾ മാത്രമേ അഴിമതിയെയും കള്ളപ്പണത്തെയും തുടച്ചുനീക്കാൻ സാധിക്കുകയുള്ളു.

നോട്ട് അസാധുവാക്കൽ നടപടിയുടെ യഥാർത്ഥ ഉന്നമെന്തെന്ന് മുകളിൽ വ്യക്തമാക്കി. നോട്ട് അസാധുവാക്കൽ പ്രഖ്യാപനം വന്നയുടൻ തന്നെ അതിന്റെ ജനവിരുദ്ധ സ്വഭാവം വ്യക്തമാക്കിക്കൊണ്ട് എസ്‌യുസിഐ(സി) ആ നടപടി പിൻവലിക്കണമെന്ന് സർക്കാരിനോടാവശ്യപ്പെട്ടിരുന്നു. പാർട്ടിക്ക് ഘടകങ്ങളുള്ള ഇൻഡ്യയിലെ ഇരുപത്തിയഞ്ച് സംസ്ഥാനങ്ങളിലും ജനങ്ങളുടെ യോജിച്ച പ്രതിഷേധസമരങ്ങൾ വളർത്തിയെടുക്കാൻ വേണ്ടി യത്നിച്ചുകൊണ്ടിരിക്കുന്നു. കുത്തകകളുടെ താല്പര്യാർത്ഥം ജനങ്ങളെ ദ്രോഹിക്കുന്ന ഈ നടപടിയെ ചെറുത്തുതോല്പിക്കേണ്ടത് അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഏവരുടെയും ആവശ്യകതയാണ്. അതിനാൽ, സങ്കുചിത കക്ഷിരാഷ്ട്രീയ ജാതി-മത പരിഗണനകൾക്കതീതമായി ജനങ്ങളുടെ സ്വന്തം സമരക്കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ഈ ആക്രമണത്തെ പ്രതിരോധിക്കാനായി മുന്നിട്ടിറങ്ങണമെന്ന് ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# നവംബർ വിപ്ലവ ശതാബ്ദി ആചരണപരിപാടികൾക്ക് സംസ്ഥാനത്തും തുടക്കമായി




**കോട്ടയത്തുനടന്ന സംസ്ഥാനതല ഉദ്ഘാടന സമ്മേളനം പാർട്ടി സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു**

ത്തിന്റെയും അതിലൂടെ സ്ഥാപിതമായ സോവിയറ്റ് യൂണിയനെന്ന മഹോന്നത രാഷ്ട്രത്തിന്റെയും ദീപ്തസ്മരണകൾ ത്രസിച്ചുനിന്ന ആവേശകരമായ അന്തരീക്ഷത്തിൽ മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആചരണപരിപാടികളുടെ ദേശീയതല ഉദ്ഘാടനം നവംബർ 7 ന് ഡൽഹിയിൽ നടന്നു. പാർട്ടി ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നവംബർ 7 ന് രാവിലെ 11 മണിക്ക് മാവ്‌ലങ്കാർ ഹാളിനുമുന്നിൽ ചെമ്പതാക ഉയർത്തിക്കൊണ്ട് ആചരണപരിപാടികൾക്ക് തുടക്കം കുറിച്ചു. തുടർന്ന് നടന്ന സമ്മേളനം പാർട്ടി പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി ഉദ്ഘാടനം ചെയ്തു. സഖാവ് രഞ്ജിത്ധർ അദ്ധ്യക്ഷത വഹിച്ചു.

സംസ്ഥാനതല ഉദ്ഘാടനം നവംബർ 7 ന് കോട്ടയത്ത് നടന്നു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയും കേന്ദ്രക്കമ്മിറ്റിയംഗവുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി നൂറുകണക്കിനു സഖാക്കൾ ഉദ്ഘാടനത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഇൻഡ്യൻ തൊഴിലാളിവർഗ്ഗ സേനയിലെ അംഗങ്ങളെന്ന നിലയിൽ മഹാന്മാരായ ആചാര്യന്മാർ ലെനിന്റെയും സ്റ്റാലിന്റെയും വിപ്ലവപ്രബോധനങ്ങൾ പുനരാവർത്തി പഠിക്കുമെന്നും വിപ്ലവത്തിന്റെ ലക്ഷ്യങ്ങൾക്കായി സ്വയം സമർപ്പിക്കുമെന്നും പ്രതിജ്ഞ ചെയ്തു. പാർട്ടിയുടെ കർണ്ണാടക സംസ്ഥാന സെക്രട്ടറിയും കേന്ദ്രക്കമ്മിറ്റിയംഗവുമായ സഖാവ് കെ.രാധാകൃഷ്ണ, ആന്ധ്രപ്രദേശ് സംസ്ഥാന സെക്രട്ടറിയും കേന്ദ്ര സ്റ്റാഫുമായ സഖാവ് കെ.ശ്രീധർ, തമിഴ്നാട് സംസ്ഥാന സെക്രട്ടറി സഖാവ് എ.രംഗസാമി എന്നിവർ വ്യത്യസ്ത പരിപാടികളിൽ പങ്കെടുത്തു.

കഴിഞ്ഞ നാലുമാസമായി സംസ്ഥാനവ്യാപകമായി പൊതുവിലും കോട്ടയം ജില്ലയിൽ സവിശേഷമായും നടന്നുവന്ന വിപുലമായ തയ്യാറെടുപ്പുപരിപാടികളുടെ വിജയകരമായ പരിസമാപ്തിയായിരുന്നു അത്. റഷ്യൻ വിപ്ലവത്തിന്റെ ചരിത്ര പ്രാധാന്യവും വർത്തമാനകാല പ്രസക്തിയും വിശദമാക്കിക്കൊണ്ട് ജില്ലാ തലങ്ങളിലും പ്രാദേശിക തലങ്ങളിലും നിരന്തരമായ നടന്ന പഠനപരിപാടികളായിരുന്നു തയ്യാറെടുപ്പിന്റെ ആദ്യ ഘട്ടം. വലതുപക്ഷ ശക്തികളും ബൂർഷ്വാ മാധ്യമങ്ങളും നടത്തുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ – പ്രത്യേകിച്ചും സ്റ്റാലിൻ വിരുദ്ധ – പ്രചാരണത്തിന്റെ യഥാർത്ഥ ലക്ഷ്യം തുറന്നുകാട്ടിക്കൊണ്ട് സഖാക്കൾ രാപകൽ വിശ്രമമില്ലാതെ പ്രചാരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പട്ടിണിയും ചൂഷണവുമില്ലാത്ത ലോകം സാധ്യമാണെന്ന് തെളിയിച്ച മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവം എന്നതായിരുന്ന പ്രചാരണത്തിന്റെ കേന്ദ്ര മുദ്രാവാക്യം. ഈ മുദ്രാവാക്യം ജനങ്ങളിലും പ്രത്യേകിച്ചും ഇടതു – പുരോഗമന വിശ്വാസികളിലും വലിയ ആവേശം സൃഷ്ടിച്ചു. ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾ വരച്ചുചേർത്ത ചുവരെഴുത്തുകളും വലിയ പോസ്റ്ററുകളും ഫ്ളക്സ് ബോർഡുകളും ആതിഥേയജില്ലയായ കോട്ടയത്ത് നിറഞ്ഞുനിന്നു. കാൽ ലക്ഷത്തോളം ഭവനങ്ങൾ സന്ദർശിച്ച് നവംബർ വിപ്ലവത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ലഘുലേഖ എത്തിച്ചുകൊണ്ട് ഫണ്ട് സമാഹരിച്ചു. നവംബർ ആദ്യവാരമായപ്പോൾ ജനങ്ങളുടെ ചർച്ചാവിഷയമായി ശതാബ്ദി ആചരണ പരിപാടി മാറിക്കഴിഞ്ഞിരുന്നു. നവംബർ വിപ്ലവത്തിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് നവംബർ 5ന് സംഘടിപ്പിച്ച, 24 കിലോമീറ്റർ ദൂരം സഞ്ചരിച്ച വിളംബര ജാഥ സാധാരണ ജനങ്ങളിൽ വമ്പിച്ച ആവേശം സൃഷ്ടിച്ചു. ചെമ്പതാകകളും ആചാര്യന്മാരുടെ ചിത്രങ്ങളുമേന്തിക്കൊണ്ട് നിരവധി ഇരുചക്ര വാഹനങ്ങളും ഇതര വാഹനങ്ങളും സഖാക്കളും അണിനിരന്ന ജാഥയെ പാർട്ടി കോട്ടയം ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് റ്റി.ജെ.ജോണിക്കുട്ടി നയിച്ചു.



**കോംസമോൾ വോളന്റീയർ പരേഡിന്റെ ഒരു ദൃശ്യം**

ഐതിഹാസികമായ നവംബർ വിപ്ലവത്തിന്റെ ദിനമായ നവംബർ 7 ഒടുവിൽ സമാഗതമായി. പാർട്ടിയുടെ നാമം അച്ചടിച്ച കൂറ്റൻ ഫെസ്റ്റൂണുകളും പതാകകളും അലങ്കരിച്ചുകൊണ്ട് ശതാബ്ദി ആചരണപരിപാടികളുടെ ഉദ്ഘാടനത്തിനായി നഗരം ഒരുങ്ങി. സംസ്ഥാന കമ്മറ്റിയംഗം സഖാവ് എസ്.രാജീവൻ സമ്മേളന വേദിയായ കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനിയിൽ നവംബർ 7 ന് രാവിലെ പതാക ഉയർത്തിയതോടെ നവംബർ, 7,8,9,10 തീയതികളിലായി സംഘടിപ്പിക്കപ്പെട്ട ആചരണപരിപാടികൾക്ക് തുടക്കമായി. ഗാന്ധിസ്ക്വയറിൽ തയ്യാറാക്കിയ രക്തസാക്ഷി മണ്ഡപത്തിൽ പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വി.കെ.സദാനന്ദൻ പുഷ്പാർച്ചന നടത്തി. മഹത്തായ റഷ്യൻ വിപ്ലവത്തിലും അതിനു മുന്നോടിയായി നടന്ന ഐതിഹാസികമായ തൊഴിലാളി പണിമുടക്കങ്ങളിലും രക്തസാക്ഷികളായ സഖാക്കളെയും ഫാസിസ്റ്റ് വിപത്തിൽ നിന്നും മാനവരാശിയെ രക്ഷിക്കാൻ ജീവൻബലി നൽകിയ രണ്ടുകോടി റഷ്യൻ ജനങ്ങളെയും വിപ്ലവലക്ഷ്യബോധത്തോടെ അവിടെ സ്മരിച്ചു.

നവംബർ 7ന് വൈകിട്ട് കൃത്യം നാലുമണിയായപ്പോൾ ശതാബ്ദി ആചരണ റാലി കോട്ടയം പോലീസ് പരേഡ് ഗ്രൗണ്ടിൽ നിന്നുമാരംഭിച്ചു. പ്രകടനത്തിന്റെ ഏറ്റവും മുമ്പിൽ ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾ, അതിനു പിറകിൽ മഹത്തായ റഷ്യൻ വിപ്ലവത്തിന്റെ നൂറു വർഷങ്ങൾ പ്രതിനിധാനം ചെയ്തുകൊണ്ട് ചെങ്കൊടിയേന്തിയ നൂറു കൊംസമോൾ വോളന്റിയർ സഖാക്കൾ, അതിനും പിറകിൽ ബാനർ, ശേഷം സംസ്ഥാന നേതാക്കൾ. അതിനും പിന്നിൽ നൂറുകണക്കിന് സഖാക്കൾ. മഹാനായ ലെനിന്റെ നാട്ടിൽ വിപ്ലവചേതന ഇനിയും ശക്തിപ്പെട്ടുവരുമെന്ന് ആവേശകരമായി മുദ്രാവാക്യം മുഴക്കിക്കൊണ്ട് അവർ നീങ്ങി. അക്ഷരാർത്ഥത്തിൽ നഗരം ചുവപ്പണിഞ്ഞു. ഈ വിധമൊരു പ്രകടനം നഗരം ഇതിനുമുമ്പ് ദർശിച്ചിട്ടുണ്ടായിരുന്നില്ല. നഗരവീഥിയുടെ ഇരുവശങ്ങളിലും, ഉയർന്ന കെട്ടിടങ്ങളുടെ നിലകളിലും ജനങ്ങൾ അത്യാദരപൂർവ്വം അഭിവാദനങ്ങളോടെ പ്രകടനത്തെ എതിരേറ്റു. പ്രകടനം സമ്മേളനസ്ഥലത്ത് എത്തിച്ചേർന്നതോടെ ഉൽഘാടന സമ്മേളനം ആരംഭിച്ചു. തൊഴിലാളിവർഗ്ഗ സാർവ്വദേശീയത വിളംബരം ചെയ്തുകൊണ്ട് ഇന്റർനാഷനൽ ഗാനാലാപനത്തോടെ യോഗനടപടികൾക്ക് തുടക്കം കുറിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് സ്വാഗതം ആശംസിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. ആന്ധ്രപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് കെ.ശ്രീധർ, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ്, ഡോ.ഡി.സുരേന്ദ്രനാഥ്, തുടങ്ങിയവരും പ്രസംഗിച്ചു.

ശതാബ്ദി ആചരണപരിപാടികളിൽ {]aþJ amb\ kwLS\¸ക്കപ്പെട്ട മാനവശക്തി ചരിത്രപ്രദർശനം സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്തു. നവംബർ 7 മുതൽ 10വരെ മാനവശക്തി ചരിത്രപ്രദർശനവും പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് നടന്നു. നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ചരിത്രം, സോഷ്യലിസ്റ്റ് വ്യവസ്ഥിതി കൈവരിച്ച സാമൂഹ്യ പുരോഗതി, ലെനിൻ-സ്റ്റാലിൻ എന്നീ നേതാക്കളുടെ ജീവിത രേഖകൾ, സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയുടെ കാരണങ്ങൾ, തിരിച്ചടിയിൽ നിന്നുള്ള പാഠങ്ങൾ, ചരിത്രത്തിലെ അപൂർവ്വ നിമിഷങ്ങളുടെ ഫോട്ടോകൾ, മഹാന്മാരുടെ ഉദ്ധരണികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചിട്ടുള്ള മാനവശക്തി ചരിത്ര പ്രദർശനം വീക്ഷിക്കുവാൻ നൂറുകണക്കിന് ജനങ്ങൾ എത്തിച്ചേർന്നു. ജില്ലയ്ക്കുള്ളിലെയും പുറത്തെയും എഴുത്തുകാർ, രാഷ്ട്രീയ പ്രവർത്തകർ, കലാകാരന്മാർ, മാധ്യമ പ്രവർത്തകർ, സാമൂഹ്യ വ്യക്തിത്വങ്ങൾ ഉൾപ്പടെ നിരവധി പ്രമുഖർ പ്രദർശനം വീക്ഷിച്ചു. മാനവശക്തി ചരിത്രപ്രദർശനത്തോടനുബന്ധിച്ച് നിരവധി സെമിനാറുകളും ചർച്ചകളും നടന്നു. പ്രഗത്ഭമതികളായ നിരവധി വ്യക്തിത്വങ്ങൾ സെമിനാറുകളിൽ പങ്കെടുത്തു സംസാരിച്ചു.

'റഷ്യൻ സിനിമയും സാഹിത്യവും സമൂഹത്തിൽ സൃഷ്ടിച്ച സ്വാധീനം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ച പ്രശസ്ത ചലച്ചിത്ര നിരൂപകൻ എം.എഫ്.തോമസ് ഉദ്ഘാടനം ചെയ്തു. വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എം.കൃഷ്ണകുമാർ, ആർ.പാർത്ഥസാരഥി വർമ്മ, ഇ.വി.പ്രകാശ് തുടങ്ങിയവർ പ്രസംഗിച്ചു.

'സോഷ്യലിസവും ലോകസമാധാനവും' എന്ന വിഷയത്തെ അധികരിച്ചു നടന്ന സെമിനാർ ആന്ധ്രപ്രദേശ് സംസ്ഥാന സെക്രട്ടറി കെ.ശ്രീധർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് എൻ.കെ.ബിജു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സിപിഐ ദേശീയ കൗൺസിൽ അംഗം സഖാവ് ബിനോയ് വിശ്വം, എംസിപിഐ(യു) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഇടപ്പള്ളി ബഷീർ തുടങ്ങിയവർ പ്രസംഗിച്ചു.

'ഞാൻ കണ്ട സോവിയറ്റ് നാട്' എന്ന വിഷയത്തിൽ അനുഭവങ്ങൾ പങ്കിട്ടുകൊണ്ട് നടന്ന ചർച്ച റഷ്യൻ കൃതികളുടെ വിവർത്തകനും മോസ്കോയിൽ ആറുവർഷം സേവനം അനുഷ്ഠിച്ച ഇടതുപക്ഷ പ്രവർത്തകനുമായ സഖാവ് എം.എസ്.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയംഗവും അഖിലേന്ത്യ മഹിള സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ഷൈല കെ.ജോൺ അദ്ധ്യക്ഷത വഹിച്ചു. സിപിഐ സംസ്ഥാന കൗൺസിൽ അംഗം സഖാവ് ടി.എൻ.രമേശൻ, സഖാക്കൾ എ.ജി.അജയകുമാർ, ജി.എസ്.ശാലിനി, മുഹമ്മദ് ഷെഹസാദ് തുടങ്ങിയവർ പ്രസംഗിച്ചു.

ഫാസിസം: വിവക്ഷയും പ്രതിരോധവും എന്ന വിഷയത്തെ അധികരിച്ചു നടന്ന സെമിനാർ ഡോ.കെ.എം.സീതി ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി. ആർഎംപിഐ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് കെ.എസ്. ഹരിഹരൻ, ജോർജ്ജ് മുല്ലക്കര, പ്രൊഫ.സി.മാമ്മച്ചൻ തുടങ്ങിയവർ പ്രസംഗിച്ചു. നവംബർ 10 ന് നടന്ന സമാപന സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയംഗവും ആൾ ഇന്ത്യ യുറ്റിയുസി അഖിലേന്ത്യ വൈസ് പ്രസിഡന്റുമായ സഖാവ് കെ.രാധാകൃഷ്ണ ഉദ്ഘാടനം ചെയ്തു. തമിഴ്നാട് സംസ്ഥാന സെക്രട്ടറി സഖാവ് എ.രംഗസാമി, സഖാക്കൾ വി.വേണുഗോപാൽ, എസ്.രാജീവൻ, ജയ്സൺ ജോസഫ്, കെ.സദാനന്ദൻ, എം.കെ. കണ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു ■



**കോട്ടയം നഗരത്തിൽ നടന്ന ശതാബ്ദി ആചരണറാലി**



**'മാനവശക്തി' എക്സിബിഷന്റെ ഒരു ദൃശ്യം**

# മുത്തലാഖ് നിരോധനവും മുസ്ലീം സ്ത്രീകളുടെ വിമോചനവും

**മുത്തലാഖ് സമ്പ്രദായം മുസ്ലീം സ്ത്രീകളിൽ ഏൽപ്പിക്കുന്ന ആഘാതവും പ്രത്യേകിച്ച് ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകൾ ഇതുമൂലം അനുഭവിക്കുന്ന ദുരിതങ്ങളുമൊക്കെ സാമൂഹ്യയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയിട്ടുള്ള ഏതൊരാൾക്കും അറിയാവുന്നതാണ്. നിസ്സാരകാര്യങ്ങളുടെ പേരിൽ ഏകപക്ഷീയമായി എടുക്കുന്ന തീരുമാനങ്ങളിലൂടെ ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെടുന്ന ഈ നിസ്സാഹായരായ സ്ത്രീകൾ സ്വന്തം നിലനിൽപ്പിനും കുഞ്ഞുങ്ങളെ വളർത്താനുമായി നരകയാതനകൾ അനുഭവിക്കേണ്ടിവരുന്നത്. നിർദ്ദയമായ മുതലാളിത്ത വ്യവസ്ഥയിലെ പുരുഷാധിപത്യ സാമൂഹ്യഘടനയുടെ ക്രൂരതയും മനുഷ്യത്വരാഹിത്യവും അവരുടെ ദൈന്യമായ മുഖങ്ങളിൽ തെളിഞ്ഞുകാണാം. ഹൃദയശൂന്യരും സ്ത്രീ വിദ്വേഷികളുമായ ഹിന്ദുപുരോഹിതന്മാരിലും ഗ്രാമത്തലവന്മാരിലുമൊക്കെ ഉറഞ്ഞുകൂടിയിരിക്കുന്ന ഹൃദയശൂന്യതയും സ്ത്രീവിദ്വേഷവുമൊക്കെ 'സതി' സമ്പ്രാദായത്തിലൂടെ പ്രകടമാകുന്നതിനു സമാനമാണിത്.**

**പൊ**ടുന്നനെയും ഏകപക്ഷീയവുമായ ഈ വിവാഹബന്ധം വേർപെടുത്തൽ നിരോധിക്കണമെന്ന ആവശ്യം മുസ്ലീം സമുദായത്തിൽനിന്ന്, വിശിഷ്യ സ്ത്രീകളിൽനിന്ന് ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. ദീർഘകാലമായി പലരും ഉന്നയിക്കുന്ന ഡിമാന്റാണിത്. തന്റെ ഭർത്താവ് ഒരു കത്തിലൂടെ തന്നെ മൊഴി ചൊല്ലിയതിനെതിരെ ഉത്തരാഖണ്ഡിലെ സൈരാബാനു എന്ന 35 കാരി വീട്ടമ്മ കഴിഞ്ഞ ഏപ്രിലിൽ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തത് മാധ്യമങ്ങളിൽ വലിയ വാർത്തയായിരുന്നു. മൊഴിചൊല്ലിയ പുരുഷനുമായി അതേ സ്ത്രീക്ക് വീണ്ടും ഒരുമിച്ച് ജീവിക്കണമെങ്കിൽ അതിനുമുമ്പ് മറ്റൊരു പുരുഷനെ വിവാഹം കഴിച്ച് ചടങ്ങ് പൂർത്തിയാക്കണമെന്ന ആചാരത്തെയും ബഹുഭാര്യാത്വത്തെയും അവർ ചോദ്യം ചെയ്തിരുന്നു. മൂത്തലാഖ് നിരോധിക്കണമെന്നാവശ്യപ്പെട്ട് 50,000–ലേറെ മുസ്ലീം സ്ത്രീ–പുരുഷന്മാർ ഒപ്പിട്ട ഒരു നിവേദനം ദേശീയ വനിതാ കമ്മീഷന് സമർപ്പിക്കപ്പെട്ട കാര്യം 'ടൈംസ് ഓഫ് ഇന്ത്യ' റിപ്പോർട്ട് ചെയ്തിരുന്നു. ഭാരതീയ മുസ്ലീം മഹിളാ ആന്തോളൻ എന്ന സംഘടന നൽകിയ ഈ നിവേദനത്തിൽ, "ഖുറാന് വിരുദ്ധ"മെന്ന് അവർ മനസ്സിലാക്കുന്ന ഇത്തരം സമ്പ്രദായങ്ങൾ നിരോധിക്കുന്നതിന് കമ്മീഷൻ ഇടപെടണമെന്ന് ആവശ്യപ്പെട്ടിരുന്നു. 1986–ൽ 62 കാരിയായ ഷാബാനുവിനെ ഭർത്താവ് മുത്തലാഖ് ചൊല്ലി വിവാഹബന്ധം വേർപെടുത്തിയതിനെതിരെ നീതി തേടി സുപ്രീംകോടതിയെ സമീപിച്ചിരുന്നു. ഇപ്പോൾ അടിച്ചമർത്തപ്പെടുന്ന മുസ്ലീം സ്ത്രീകളിൽ നിന്ന് ഉയരുന്ന ഈ ആവശ്യം പുരുഷാധിപത്യത്തിൽനിന്നും മതാന്ധതയിൽനിന്നുമുള്ള സ്ത്രീകളുടെ വിമോചനമെന്ന കാഴ്ചപ്പാടിൽ വേണം കാണാൻ. പ്രശ്നപരിഹാരത്തിനുള്ള ശരിയായ മാർഗ്ഗം കണ്ടെത്താനുള്ള ശ്രമത്തോടൊപ്പം തന്നെ പരിഗണിക്കേണ്ട ചില കാര്യങ്ങൾ കൂടിയുണ്ട്. ഈ വിഷയത്തെ ചുറ്റിപ്പറ്റി മതമൗലികവാദവും വർഗ്ഗീയതയും വളർത്തിയെടുക്കാൻ ഒരു ഹീനശ്രമം നടക്കുന്നുണ്ട്. മതപരമായ അന്ധവിശ്വാസത്തിന്റെയും പിടിവാശിയുടെയും ആയുധമേന്തിക്കൊണ്ട് സ്ഥാപിതതാൽപ്പര്യക്കാരും പിന്തിരിപ്പത്തവും നടത്തുന്ന ഈ ആക്രമണത്തിലൂടെ വിഷയത്തിന്റെ പ്രാധാന്യം വിസ്മരിക്കപ്പെടുകയും ആരോഗ്യകരമായ ചിന്തയുടെ മുനയൊടിക്കുകയും യുക്തിചിന്തയെ കെടുത്തുകയും ചെയ്യും. അതുകൊണ്ടുതന്നെ, മനുഷ്യത്വപരമായ കാഴ്ചപ്പാടും അടിച്ചമർത്തപ്പെടുന്ന സ്ത്രീസമൂഹത്തോട് അനുകമ്പയുമുള്ള അദ്ധ്വാനിച്ചു ജീവിക്കുന്ന, ജനാധിപത്യബോധമുള്ള ജനവിഭാഗങ്ങളോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്, ക്രൂരമായ മുത്തലാക്ക് സമ്പ്രദായം പരിശോധിക്കണമെന്നാണ്. അവശ്യം യുക്തിയുടെയും ന്യായത്തിന്റെയും ഉരകല്ലിൽ പരിശോധിക്കുന്നതിനായി എല്ലാ വിഭാഗീയതകൾക്കും അതീതമായി മുന്നോട്ടു വരണമെന്നതാണ്.

### മതമൗലികവാദ വർഗ്ഗീയശക്തികളുടെ കുത്സിത നീക്കം

മുത്തലാഖിൽനിന്ന് പീഡിതരായ മുസ്ലീം സ്ത്രീകളെ മോചിപ്പിക്കുകയെന്ന തികച്ചും ന്യായമായ ആവശ്യകത എതിർക്കാൻ ഹൃദയശൂന്യരായ ആളുകൾക്കുമാത്രമേ കഴിയൂ. മുസ്ലീം സ്ത്രീകളിൽ പ്രബുദ്ധത പടരുകയും അവർ മുത്തലാഖിനെതിരെ ശബ്ദമുയർത്താൻ ധൈര്യം കാണിക്കുകയും ചെയ്തതോടെ മുസ്ലീം മതമൗലികവാദശക്തികളും മതമേധാവികളുമൊക്കെ രോഷാകുലരായി രംഗത്തുവന്നിരിക്കുകയാണ്. വിശുദ്ധഖുറാന് അവർ നൽകുന്ന വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിൽ മുസ്ലീം സമുദായമാകെ അനുഷ്ഠിക്കേണ്ട "ശരി തെറ്റുകളും ", "നന്മ തിന്മകളു"മൊക്കെ തീരുമാനിക്കാനുള്ള അധികാരം തങ്ങൾക്കാണെന്ന് അവർ പ്രഖ്യാപിക്കുന്നു. "മുസ്ലീം വ്യക്തിനിയമം ദൈവികവിധി പ്രകാരമുള്ളതാണെന്നും അത് അലംഘനീയമാണെന്നും മുസ്ലീം വ്യക്തിനിയമ ബോർഡ് അവകാശപ്പെടുന്നു. മറുവശത്ത്, സ്ത്രീ വിരുദ്ധമായ മുത്തലാഖ് നിരോധിക്കണമെന്ന ആവശ്യം ശക്തമാകുന്ന സാഹചര്യം മനസ്സിലാക്കി ആർഎസ്എസും ബിജെപിയും സംഘപരിവാർ ശക്തികളുമൊക്കെ ഹിന്ദുത്വത്തെ പരിപോഷിപ്പിക്കുകയാണ്. 'ദുരഭിമാന ക്കൊല, ദ്വിഭാര്യത്വം, ബഹുഭാര്യത്വം, പണ്ടേ നിരോധിക്കപ്പെട്ട 'സതി' സമ്പ്രദായം എന്നിവയൊക്കെ ഇതിൽപ്പെടും. എല്ലാത്തരം പിന്നാക്കാവസ്ഥകളും അന്ധവിശ്വാസങ്ങളും മതഭ്രാന്തും സ്ത്രീ വിരുദ്ധ മനോഭാവങ്ങളും ഊട്ടി വളർത്തുന്ന ഇക്കൂട്ടർ തങ്ങളുടെ ആസൂത്രിതമായ മുസ്ലീംവിരുദ്ധ പ്രചാരണത്തിനും ആക്കം വർദ്ധിപ്പിക്കുകയാണ്. സ്ത്രീകൾ സ്വാതന്ത്ര്യമർഹിക്കുന്നില്ലെന്ന് ഉദ്ഘോഷിക്കുന്ന മനുസ്മൃതി പാവനമെന്ന് ഉയർത്തിക്കാണിക്കുന്ന ഇവർ ഇപ്പോൾ മുസ്ലീം സ്ത്രീകളുടെ ദൈന്യതയെക്കുറിച്ച് മുതലക്കണ്ണീരൊഴുക്കുകയാണ്.

ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നതിനെക്കുറിച്ച് ഇവർ നടത്തുന്ന ചർച്ചകൾ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം ലക്ഷ്യംവച്ചുള്ളതല്ല. അത് നേരായി ചിന്തിക്കുന്നവരെയും ജനാധിപത്യവിശ്വാസികളെയും കബളിപ്പിക്കാനും ഇസ്ലാം മതത്തിനു നേരെ ദുഷ്ടലാക്കോടെ വിരൽ ചൂണ്ടാനും ഉദ്ദേശിച്ചുള്ളതാണ്. തെരഞ്ഞെടുപ്പ് നേട്ടങ്ങൾ ലാക്കാക്കി ജനങ്ങളിൽ മതവൈരം വളർത്താനും സമൂഹത്തിൽ മതത്തിന്റെ അടിസ്ഥാനത്തിൽ ധ്രുവീകരണമുണ്ടാക്കിയെടുക്കാനും ഉന്നംവച്ചുള്ളതാണ്. 'ചെകുത്താൻ വേദമോതുന്നു' എന്ന പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്നതാണ് ഹിന്ദുവർഗ്ഗീയവാദികളുടെ ഏകീകൃത സിവിൽകോഡിനുവേണ്ടിയുള്ള വക്കാലത്ത്. മുസ്ലീം സമുദായത്തിനുപുറത്ത് ഈ വിഷയം അനാവശ്യമായി ചർച്ച ചെയ്യുന്നതും അതിന്റെ പേരിൽ കോലാഹലമുണ്ടാക്കുന്നതുമൊക്കെ പ്രതികൂല സാഹചര്യമാണുണ്ടാക്കുക. പീഡിതരായ മുസ്ലീം സ്ത്രീകളും നേരായി ചിന്തിക്കുന്ന മുസ്ലീം പുരുഷന്മാരും നടത്തുന്ന, വൈകിപ്പോയെങ്കിലും ന്യായമായ മുന്നേറ്റത്തിന് ആഘാതമേൽപ്പിക്കുന്നതും "ഇഷ്ടമുള്ള മതംപ്രചരിപ്പിക്കാനുള്ള ഭരണഘടനാപരമായ അവകാശത്തിന്റെ ലംഘനം", "ഇസ്ലാം അപകടത്തിൽ" എന്നു മുറവിളികൂട്ടിക്കൊണ്ട് മുസ്ലീം മതമേധാവികൾക്ക് മുസ്ലീം ജനസാമാന്യത്തെ പിന്നിൽ അണിനിരത്തുന്നതിന് സഹായകവുമാണ് ഇത്തരം നീക്കങ്ങൾ. ഇതുമൂലം മുത്തലാഖ് സമ്പ്രദായം നിരോധിക്കണമെന്ന ആവശ്യം ഫലം കാണാനുള്ള സാധ്യത പിന്തള്ളപ്പെട്ടിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിലെ പുരുഷാധിപത്യ സാമൂഹ്യഘടനയിൽ അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വത്തിന്റെ വേദനയും വിലാപങ്ങളും പിന്നോട്ടുതള്ളിക്കൊണ്ട് സ്ത്രീ വിരുദ്ധ മനോഭാവക്കാരും സ്ഥാപിതതാൽപ്പര്യക്കാരുമായ രണ്ടു സംഘങ്ങൾ തമ്മിലുള്ള ആരോപണപ്രത്യാരോപണങ്ങളും കപടയുദ്ധവും രംഗം കയ്യടക്കിയിരിക്കുകയാണ്.

ഹിന്ദുവർഗ്ഗീയവാദികളായ ആർഎസ്എസ്-ബിജെപി ശക്തികൾ ഈ വിഷയം ഇവ്വിധം വഷളാക്കിക്കൊണ്ട് അവരുടെ പ്രതിരൂപമായ മുസ്ലീം മതമൗലികവാദികൾക്ക് നേട്ടമുണ്ടാക്കിക്കൊടുത്തിരിക്കുകയാണ്.

### ചില അടിസ്ഥാനതത്വങ്ങളും അൽപം ചരിത്രവും

ഏതൊരു പ്രശ്നവും അതതു സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ പശ്ചാത്തലത്തിൽവേണം പരിശോധിക്കാൻ എന്ന കാര്യം ആദ്യമേ തന്നെ പറഞ്ഞുകൊള്ളട്ടെ. അടഞ്ഞതോ ഏകപക്ഷീയമോ ആയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലല്ല, ന്യായയുക്തതയുടെ അടിസ്ഥാനത്തിൽ, അവശതയനുഭവിക്കുന്ന വിശാലജനവിഭാഗത്തിന്റെ പൊതുനന്മയും നേട്ടവും ലക്ഷ്യംവച്ചുകൊണ്ട്, എല്ലാ സങ്കുചിത മനോഭാവങ്ങൾക്കും അതീതമായിവേണം ഒരു വിഷയത്തിന്റെ ശരിതെറ്റുകൾ വിലയിരുത്തുവാൻ.

സമൂഹത്തിന്റെയും നാഗരികതയുടെയും മുന്നോട്ടുള്ള പ്രയാണവും വിവിധ പരിവർത്തനഘട്ടങ്ങളിലൂടെയുള്ള പുരോഗതിയും മനസ്സിലാക്കിയിട്ടുള്ള ഏതൊരു ചരിത്ര, സാമൂഹ്യശാസ്ത്ര, സാമ്പത്തികശാസ്ത്ര വിദ്യാർത്ഥിക്കുമറിയാവുന്ന കാര്യമാണ്, ഏതൊരു നിയമവും ആചാരവും സമ്പ്രദായവും അനുഷ്ഠാനവും സ്ഥാപിതമായിട്ടുള്ളത് ഒന്നുകിൽ ഒരു സാമൂഹ്യാവശ്യകതയുടെ പൂർത്തീകരണം എന്ന നിലയിലോ അതല്ലെങ്കിൽ, ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ ഭരണവർഗ്ഗത്തിന്റെ സങ്കുചിതമായ വർഗ്ഗതാൽപ്പര്യം മുൻനിർത്തിയോ ആയിരിക്കും എന്നുള്ളത്. അതായത് എല്ലാ നിയമങ്ങളും ആചാരങ്ങളും സമ്പ്രദായങ്ങളും മനുഷ്യന്റെ സൃഷ്ടിയും നിയതമായ സാമൂഹ്യ-സാംസ്കാരിക അടിസ്ഥാനങ്ങളോടുകൂടിയതും ആയിരുന്നു, അല്ലെങ്കിൽ ആണ് എന്നത്രെ. സമൂഹം മാറിയതിനനുസരിച്ച് നിയമങ്ങളും ആചാരങ്ങളും സമ്പ്രദായങ്ങളുമൊക്കെ പരിഷ്ക്കരിക്കപ്പെട്ടു. അല്ലെങ്കിൽ പുതിയ സാഹചര്യത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് സമൂലം മാറി. അതുകൊണ്ടുതന്നെ, എന്തെങ്കിലും മാറ്റമില്ലാത്തതാണ്, ശാശ്വതമാണ്, സ്ഥിരസ്വഭാവമുള്ളതാണ്, നാശമില്ലാത്തതാണ് എന്നുപറഞ്ഞാൽ അത് അശാസ്ത്രീയവും അയഥാർത്ഥവും അസത്യവുമായിരിക്കും. പുരോഗതിയുടെ അടയാളമെന്നോണം സാമൂഹ്യാവശ്യകതയുടെ ഫലമായി മാറ്റമുണ്ടാകുമ്പോൾ, സ്ഥാനഭ്രഷ്ടമാക്കപ്പെടുമെന്ന ഭീതിയാൽ ഭരണാധികാരികൾ അവരുടെ വർഗ്ഗതാൽപ്പര്യത്തിനിണങ്ങുന്ന നിയമങ്ങളും സമ്പ്രദായങ്ങളുമൊക്കെ മാറ്റമില്ലാത്തതാണ് എന്ന് തന്ത്രപൂർവ്വം പ്രചരിപ്പിക്കുന്നു. അടിമത്ത വ്യവസ്ഥയിലും ജന്മിത്തത്തിലും ഇത് സംഭവിച്ചു. മരണാസന്ന മുതലാളിത്തത്തിന്റെ ഇന്നത്തെ ഘട്ടത്തിലും ഇതുതന്നെ സംഭവിക്കുന്നു. അമേരിക്കയിലെ അടിമ ഉടമകൾ തങ്ങൾ അടിമക്കച്ചവടം നടത്തുന്നതും അടിമകളെ ഉപയോഗിക്കുന്നതും ദൈവേച്ഛയാലാണ് എന്ന് പ്രചരിപ്പിച്ചത് ക്രിസ്തുമതത്തിന്റെ പിൻബലത്താലായിരുന്നു. റോമാസാമ്രാജ്യക്കാർ ദൈവത്തിന്റെ പിൻമുറക്കാർ എന്നവകാശപ്പെട്ടുകൊണ്ടാണ് അടിമകൾക്ക് നരകയാതനകൾ സമ്മാനിച്ചത്. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾ അതിനെ ചോദ്യം ചെയ്തപ്പോൾ, സ്വന്തം നിലനിൽപ്പ് അപകടത്തിലാകുമെന്ന് ഭയന്ന റോമാസാമ്രാജ്യത്വം 'ദൈവകൽപ്പന' നിരസിച്ചവൻ എന്ന കുറ്റം ചുമത്തി അദ്ദേഹത്തെ കുരിശിൽ തറച്ചു. നവോത്ഥാനത്തിന്റെ വക്താക്കൾക്കും ഇതേ അനുഭവമാണുണ്ടായത്. മുതലാളിത്തത്തിന്റെ ആവിർഭാവകാലത്ത് അവർ ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ഏകാധിപത്യപരമായ രാജവാഴ്ചയ്ക്കും ജീർണ്ണിച്ച ജന്മിത്ത വ്യവസ്ഥയ്ക്കുമെതിരെ പൊരുതി. രാഷ്ട്രീയവും സാമൂഹ്യബന്ധങ്ങളുമൊക്കെ മതത്തിനതീതമാണെന്നും മതവിശ്വാസങ്ങളിൽനിന്നൊക്കെ മുക്തമായിരിക്കണമെന്നും ആഹ്വാനം ചെയ്യുന്ന മതേതരത്വത്തിനുവേണ്ടി വാദിച്ചു. രാജവാഴ്ചയും പ്രഭുക്കളും അവരുടെ വർഗ്ഗതാൽപ്പര്യം സംരക്ഷിക്കുന്ന പൗരോഹിത്യവും അന്നുവരെ ദൈവത്തിന്റെ സ്വന്തം പ്രതിനിധികൾ എന്ന പേരിൽ ജനങ്ങളുടെ മേൽ തങ്ങളുടെ ആജ്ഞകൾ അടിച്ചേൽപ്പിച്ച് അവരെക്കൊണ്ട് അനുസരിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരുടെയെല്ലാം സ്ഥാനത്തിന് ഇളക്കം തട്ടുമെന്ന് ഉറപ്പായി. നവോത്ഥാനവും ജ്ഞാനോദയവും ന്യായയുക്തതയുടെയും പുരോഗതിയുടെയും അടിസ്ഥാനമായി അന്ധമായ മതവിശ്വാസത്തിന്റെ സ്ഥാനത്ത് യുക്തിയെ പ്രതിഷ്ഠിച്ചു. സ്വന്തം നിലഭദ്രമാക്കാനുള്ള അവസാനശ്രമമെന്ന നിലയിൽ ഭരണവർഗ്ഗം 'ദൈവികത ആക്രമിക്കപ്പെടുന്നു' എന്ന് മുറവിളികൂട്ടി. പോപ്പ്, 'കോൺസ്റ്റാന്റിന്റെ ദാനം' എന്ന പേരിൽ ഒരു രേഖ തട്ടിക്കൂട്ടി തനിക്ക് രാജാക്കന്മാരെ നിയമിക്കാനും നീക്കാനും അധികാരമുണ്ടെന്നും അനുസരിക്കാത്തവർക്കുമേൽ ഭ്രഷ്ട് കൽപ്പിക്കപ്പെടുമെന്നും പ്രഖ്യാപിച്ചത് പശ്ചിമയൂറോപ്പിന്റെ ചരിത്രത്തിൽകാണാം. ബൂർഷ്വാ ജനാധിപത്യത്തിന്റെ സ്ഥാപകരിൽ ഒരാളായ തോമസ് ജെഫേഴ്സൺ എപ്പോഴും പരാമർശിക്കുന്ന വിഖ്യാത ചരിത്രകാരനും തത്വചിന്തകനുമായിരുന്നു പതിനെട്ടാം നൂറ്റാണ്ടിൽ സ്കോട്ട്ലണ്ടിൽ ജീവിച്ചിരുന്ന ഡേവിഡ്ഹ്യൂം. അദ്ദേഹം ഒരിക്കൽ പറഞ്ഞു: "പുരോഹിതന്മാരോടും രാജാക്കന്മാരോടും ജനങ്ങൾക്കുള്ള അന്ധവിശ്വാസപരമായ ആദരവിന്റെ പിൻബലത്തിൽ നിലനിൽക്കുന്ന രാജാധിപത്യം സ്വാതന്ത്ര്യത്തെ വല്ലാതെ വെട്ടിച്ചുരുക്കിയിരിക്കുന്നു..... ഇതിന്റെ ഫലമോ.... അവരുടെ നൈതികവും രാഷ്ട്രീയവുമായ മേൽക്കോയ്മയ്ക്ക് ജനങ്ങൾ സ്വമേധയാ വഴങ്ങിക്കൊടുക്കുന്നു. രാഷ്ട്രീയവും നൈതികവുമായ വിഷയങ്ങളിൽ സ്വന്തം യുക്തിയുടെ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ട് പൗരോഹിത്യത്തിന്റെയും ഭരണസംവിധാനത്തിന്റെയും നൈതിക ശാസനങ്ങളെ ആശ്രയിച്ചുകഴിയുന്ന സ്ഥിതിയിലേയ്ക്ക് ജനങ്ങൾ ചെന്നെത്തുന്നു. (macpherson, the political theory of possessive individualism)

എന്നാൽ കാലഹരണപ്പെട്ടതും ഏകാധിപത്യപരവുമായ ജന്മിത്ത–രാജാധിപത്യവാഴ്ച നിലനിർത്തുവാൻ ജീർണത ബാധിച്ച പൗരോഹിത്യം നടത്തുന്ന കുത്സിതവും ഹീനവുമായ നീക്കങ്ങളെല്ലാം വൃഥാവിലാകുകയാണുണ്ടായത്. തുടർന്ന് പുതിയ ഒരു വ്യവസ്ഥ നിലവിൽവന്നു. നിലനിന്നിരുന്ന സാമൂഹ്യ ആചാരങ്ങളെല്ലാം മതത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. തൽസ്ഥാനത്ത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, സ്ത്രീ സ്വാതന്ത്ര്യം, പ്രണയിക്കാനുള്ള സ്വാതന്ത്ര്യം എന്നിവയിലൊക്കെ അടിസ്ഥാ

# മുത്തലാഖ്: ആചാരങ്ങൾ മാറ്റാനാവില്ലെന്നത് അബദ്ധ ധാരണ

(8-ാം പേജിൽ നിന്ന്)

നമാക്കിയ പുതിയ സാമൂഹ്യവ്യവസ്ഥ നിലവിൽവന്നു. ഈ പുതിയ കാഴ്ചപ്പാടുകൾക്ക് എതിരുനിൽക്കുന്നതോ അഥവാ നിരക്കാത്തതോ ആയ എല്ലാ സമ്പ്രദായങ്ങളും നിഷ്കാസനം ചെയ്യപ്പെടും. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജ്ഞാനോദയമുണ്ടായപ്പോഴും പാശ്ചാത്യനാടുകളിലെ പള്ളിമേധാവിത്വത്തെപ്പോലെതന്നെ ജന്മിമാരോടൊപ്പം ഹിന്ദുപൗരോഹിത്യവും എല്ലാ പരിഷ്ക്കരണങ്ങളെയും ശക്തിയുക്തം എതിർത്തു. ഭർത്താവിന്റെ ചിതയിൽ ഭാര്യയെ ജീവനോടെ ദഹിപ്പിക്കുന്ന പൈശാചികമായ 'സതി' സമ്പ്രദായം നിരോധിക്കുന്നതിനായി റാംമോഹൻ റായ് നടത്തിയ പരിശ്രമങ്ങളെ ഹിന്ദുമതത്തിന്റെ നേർക്കുള്ള ആക്രമണങ്ങളായും 'ദൈവഹിത്'ത്തിനെതിരായ പ്രവൃത്തിയായുമൊക്കെയാണ് അവർ വ്യാഖ്യാനിച്ചത്. വിധവാ വിവാഹത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുമൊക്കെവേണ്ടി പ്രയത്നിച്ച ഇന്ത്യൻ നവോത്ഥാനത്തിന്റെ അതികായനായ നായകൻ വിദ്യാസാഗറിനും ഇതേ വാദഗതികളും എതിർപ്പുകളുമൊക്കെത്തന്നെ നേരിടേണ്ടിവന്നു. ഈ പ്രാകൃതാചാരങ്ങൾക്ക് ഒരു ഹിന്ദുശാസ്ത്രത്തിന്റെയും വിശുദ്ധമെന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രമാണങ്ങളുടെയും പിൻബലമില്ലെന്ന് ഇരുവരും ആധികാരികമായി സമർത്ഥിച്ചു. ഇവയൊക്കെ പുറമേനിന്ന് കൂട്ടിച്ചേർക്കപ്പെട്ടവയും ഇതുകൊണ്ടുതന്നെ ദൈവവിധിയായി വ്യാഖ്യാനിക്കാൻ കഴിയാത്തവയുമാണെന്നും വ്യക്തമാക്കപ്പെടുകയുണ്ടായി.

ഇന്ത്യൻ നവോത്ഥാനത്തിന്റെ ഉപജ്ഞാതാക്കളെന്ന നിലയിൽ, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ആവശ്യകതയിൽ പ്രചോദിതരായ റാംമോഹനും വിദ്യാസാഗറും നിരവധി പരിഷ്ക്കരണങ്ങൾക്ക് നേതൃത്വം നൽകി. സ്ത്രീകളെ പുരുഷമേധാവിത്വത്തിൽനിന്നും അടിച്ചമർത്തലിൽ നിന്നും പീഡനങ്ങളിൽനിന്നും മോചിപ്പിക്കുകയും അവരുടെ സ്വാതന്ത്ര്യവും സമത്വവും അംഗീകരിച്ചുകൊടുക്കുകയും ചെയ്യുക എന്നതും അതിൽ ഉൾപ്പെട്ടിരുന്നു.

**ആചാരങ്ങൾ മാറ്റാനാവില്ലെന്നത് അബദ്ധ ധാരണ**

നിയമങ്ങളും ആചാരങ്ങളുമൊക്കെ ഒന്നുകിൽ ജനങ്ങളുടെ താൽപ്പര്യാർത്ഥം അല്ലെങ്കിൽ ഭരണാധികാരികളുടെ താൽപ്പര്യാർത്ഥം മനുഷ്യൻതന്നെ രൂപം കൊടുത്തതാണ്. ശാസ്ത്രവും സാമൂഹ്യപഠനങ്ങളും പറയുന്നത് എല്ലാം മാറ്റത്തിന് വിധേയമായിരിക്കുന്ന ഈ ലോകത്ത് ഒന്നും സ്ഥിരമോ മാറ്റമില്ലാത്തതോ ആയി നിലനിൽക്കുന്നില്ല എന്നത്രെ. പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രീതിതന്നെ ചലനമാണെന്ന് ശാസ്ത്രം അസന്നിഗ്ദ്ധമായി തെളിയിച്ചിട്ടുള്ളതാണ്. ഈ ഭൗതികലോകത്ത് മാറ്റം ഒരു സ്വാഭാവിക പ്രതിഭാസമാണ്. പഴയതും ജീർണ്ണിച്ചതും കാലഹരണപ്പെട്ടതുമായതിൽനിന്ന് പുതിയതും ഉയർന്നതുമായതിലേയ്ക്കുള്ള മാറ്റത്തിലൂടെയാണ് പുരോഗതിയുണ്ടാകുന്നത്. പഴയനിയമമോ, ആചാരമോ, സമ്പ്രദായമോ ഉപയോഗശൂന്യവും കാലഹരണപ്പെട്ടതും സാമൂഹ്യപുരോഗതിക്ക് തടസ്സവുമായാൽ അത് തിരസ്ക്കരിക്കപ്പെടുകയും തൽസ്ഥാനത്ത് പുതിയതൊന്ന് വരികയും വേണം. അവയൊക്കെ മാറ്റമില്ലാത്തതാണ് എന്ന് വാദിക്കുന്നത് മനുഷ്യനാഗരികതയുടെ മാറ്റത്തെയും പരിവർത്തനത്തെയും പുരോഗതിയെയും സംബന്ധിച്ച ശാസ്ത്രീയ നിയമങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതാണ്. ജീവിച്ചിരുന്നപ്പോൾ എത്ര സൗന്ദര്യമുള്ള ആളായാലും മൃതദേഹമായാൽ ദുർഗന്ധം വമിക്കും. മൃതദേഹത്തിൽ കടിച്ചുതൂങ്ങുന്നതുപോലെയാണ് മേൽപ്പറഞ്ഞ വാദഗതി. ഏതെങ്കിലും ആചാരം 'ദൈവവിധി'യുടെ പേരിൽ മാറ്റാനാവില്ലെന്ന് ശഠിച്ചാൽ യുക്തിപൂർവ്വമായ പരിശോധനയിൽ അത് നിരാകരിക്കപ്പെടുക തന്നെ ചെയ്യും. നേരായി ചിന്തിക്കുന്ന ആർക്കും അത് സ്വീകാര്യമാകില്ല. ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ മുത്തലാഖ് പോലുള്ള അനാശാസ്യമായ സമ്പ്രദായങ്ങളെ ന്യായീകരിക്കുന്നതിലെ പൊള്ളത്തരം വെളിവാകും. ദ്വിഭാര്യത്വം, ബഹുഭാര്യത്വം, ശൈശവവിവാഹം, പെൺഭ്രൂണഹത്യ, വന്ധ്യതയുടെ പേരിലോ പെൺകുഞ്ഞിനെ പ്രസവിച്ചതിന്റെപേരിലോ ഭാര്യയെ ഉപേക്ഷിക്കൽ, വന്ധ്യയായ സ്ത്രീക്ക് സാമൂഹ്യമായി ഭ്രഷ്ട് കൽപ്പിക്കൽ, വന്ധ്യയായ സ്ത്രീയുടെ ഭർത്താവിന് രണ്ടാംവിവാഹത്തിന് അനുമതി നൽകാൻ നിർബന്ധിക്കൽ, ഭർത്താവിന് ദൈവപ്രീതി കിട്ടാൻ ഭാര്യയെകൊണ്ട് മണിക്കൂറുകളോളം നിരാഹാരമെടുപ്പിക്കൽ, മംഗളകർമ്മങ്ങളിൽനിന്ന് വിധവകളെ ഒഴിവാക്കൽ, ആർത്തവസമയത്ത് സ്ത്രീകളെ അടുക്കളയിൽ കയറ്റാതിരിക്കൽ, ആരാധനാലയങ്ങൾ അശുദ്ധമാകുമെന്ന് പറഞ്ഞ് സ്ത്രീകൾക്ക് പ്രവേശനം നിഷേധിക്കൽ, ജൈനമതത്തിലെ ദയാവധം തുടങ്ങി മതത്തിന്റെയും പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയുമൊക്കെപ്പേരിൽ അനുഷ്ഠിക്കപ്പെടുന്ന എല്ലാ ദുരാചാരങ്ങളിലും ഇത് പ്രകടമാണ്.

അതിനാൽ, മുസ്ലീങ്ങളിൽ നല്ലൊരുപങ്ക് ആളുകൾ, വിശേഷിച്ച് സ്ത്രീകൾ, മുത്തലാഖ് നിരോധിക്കണമെന്നാവശ്യപ്പെടുമ്പോൾ, അത് പുരുഷാധിപത്യസമൂഹത്തിന്റെ ധിക്കാരമായും സ്ത്രീകളുടെ സ്വാതന്ത്ര്യവും അഭിമാനവും തകിടംമറിക്കുന്ന നടപടിയായും ഉടനടി അവസാനിപ്പിക്കേണ്ട ക്രൂരവും പിന്തിരപ്പനുമായ സമ്പ്രാദയമായും കാണുമ്പോൾ, അതിന്റെ ഗുണവശം സംബന്ധിച്ച് നിഷ്പക്ഷമായും വസ്തുനിഷ്ഠമായും യുക്തിഭദ്രമായും മുൻവിധിയോ, അന്ധതയോ, മർക്കടമുഷ്ടിയോ കൂടാതെയും വിശകലനം നടത്താൻ ഏതൊരാളും ബാദ്ധ്യസ്ഥനാണ്. അതിലൂടെ, അത് ന്യായമായ ഡിമാന്റ് ആണ് എന്ന് മനസ്സിലായാൽ അതിലെ നന്മയെ കെടുത്താനും തെറ്റിദ്ധാരണപരത്താനും നടത്തുന്ന എല്ലാ ശ്രമങ്ങളെയും ചെറുത്തുകൊണ്ട് അതിന് പിന്തുണ നൽകാനും ഏതൊരാൾക്കും ബാദ്ധ്യതയുണ്ട്.

**സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ചരിത്രം**

സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ചരിത്രം ഹ്രസ്വമായൊന്ന് അയവിറക്കിക്കൊണ്ട് മുന്നോട്ടുപോകാം. ജന്മിത്ത സമൂഹത്തിൽ അധികാരം കയ്യാളിയ പുരോഹിതവൃന്ദത്തിന്റെ ആജ്ഞാനുസരണമുള്ള മതാചാരങ്ങളും മറ്റും അന്ധമായി പിന്തുടരാൻ ജനങ്ങൾ നിർബന്ധിതരായിരുന്നു. മനുഷ്യൻ ദൈവസൃഷ്ടിയാണെന്ന് അവർ പ്രചരിപ്പിച്ചു. 'അവന്റെ ഇച്ഛ'യ്ക്കനുസരിച്ച് മാത്രമേ മനുഷ്യന് പ്രവർത്തിക്കാൻ കഴിയൂ. ആ ഇച്ഛയാണ് രാജാവിലൂടെയും പുരോഹിതരിലൂടെയും മറ്റും നടപ്പിലാക്കപ്പെടുന്നത്. മുതലാളിത്തം രംഗപ്രവേശനം ചെയ്തപ്പോൾ അത് ഈ പ്രമാണങ്ങളെ ചോദ്യം ചെയ്യുകയും ജന്മിത്തവ്യവസ്ഥ തകർത്ത് മനുഷ്യമനസ്സിനെ അന്ധവിശ്വാസങ്ങളുടെ ചങ്ങലക്കെട്ടുകളിൽനിന്ന് മോചിപ്പിക്കുകയും ചെയ്തു. ഒരു യഥാർത്ഥ മതേതര-ജനാധിപത്യ സംവിധാനത്തിൽ ഭരണകൂടത്തിലോ, പൊതുക്കാര്യങ്ങളിലോ മതത്തിന് യാതൊരു സ്ഥാനവുമില്ല. ചരിത്രത്തിന്റെ അനിഷേധ്യ നിയമങ്ങൾക്കനുസരിച്ച് മതം കാലഹരണപ്പെടുകയും എല്ലാ അർത്ഥത്തിലും പിന്തിരിപ്പനായിക്കഴിയുകയും ചെയ്തിരുന്നു. നിയമനിർമ്മാണവും മതേതര-ജനാധിപത്യഭരണകൂടത്തിന്റെ പ്രവർത്തനങ്ങളുമെല്ലാം മതത്തിന്റെ സ്വാധീനത്തിൽ നിന്ന് മുക്തമായിട്ടാണ് വീക്ഷിക്കപ്പെട്ടിരുന്നത്. മതം വ്യക്തിയുടെ സ്വകാര്യവിഷയമാണെന്നും സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരികരംഗങ്ങളിൽ ഇടപെടാൻ അതിന് അവകാശമില്ലെന്നുമുള്ള കാഴ്ചപ്പാടാണ് മതേതരത്വം ഉയർത്തിപ്പിടിച്ചത്. ഭരണകൂടത്തെയും പള്ളിയെയും വേർപെടുത്താൻ, അഥവാ ഭരണകൂടത്തെ പള്ളിയുടെ നിയന്ത്രണത്തിൽനിന്ന് മോചിപ്പിക്കാൻ, അതുവഴി സാമൂഹ്യാചാരങ്ങളെ മതത്തിന്റെ ബന്ധനത്തിൽനിന്ന് വേർപെടുത്താൻ വ്യക്തിസ്വാതന്ത്ര്യത്തിൽ, വിശേഷിച്ച് സ്ത്രീ സ്വാതന്ത്ര്യത്തിൽ അനാവശ്യമായ ഇടപെടൽ നടത്തിയിരുന്ന മതശാസനങ്ങളും മറ്റും നിരോധിക്കാൻ യൂറോപ്പിൽ സുദീർഘമായ പ്രചാരണപ്രവർത്തനങ്ങളും പോരാട്ടങ്ങളുമാണ് നടന്നത്. ഈ ആവശ്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന മതപരിഷ്ക്കരണപ്രസ്ഥാനം മാർട്ടിൻ ലൂതറെപ്പോലുള്ളവരുടെ നേതൃത്വത്തിൽ ഉയർന്നുവന്നത് ക്രിസ്തീയ സമുദായത്തിൽനിന്ന് തന്നെയായിരുന്നു. ഇതിന്റെ ഫലമായി അന്ധവിശ്വാസങ്ങളുടെയും മതാന്ധതയുടെയും ചങ്ങലക്കെട്ടുകൾ തകർക്കപ്പെട്ടു. ശാസ്ത്രത്തിന്റെ പുരോഗതിക്കനുസരിച്ചുള്ള ജനാധിപത്യ ജീവിതസങ്കൽപ്പങ്ങൾ കടന്നുവരികയും ജന്മിത്തത്തിൽനിന്ന് ജനാധിപത്യ സമൂഹത്തിലേയ്ക്കുള്ള പരിവർത്തനം സുഗമമാക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ ഇതിന് സമാനമായ മുന്നേറ്റമാണ് ഇന്ത്യൻ നവോത്ഥാനപ്രസ്ഥാനത്തിലും ഉണ്ടായത്. ഹൈന്ദവപുരോഹിതന്മാരും ആചാര്യന്മാരുമൊക്കെ മതത്തിന്റെ പേരിൽ പ്രചരിപ്പിച്ചിരുന്ന കാലഹരണപ്പെട്ടതും ക്രൂരവുമായ ആചാരാനുഷ്ഠാനങ്ങൾ തുടച്ചുനീക്കുന്നതിനുള്ള മതപരിഷ്ക്കരണപ്രസ്ഥാനം ഹിന്ദു സമുദായത്തിൽ വലിയ ചലനമുണ്ടാക്കി. എല്ലാ അന്ധവിശ്വാസങ്ങൾക്കും എതിരായി മനുഷ്യന്റെ മേധാവിത്വം സ്ഥാപിച്ചെടുക്കുന്നതിനായി നടത്തിയ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിലൂടെയാണ് സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം മുന്നേറിയത്.

എന്നാൽ, അറബ് ലോകത്തിന്റെ ചിത്രം വ്യത്യസ്തമായിരുന്നു എന്ന കാര്യം ഇസ്ലാമിക ചരിത്രം പഠിക്കുന്ന ഏതൊരു ചരിത്ര വിദ്യാർത്ഥിക്കും പണ്ഡിതനും മനസ്സിലാക്കാൻ സാധിക്കും. ഖേദകരമെന്നുപറയട്ടെ, സാമൂഹികവും ചരിത്രപരവുമായ കാരണങ്ങളാൽ ഒട്ടുമിക്ക അറബ് രാജ്യങ്ങളിലും നവോത്ഥാനമോ ജ്ഞാനോദയമോ സംഭവിക്കാതിരുന്നതുമൂലം അവിടങ്ങളിൽ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം നടന്നില്ല. അതുകൊണ്ടുതന്നെ, മാറിവരുന്ന സാമൂഹ്യാവശ്യകതയ്ക്കും പുരോഗമനത്വരയ്ക്കും നിരക്കുംപടി മുസ്ലീം ജനവിഭാഗത്തിനിടയിൽനിന്ന് മുമ്പേതന്നെ ഉയർന്നുവരേണ്ടിയിരുന്ന, പഴഞ്ചൻ മതാചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റും നിരോധിക്കണമെന്നാവശ്യപ്പെടുന്ന പ്രസ്ഥാനം, വളർന്നുവരാതിരുന്നതുമൂലം ആ കടമകൾ അവിടങ്ങളിൽ പൂർത്തീകരിക്കപ്പെടാതെ അവശേഷിച്ചു. അതിനാൽ പിന്നാക്കാവസ്ഥയും പിടിവാശിയുമൊക്കെ നിലനിൽക്കുകയും അവശതയനുഭവിക്കുന്ന മുസ്ലീം ജനവിഭാഗങ്ങളിൽ അഭികാമ്യമാംവിധമുള്ള

ശേഷം 10-ാം പേജിൽ)

# നിയമനം അട്ടിമറിക്കുന്നതിനെതിരെ വൈദ്യുതി ബോർഡ് തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് മാർച്ച്

**കെ**എസ്ഇബിയിലെ കരാർ തൊഴിലാളികളുടെ സ്ഥിരനിയമനം അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, അന്തിമലിസ്റ്റിലുള്ള മുഴുവൻ കരാർ തൊഴിലാളികൾക്കും ഉടൻ നിയമനം നൽകുക, തൊഴിലാളി ദ്രോഹ ലൈസൻസ് സമ്പ്രദായം ഉപേക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെഎസ്ഇബി- പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. വിവിധ ജില്ലകളിൽ നിന്നായി നൂറുകണക്കിനു തൊഴിലാളികൾ അണിനിരന്ന മാർച്ചിൽ പ്രതിഷേധം അലയടിച്ചുയർന്നു. യൂണിയൻ ജനറൽ സെക്രട്ടറി എസ്. സീതിലാൽ സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്തു. പാലക്കാട് വ്യവസായ തർക്കപരിഹാര കോടതി 2004-ൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ ഉത്തരവ് പുറപ്പെടുവിച്ചതാണ്. മാറിമാറിവന്ന സർക്കാരുകളുടെ തൊഴിലാളി ദ്രോഹ നിലപാടിനെ തള്ളിക്കളഞ്ഞുകൊണ്ട് ഹൈക്കോടതിയും സുപ്രീം കോടതിയുമെല്ലാം പാലക്കാട് ട്രൈബ്യൂണൽ വിധി ശരിവച്ചു. ഇപ്പോൾ ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ പിഎസ്സി നിയമന നടപടികൾ ആരംഭിച്ചിരിക്കുകയാണ്. എന്നാൽ ഈ നിയമനനടപടികൾ അട്ടിമറിക്കുവാൻ ചില രാഷ്ട്രീയ- ട്രേഡ്യൂണിയൻ- ഉദ്യോഗസ്ഥ വൃന്ദങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ നീക്കങ്ങളെ ചെറുത്തു പരാജയപ്പെടുത്തുവാൻ തൊഴിലാളികൾ ഒറ്റക്കെട്ടായി അണിനിരക്കണം, അദ്ദേഹം അഭ്യർത്ഥിച്ചു. സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി.കെ സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. പെറ്റി കോൺട്രാക്ട് തൊഴിലാളികളെ ഒഴിവാക്കിക്കൊണ്ട് വൻകിട കുത്തകകളെ ഈ രംഗത്തേയ്ക്ക് ആനയിക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന ലൈസൻസ് സമ്പ്രദായം പിൻവലിക്കണമെന്ന് അദ്ധ്യക്ഷൻ ആവശ്യപ്പെട്ടു. കെഎസ്ഇ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി എ.വി. ബെന്നി, എഐപിഎഫ് സംസ്ഥാന പ്രസിഡൻറ് ഡി.സുന്ദരേശൻ, വർക്കിംഗ് കമ്മിറ്റിയംഗം കെ.കെ.സുരേന്ദ്രൻ, യൂണിയൻ നേതാക്കളായ പി.കെ.സജി, ആർ.വേണുഗോപാൽ, ബി.വിനോദ്, ജെ.സുരേഷ് എന്നിവർ പ്രസംഗിച്ചു. പാളയം രക്തസാക്ഷിമണ്ഡപത്തിൽ നിന്നും ആരംഭിച്ച മാർച്ചിന് മുഹമ്മദ്അസ്ലം, കെ.പി.വർഗ്ഗീസ്, ടി.ജെ.സജിമോൻ, പി.നന്ദകുമാർ, അനൂപ് ജോൺ ഏരിമറ്റം, യു.എം.ബിനു, എ.അബ്ദുൾഖാദർ, ആന്റണി ലീനസ്, വി.പി.കൊച്ചുമോൻ, മാത്തുക്കുട്ടി, സെയ്തലവി എന്നിവർ നേതൃത്വം നൽകി. ■



**ഫൈനൽ ലിസ്റ്റിലുള്ള മുഴുവൻപേരെയും സ്ഥിരപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കെഎസ്ഇബി-പിസിസി ലൈൻവർക്കേഴ്സ് യൂണിയൻ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു**

# മുത്തലാഖ്: സാമൂഹ്യപരിഷ്ക്കരണത്തെ നയിക്കാൻ ബൂർഷ്വാസിക്ക് കഴിയില്ല

(9–ാം പേജിൽ നിന്ന്)

പ്രബുദ്ധതയും പുരോഗതിയും ഉണ്ടാകാതെ പോകുകയും ചെയ്തു. ഇത് സംഭവിക്കാൻ പാടില്ലാത്തതായിരുന്നു. ചരിത്രത്തിന്റെ നിന ച്ചിരിക്കാതെയുള്ള ഈ ചുറ്റിത്തിരിയൽ മൂലം, അടിച്ചമർത്തപ്പെടുന്ന മുസ്ലീം ജനസാമാന്യത്തെ മതാന്ധതയുടെയും അന്ധവിശ്വാസങ്ങളുടെയും യുക്തിഹീനതയുടെയും സങ്കീർണ്ണതകളിൽ തളച്ചിടാനും യുക്തിചിന്ത നിഷേധിക്കാനും മതമൗലികവാദികൾക്ക് അവസരം ലഭിച്ചു. മറ്റേതൊരു സമൂഹത്തെയുംപോലെ മുതലാളിത്ത ചൂഷണത്തിന്റെ ദുരിതങ്ങൾ പേറുന്ന ഈ ജനവിഭാഗത്തിന് സത്യം മനസ്സിലാക്കാനും തിരിച്ചറിയാനുമുള്ള അവസരം ഇതുവഴി നഷ്ടമായി. ആർക്കും അവഗണിക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണിത്.

**തുർക്കിയിലെ പരിഷ്ക്കാരണം**

ഇതിനൊരപവാദം തുർക്കിമാത്രമായിരുന്നു. അവിടെ സാമൂഹ്യപരിഷ്ക്കരണ ചരിത്രത്തിലെ ഇതിഹാസമായ മുസ്തഫ കെമാൽ അറ്റാത്തുർക്ക് തുർക്കിയുടെ സ്വാതന്ത്ര്യത്തിന് നായകത്വം വഹിക്കുകയും അവിടെ ജനാധിപത്യ റിപ്പബ്ലിക് സ്ഥാപിക്കുകയും ചെയ്തതിനുശേഷം സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ധീരമായ നേതൃത്വം നൽകി. ആത്മീയനേതാവായ ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കുക, മതപരമായ കോടതികളും വിദ്യാലയങ്ങളും നിർത്തലാക്കുക, പൊതുമേഖലയിൽ പണിയെടുക്കുന്നവർ ശിരോവസ്ത്രം ധരിക്കുന്നത് നിരോധിക്കുക, മതനിയമങ്ങൾക്കായുള്ള മന്ത്രാലയം അടച്ചുപൂട്ടുക, ആത്മീയാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന ധർമ്മസ്ഥാപനങ്ങൾ നിർത്തലാക്കുക, തുർക്കിത്തൊപ്പി ധരിക്കുന്നത് വിലക്കുക, വ്യവസായവൽക്കരണം ആരംഭിക്കുക, യൂറോപ്യൻ നാടുകളിലെ, വിശേഷിച്ച് അവയിൽ ഏറ്റവും പുരോഗമനസ്വഭാവം പ്രകടിപ്പിച്ച സ്വിറ്റ്സർലാണ്ടിലെ ജനാധിപത്യമാതൃക പിന്തുടർന്നുകൊണ്ട് നിയമാവലി രൂപപ്പെടുത്തുക തുടങ്ങിയ നടപടികളൊക്കെ അദ്ദേഹം കൈക്കൊണ്ടു. ചരിത്രത്തിലാദ്യമായി ഇസ്ലാമിക നിയമത്തെ മതേതര നിയമവ്യവസ്ഥയിൽനിന്ന് വേർപെടുത്തി മതപരമായ കാര്യങ്ങളിലേയ്ക്ക് ഒതുക്കുകയും ചെയ്തു. മുസ്തഫ കെമാൽ പ്രഖ്യാപിച്ചു:

"നമ്മുടെ രാജ്യത്തിന്റെ ആവശ്യങ്ങൾക്ക് വിരുദ്ധമായി നമ്മളെ വരിഞ്ഞുമുറുക്കിയിരിക്കുന്ന കെട്ടുപാടുകളിൽനിന്ന് നമ്മുടെ നീതിബോധത്തെയും നിയമങ്ങളെയും നിയമസ്ഥാപനങ്ങളെയുമെല്ലാം നമുക്ക് മോചിപ്പിക്കേണ്ടതുണ്ട്". സ്വത്തവകാശം, വിവാഹമോചനം തുടങ്ങിയ കാര്യങ്ങളിലൊക്കെ പുരുഷനോട് സ്ത്രീകൾക്ക് തുല്യത കിട്ടുന്ന ഒരു നിയമവ്യവസ്ഥ അദ്ദേഹം ആവിഷ്ക്കരിച്ചു. സ്ത്രീപുരുഷന്മാർ ഒന്നിക്കുന്നതിലൂടെയാണ് സമൂഹം പുരോഗതിയിലേയ്ക്ക് നീങ്ങുന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഒരു മീറ്റിംഗിൽ അദ്ദേഹം സ്ത്രീകളെ ആഹ്വാനം ചെയ്തത് വിദ്യാഭ്യാസത്തിനായുള്ള പോരാട്ടം വിജയംവരിക്കാൻ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾക്ക് പങ്കുവഹിക്കാൻ കഴിയുമെന്നാണ്. സാമൂഹിക ഉത്തരവാദിത്വങ്ങൾ സ്ത്രീകൾ കൂടി നിറവേറ്റിയില്ലെങ്കിൽ സമ്പൂർണ്ണമായ പുരോഗതി കൈവരിക്കാനാവില്ലെന്ന് അദ്ദേഹം പുരുഷന്മാരെ ഓർമ്മിപ്പിക്കുകയും ചെയ്തു. അപരിഹാര്യമായ പിന്നാക്കാവസ്ഥയിലേയ്ക്ക് നമ്മൾ പിന്തള്ളപ്പെടുമെന്നും യൂറോപ്യൻ നാഗരികതയ്ക്കൊപ്പമെത്താൻ നമുക്കൊരിക്കലും കഴിയാതെ വരുമെന്നും അദ്ദേഹം അവർക്ക് മുന്നറിയിപ്പുനൽകി.

**സാമൂഹ്യപരിഷ്ക്കരണത്തിന്റെ ഉത്തരവാദിത്വം ബൂർഷ്വാസിക്ക് ഏറ്റെടുക്കാനാവില്ല.**

ചരിത്രത്തിലെ ഒരു പുതുയുഗപ്പിറവിക്ക് ബൂർഷ്വാസി ഒരിക്കൽ നേതൃത്വം നൽകി. ശാസ്ത്രീയയുക്തിയും ന്യായവും ഉയർത്തിപ്പിടിച്ച് സത്യാന്വേഷണത്തിന്റെ പാതയിലൂടെ മുന്നേറുകയും കാലഹരണപ്പെട്ട ചിന്താഗതികൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പൊരുതുകയും ചെയ്തു. അവർ പിന്തിരിപ്പൻ സമ്പ്രദായങ്ങൾക്കും ആചാരങ്ങൾക്കും പകരം സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിനായി വമ്പിച്ച സാമൂഹ്യ–സാംസ്കാരിക പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ചു. എന്നാൽ അതേ ബൂർഷ്വാസി, ജീർണതയുടെ ഘട്ടമെത്തിയപ്പോൾ പിന്തിരിപ്പനായിത്തീരുകയും നിർദ്ദയമായ അടിച്ചമർത്തൽ ശക്തിയായിതീരുകയും ചെയ്തു. അതുകൊണ്ടുതന്നെ പുരോഗതിക്കുമുന്നിലെ പ്രധാന പ്രതിബന്ധമായി മുതലാളിത്തം മാറുകയും മുൻകാല ഭരണാധികാരിവർഗ്ഗങ്ങളെപ്പോലെ കാലഹരണപ്പെട്ട സ്വന്തം വർഗ്ഗഭരണം, ചൂഷണവാഴ്ച തുടർന്നുകൊണ്ടുപോകാനായി എല്ലാ അടവുകളും പയറ്റുന്ന സ്ഥിതിയിലെത്തുകയും ചെയ്തിരിക്കുന്നു. ചിന്താപ്രക്രിയയെ പിന്നോട്ടടിക്കുകയും ചിന്താശേഷിയുടെ മുനയൊടിക്കുകയും ചെയ്തുകൊണ്ട് സത്യത്തിലേയ്ക്കുള്ള പാത കൊട്ടിയടയ്ക്കുന്നതാണ് അതിൽ പ്രധാനം. സത്യം കണ്ടെത്താനും തീരുമാനങ്ങളെടുക്കാനും ജനങ്ങൾ ശാസ്ത്രീയ രീതി പിന്തുടരുകയും ശാസ്ത്രീയ മനോഭാവം പുലർത്തുകയും ചെയ്താൽ മുതലാളിത്ത വ്യവസ്ഥ എത്രത്തോളം കാലഹരണപ്പെട്ടിരിക്കുന്നുവെന്ന് അവർക്ക് എളുപ്പം മനസ്സിലാകും. എല്ലാ തിന്മകളുടെയും അപഭ്രംശങ്ങളുടെയും ദുരിതങ്ങളുടെയും വിവേചനങ്ങളുടെയും നിഷേധങ്ങളുടെയുമൊക്കെ മൂലകാരണം മുതലാളിത്ത വ്യവസ്ഥയാണെന്നും അതിനെ വിപ്ലവത്തിലൂടെ നിഷ്ക്കാസനം ചെയ്യുകമാത്രമാണ് മോചനമാർഗ്ഗമെന്നും ജനങ്ങൾ മനസ്സിലാക്കും. അതവരെ പ്രചോദിപ്പിക്കും.. അതിലേയ്ക്കുള്ള ശരിയായ പ്രക്രിയ അവർ സ്വായത്തമാക്കിയാൽ ജനങ്ങളുടെ യോജിച്ചതും ബോധപൂർവ്വവുമായ വിപ്ലവമുന്നേറ്റം മുതലാളിത്ത ചൂഷണവാഴ്ചയ്ക്കെതിരെയുണ്ടാകുകയും അവർ മുതലാളിത്ത വിരുദ്ധ തൊഴിലാളിവർഗ്ഗ വിപ്ലവം യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗം അവലംബിക്കുകയും ചെയ്യും. അതുകൊണ്ടാണവർ ജന്മിത്ത അവശിഷ്ടങ്ങളോടും മതാന്ധതയോടും മറ്റും സന്ധിചെയ്യുക മാത്രമല്ല എല്ലാത്തരം പിന്തിരിപ്പൻ ചിന്താഗതികളെയും നടപടികളെയും പ്രോത്സാഹിപ്പിക്കുകയും മതമൗലികവാദവും വർഗീയതയുമൊക്കെ ഊട്ടിവളർത്തുകയും മതശാസനങ്ങൾ അലംഘനീയമാണെന്ന ആത്മീയവാദ നിലപാടുകളെ പിന്തുണയ്ക്കുകയുമൊക്കെ ചെയ്യുന്നത്. അന്ധതയുടെയും മതഭ്രാന്തിന്റെയും മുൻവിധികളുടെയും യുക്തിരാഹിത്യത്തിന്റെയും വിധി വിശ്വാസത്തിന്റെയുമൊക്കെ ദുരൂഹ ഗർത്തങ്ങളിൽ ജനങ്ങളെ തളച്ചിടുക എന്ന ഏകലക്ഷ്യമാണ് അവർക്കുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ, സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം സാദ്ധ്യമാകണമെങ്കിൽ ബൂർഷ്വാജനാധിപത്യവിപ്ലവത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത കടമകൾ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവ പരിപാടിയിൽ ഉൾക്കൊള്ളിക്കുകയേ മാർഗ്ഗമുള്ളൂ. മതപ്രതിപത്തിയുടെയും യുക്തിഹീനമായ ചിന്താഗതികളുടെയും സ്ഥാനത്ത് മതേതര ശാസ്ത്രീയവീക്ഷണം പ്രോത്സാഹിപ്പിക്കുന്നതടക്കമുള്ള ഈ കർത്തവ്യങ്ങൾ, നാഗരികതയെ പുരോഗതിയിലേയ്ക്ക് നയിക്കാൻ ചരിത്രപരമായി ബാദ്ധ്യസ്ഥമായ തൊഴിലാളിവർഗ്ഗം നയിക്കുന്ന വിപ്ലവത്തിന്റെ ഭാഗമാകണം. ഈ കാലഘട്ടത്തിലെ ഏറ്റവും ഉന്നതമായ പ്രത്യയശാസ്ത്രമായ മാർക്സിസം–ലെനിനിസത്തിൽ അധിഷ്ഠിതമായി, ചരിത്രത്തിലെ ഏറ്റവും പുരോഗമനകാരിയായ വർഗ്ഗമെന്ന നിലയിൽ തൊഴിലാളിവർഗ്ഗം നയിക്കുന്ന വിപ്ലവമാണത്. ഇന്ത്യയുടെ കാര്യത്തിൽ, സാമൂഹികവും ചരിത്രപരവുമായ കാരണങ്ങളാൽ പൂർണ്ണമായി ജനാധിപത്യവൽക്കരണം നടന്നില്ല.

ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളായ സഖാവ് ശിബ്ദാസ് ഘോഷ്, ഇന്ത്യയുടെ മൂർത്ത സാഹചര്യത്തിൽ മാർക്സിസം മൂർത്തവൽക്കരിക്കാൻ നടത്തിയ ശ്രമത്തിന്റെ ഭാഗമായി ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. നമ്മുടെ ദേശീയ നേതാക്കൾ എല്ലാത്തരം മതപരമായ സങ്കുചിതത്വത്തിൽ നിന്നും പുറത്തുവരുന്നതിനുപകരം, ദേശീയ വിമോചന പോരാട്ടത്തിന് ആശയപരമായ അടിത്തറയൊരുക്കുന്നതിനായി, പുരാണങ്ങളിലും ഇതിഹാസങ്ങളിലുമൊക്കെ പ്രതിപാദിക്കുന്ന ഹിന്ദു മതമൂല്യങ്ങൾ ഊട്ടിവളർത്താൻ ആഹ്വാനം ചെയ്യുകയാണുണ്ടായത്. ഹിന്ദുമതാഭിമുഖ്യം പുലർത്തിയ ഈ ദേശീയബോധം മുസ്ലീങ്ങളുടെ വിശാല വിഭാഗങ്ങളെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ നിന്നകറ്റി നിർത്തുകയും ജനാധിപത്യ സമൂഹത്തിന്റെ തത്വസംഹിതകളുമായി പൊരുത്തപ്പെടാത്ത ഇസ്ലാമിക മതാചാരങ്ങളുമായി മുന്നോട്ടുപോകാൻ പ്രേരണ ചെലുത്തുകയും ചെയ്തു. ദേശീയവാദികളും മുസ്ലീം ജനവിഭാഗങ്ങളുമായുള്ള അകലം വർദ്ധിപ്പിക്കാനേ ഇതുപകരിച്ചുള്ളൂ. വ്യത്യസ്ത വിശ്വാസങ്ങൾ വച്ചുപുലർത്തുന്ന വ്യത്യസ്ത ജനവിഭാഗങ്ങളെ ഏകാത്മകമായ ഒരു സമൂഹമായി ഉദ്ഗ്രഥിച്ചെടുക്കുക എന്ന സുപ്രധാന കടമ ഇതുമൂലം പൂർത്തീകരിക്കപ്പെടാതെപോയി. പഴയജന്മിത്താചാരങ്ങളും ചിന്താഗതികളും സ്വഭാവങ്ങളും മതാന്ധതയുമെല്ലാം ജന്മിത്ത അവശിഷ്ടങ്ങൾ എന്ന നിലയിൽ ഇന്ത്യൻ മുതലാളിത്ത സമൂഹത്തിൽ അവശേഷിക്കുകയും ചെയ്തു. നമുക്ക് തികച്ചും മതേതരമായ ഒരു ദേശീയ ഉദയം ഉണ്ടാകാതെ പോയതിന്റെ കാരണവും മറ്റൊന്നല്ല. ഭരണഘടനയിലെ പല വകുപ്പുകളും പരസ്പര വിരുദ്ധമായി നിലകൊള്ളുന്നു. ഭരണഘടനയുടെ നിർമ്മാണത്തിൽ അഭികാമ്യമല്ലാത്ത പല വിട്ടുവീഴ്ചകളും കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു. വർഗ്ഗീയ മതമൗലികവാദ ശക്തികൾ ഈ പഴുതുകൾ മുതലെടുക്കുന്നു. അവരുടെ സങ്കുചിത താൽപ്പര്യാർത്ഥമുള്ള ഈ നടപടിക്ക് മുതലാളിവർഗ്ഗം ഒത്താശ ചെയ്യുന്ന സ്ഥിതിയാണ് ഇന്നുമുള്ളത്. മുത്തലാഖ് നിരോധിക്കണമെന്ന ഡിമാന്റിനെക്കുറിച്ച് ശരിയായ അവബോധമുണ്ടാകണമെങ്കിൽ ഈ പശ്ചാത്തലം മനസ്സിലാക്കിയിരിക്കണം. മുസ്ലീം മതാചാര്യന്മാരെയും മതമൗലിക വാദികളെയും എതിർക്കുന്ന ആർഎസ്എസ്–ബിജെപി–സംഘപരിവാർ ശക്തികളാകട്ടെ മുസ്ലീം വിരുദ്ധതയുടെ വിഷം ചീറ്റിക്കൊണ്ട് അന്തരീക്ഷം കൂടുതൽ മലീമസമാക്കുകയും വിഷയം കൂടുതൽ സങ്കീർണ്ണമാക്കുകയുമാണ് ചെയ്യുന്നത്.

**മുത്തലാക്ക് സമ്പ്രദായം**

ഇനി മുസ്ലീം വ്യക്തിനിയമത്തെക്കുറിച്ചും മുത്തലാക്കിനെക്കുറിച്ചും അൽപ്പം ചർച്ച ചെയ്യാം. ഇന്ത്യയിൽ വ്യത്യസ്ത മത,വംശീയ വിഭാഗങ്ങൾക്ക് പ്രത്യേകം വ്യക്തിനിയമങ്ങൾ നിലവിലുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനങ്ങളിൽ പ്രത്യേക നിയമങ്ങൾ പാസ്സാക്കപ്പെട്ടിട്ടുണ്ട്. ഗോവയിലെ ഒരു ഹിന്ദു ഹിന്ദു വിവാഹ നിയമമനുസരിച്ചല്ല വിവാഹം കഴിക്കുന്നത്. പുതുച്ചേരിയിലെ സ്ഥിതിയും ഇതുതന്നെ. കാശ്മീരിലെയും ഉത്തർപ്രദേശിലെയും മുസ്ലീം നിയമങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ക്രിസ്ത്യാനികൾക്ക് പ്രത്യേകം ക്രിസ്ത്യൻ നിയമവുമുണ്ട്. പാഴ്സികൾക്ക് പാഴ്സി നിയമവും. മൂന്ന് തവണ അടുപ്പിച്ച് തലാഖ് ചൊല്ലിയാൽ ഒരാൾക്ക് ഭാര്യയുമായുള്ള വിവാഹബന്ധം വേർപെടുത്താമെന്ന് 1937 ലെ Muslim Personal Law(Shariat) Application Act പറയുന്നു. മൂന്ന് തവണ തലാഖ് എന്നെഴുതിയ ഒരു കത്തോ, ഇമെയിലോ, ടെലഗ്രാമോ, എസ്എംഎസ്സോ അയച്ചാലും മതിയാകും. തലാഖ് അഥവാ വിവാഹബന്ധം വേർപെടുത്തൽ പുരുഷന്റെ ഏകപക്ഷീയവും അനിഷേധ്യവുമായ വിശേഷാവകാശമാണെന്നർത്ഥം. എത്ര നിസ്സാരമോ, ക്രൂരമോ ആയ കാരണത്തിന്മേലാണെങ്കിലും മുസ്ലീം സ്ത്രീ അത് അംഗീകരിച്ചേ തീരൂ. തലാഖ് ചൊല്ലപ്പെടുന്ന സ്ത്രീയുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ദുരിതങ്ങളും ദ്രോഹങ്ങളും അവൾക്കുണ്ടാകുന്ന അവമതിയും തലാഖിന്റെ സാമൂഹ്യമായ ദുരുപയോഗവുമൊക്കെ തുടരുമ്പോഴും 'മതേതര ഇന്ത്യ'യിൽ 'പാവനമായ ഒരു മതാചാരമായി ഇത് തുടരുന്നു. മുസ്ലീം വ്യക്തി നിയമബോർഡ് പോലുള്ള മൗലികവാദ സംഘടനകൾ ഇതിന് നായകത്വം വഹിക്കുകയും ചെയ്യുന്നു. ഇത് പാവനമാണെങ്കിൽ അലംഘനീയമാണെങ്കിൽ സുന്നി മുസ്ലീംങ്ങൾക്ക് മാത്രം ബാധകമായിരിക്കുന്നതെന്തുകൊണ്ട്? ഷിയാകൾക്ക് ബാധകമാകാത്തതെന്തുകൊണ്ട്? രണ്ടുകൂട്ടരും ഇസ്ലാം മതക്കാരാണല്ലോ. പല ഇസ്ലാമിക രാഷ്ട്രങ്ങളും മുസ്ലീം വ്യക്തിനിയമം ക്രോഡീകരിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്തതെങ്ങനെ? പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ഇറാൻ തുടങ്ങി 20 ലേറേ മുസ്ലീം രാഷ്ട്രങ്ങളിൽ മുത്തലാഖ് നിരോധിക്കപ്പെട്ടതെങ്ങനെ? ഈജിപ്തിൽ മുത്തലാഖ് ചൊല്ലി ബന്ധം വേർപെടുത്തുന്ന പുരുഷൻ താമസിക്കുന്ന ഫ്ളാറ്റും മറ്റുപകരണങ്ങളും ഭാര്യക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ബന്ധം വേർപെടുത്തൽ നിരക്ക് കുറഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സിറിയൻ നിയമത്തിലെ 72(1) വകുപ്പും സമാന സ്വഭാവത്തിലുള്ളതാണ്. സിറിയ, ഈജിപ്ത്, തുർക്കി, മൊറോക്കോ, ഇറാൻ, അസർ ബൈജാൻ, ടുണീഷ്യ, പാകിസ്ഥാൻ എന്നിവിടങ്ങളിലെല്ലാം ബഹുഭാര്യാത്വത്തിന് നിരോധനമോ കർശന നിയന്ത്രണമോ നിലനിൽക്കുന്നുണ്ട്. പാകിസ്ഥാനിൽ മുസ്ലീം കുടുംബ നിയമ ഓർഡിനൻസ് നടപ്പിലാക്കിയതിനുശേഷം ബന്ധം വേർപെടുത്തുമ്പോൾ ജീവനാംശം നൽകുന്നത് നിർബ്ബന്ധമാണ്. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇറാക്ക്, സൗദി അറേബ്യ എന്നിവിടങ്ങളിൽ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ശരിഅത്ത് ബാധകമാണ്. എന്നാൽ ഇന്ത്യ, മലേഷ്യ, ശ്രീലങ്ക എന്നിവിടങ്ങളിൽ അത് വ്യക്തി നിയമത്തിൽ മാത്രമേ ബാധകമാകുന്നുള്ളൂ. തുർക്കിയിലാകട്ടെ അത് നിയമവ്യവസ്ഥയുടെ ഭാഗമേ അല്ല. തുർക്കിയും സൈപ്രസും മതേതരമായ കുടുംബ നിയമമാണ് സ്വീകരിച്ചിട്ടുള്ളത്. ഷിയാ നിയമം നിലവിലുള്ള ഇറാനിൽ മുത്തലാഖിന് നിയമസാധുതയില്ല. രണ്ടാമതായി, മുത്തലാഖ് സംബന്ധിച്ച് ശരിഅത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. മത്തുപിടിച്ച ഒരാൾ മുത്തലാഖ് ചൊല്ലുന്ന കാര്യത്തിൽ ഈ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നു.

പല ഇസ്ലാമിക ചരിത്ര പണ്ഡിതന്മാരും ചൂണ്ടിക്കാണിക്കുന്നത് ശരിഅത്ത് അതേപടി വിശുദ്ധ ഖുറാനിൽ നിന്നെടുത്തതല്ല, പല ഹനീഫമാരും നൽകിയ വ്യാഖ്യാനങ്ങളാണ് അതെന്നാണ്. അറേബ്യൻ നാടുകളിൽ നിന്ന് ഇസ്ലാംമതം മറ്റു ദേശങ്ങളിലേയ്ക്ക് വ്യാപിക്കുകയും കാലം മുന്നോട്ടുപോകുകയും ചെയ്തതോടെ ഇസ്ലാം മതം പിന്തുടരുന്നവരുടെ ജീവിതത്തിൽ അനേകം പ്രശ്നങ്ങൾ പ്രത്യക്ഷപ്പെട്ടു എന്നതാണ് വസ്തുത. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായി അവർ പ്രമുഖ മതപണ്ഡിതരെ സമീപിച്ചു. ഓരോരുത്തരും വ്യാഖ്യാനങ്ങൾ നൽകി. ഇതെല്ലാം ശരിഅത്തിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. ഇവയൊക്കെ ആത്മനിഷ്ഠമായ വ്യാഖ്യാനങ്ങളാണ് എന്നതിനാൽ അവയൊക്കെ തമ്മിൽ അന്തരവും നിലനിൽക്കുന്നു. സുന്നികൾ നാല് ഇമാമുമാരുടെ വ്യാഖ്യാനങ്ങൾ ക്രോഡീകരിച്ച ശരിഅത്തിന്റെ ഒരു പ്രത്യേക വകഭേദമാണ് പിന്തുടരുന്നത്. പല വിഷയങ്ങളിലും ഇവരുടെ അഭിപ്രായങ്ങൾ തമ്മിലും അന്തരമുണ്ട്. ഏകപക്ഷീയമായ തലാഖ് അംഗീകരിക്കാത്ത മുസ്ലീംവിഭാഗങ്ങളുമുണ്ട്. "ഒമയ്യാദ് രാജാക്കന്മാരുടെ ആവശ്യപ്രകാരം അവരുടെ ആശ്രിതനായ ഒരു മുസ്ലീം പണ്ഡിതൻ തയ്യാറാക്കിയതാണ് മുത്തലാഖെന്നും ഇത് ദൈവത്തിന്റെ വെളിപാട് ആണെന്ന് മുസ്ലീംങ്ങളെ പറഞ്ഞ് വിശ്വസിപ്പിക്കുന്നതാണെന്നും പ്രവാചകനായ മുഹമ്മദ് മരിച്ച് വളരെക്കഴിഞ്ഞ് മുഹമ്മദൻ ഇറയുടെ രണ്ടാം നൂറ്റാണ്ടിലാണ് ഇത് സംഭവിച്ചതെന്നും" ഇസ്ലാമിക ചരിത്ര

(ശേഷം 11–ാം പേജിൽ)

# മുത്തലാഖ്: മതവും ആചാരങ്ങളും ഒന്നല്ല

(10-ാം പേജിൽ നിന്ന്)

ത്തിന്റെ ഒരു വ്യാഖ്യാതാവ് ചൂണ്ടിക്കാണിക്കുന്നു. (2016 നവംബർ 4 ന്റെ ടൈംസ് ഓഫ് ഇന്ത്യയിൽ ഹനീഫ് മുറാദ് എഴുതിയ ലേഖനം) "ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം വിവാഹം എന്നത് ഒരു ദിവ്യ കർമ്മമല്ല, പൗരന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട ഒരു കരാറാണ്, എന്നും അദ്ദേഹം തുടർന്ന് പറയുന്നു. പാകിസ്ഥാൻ സുപ്രീംകോടതി പറയുന്നു: "മുസ്ലീങ്ങൾക്കിടയിൽ വിവാഹം എന്നത് ഒരു ദിവ്യകർമ്മമല്ല, നിയമപരമായ ഒരു കരാറാണ്. ഇത്തരമൊരു കരാറിന്റെ ആത്മീയവും സദാചാരപരവുമായ വശങ്ങളെ സംബന്ധിച്ച് പ്രത്യക്ഷവും പരോക്ഷവുമായ പല അഭിപ്രായങ്ങളും ഉണ്ടാകാമെങ്കിലും അതിന്റെ സത്തയിൽ അത് കക്ഷികൾ തമ്മിലുള്ള ഒരു കരാർ തന്നെയാണ്"(മേൽപ്പറഞ്ഞ ലേഖനം). മറ്റൊരു വ്യാഖ്യാതാവ് എഴുതുന്നു: "ഒരിക്കൽ രണ്ടുപേർ എത്രയും പെട്ടെന്ന് തങ്ങളുടെ വിവാഹ ജീവിതം അവസാനിപ്പിക്കാൻ ആഗ്രഹിച്ചു. അവർ മുത്തലാഖ് ചൊല്ലി. പ്രവാചകൻ ഇതിൽ ക്ഷുഭിതനായി. ആധികാരികമായ ഒരു ആചാരമാണ്, ആറ് ഹദീസ് ഗ്രന്ഥങ്ങളിലായി രേഖപ്പെടുത്തിയിട്ടുള്ളത്. "ഞാൻ ഇവിടെ ജീവനോടെ ഉണ്ട്. നിങ്ങൾ ഖുറാന്റെ നിയമങ്ങളെ പരിഹസിക്കുകയാണോ" എന്നാണദ്ദേഹം ചോദിച്ചത്. അദ്ദേഹം മുത്തലാഖ് റദ്ദാക്കി. വിവാഹ ബന്ധം വേർപെടുത്താൻ അനുവദിച്ചില്ല. ആ ബന്ധം നിലനിന്നു. "മുത്തലാഖിന് യഥാർത്ഥ ഇസ്ലാമിക നിയമത്തിൽ അംഗീകാരമില്ല, ഇറാൻ നിയമത്തിൽ അത് നിലനിൽക്കുന്നേയില്ല. ഇറാനിൽ ഒരിടത്തും മുത്തലാഖ് എന്നൊരു വാക്കേ ഇല്ല. ഇതെല്ലാം കെട്ടുകഥയാണ്. ഇത് കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്നും 'ഹറാ'മാണ് എന്നും മൗലവിമാരും സമ്മതിക്കുന്നു. നിയമത്തിൽ ഇത് നല്ലതാണെങ്കിലും ദൈവശാസ്ത്രത്തിൽ ഇത് നല്ലതല്ല എന്നാണവരുടെ അഭിപ്രായം. ഇത് അപഹാസ്യമാണ്."(*പ്രൊഫ.താഹിർ മഹമൂദ്, ദേശീയ ന്യൂനപക്ഷ കമ്മീഷൻ മുൻ മേധാവി, 'ഫണ്ട് ലൈൻ', 2016 നവംബർ 11*). മുത്തലാഖ് ദൈവികമാണെന്നും അത് അലംഘനീയമാണെന്നുമുള്ള വാദഗതികളൊക്കെ നിരാകരിക്കുന്നതാണ് ഈ വിശദീകരണങ്ങൾ.

**മതം, നിയമാവലി, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയൊക്കെ വിഭിന്നങ്ങളാണ്**

ഇന്ത്യൻ സമൂഹത്തിന്റെ ജനാധിപത്യ വൽക്കരണം പൂർത്തീകരിക്കാത്തതുമൂലം ജനങ്ങൾ ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയുമൊക്കെ പേരിൽ അനൈക്യത്തോടെ നിലകൊള്ളുന്നതിനാൽ ഇത്തരത്തിൽ ഉയർന്നുവരുന്ന വിഷയങ്ങളെയും ബന്ധപ്പെട്ട വിവാദങ്ങളെയും എങ്ങനെ സമീപിക്കണം എന്നതു സംബന്ധിച്ച് സഖാവ് ശിബ്ദാസ്ഘോഷ് പ്രദാനം ചെയ്ത അമൂല്യമായ പാഠങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പിന്തുടരേണ്ടത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അദ്ദേഹം പറഞ്ഞു: "ഇന്നും നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യ, സാംസ്ക്കാരിക വിപ്ലവകടമകൾ പൂർത്തീകരിക്കപ്പെടാതെ അവശേഷിക്കുകയാണ്. ആ കടമകൾ ഏറ്റെടുക്കാൻ ജനാധിപത്യ മുന്നേറ്റത്തിന് കഴിയണം. ഇവ പൂർത്തീകരിക്കാതെ, ജനങ്ങൾ, സാമൂഹ്യവും മതപരവുമായ മുൻവിധികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആചാരങ്ങളിൽ നിന്നും മുക്തരാകാതെ, സാമൂഹ്യവും സാംസ്ക്കാരികവുമായി അവർക്കിടയിലുള്ള വേലിക്കെട്ടുകൾ തകർക്കാതെ, രാഷ്ട്രീയമായി മാത്രമല്ല സാമൂഹ്യമായി പരിവർത്തനം ചെയ്യപ്പെടാതെ, വർഗ്ഗീയത തുടച്ചുനീക്കുക എന്നത് യാഥാർത്ഥ്യമാകില്ല. ഇത് മതത്തിനെതിരായ ഒരു പ്രസ്ഥാനമല്ല എന്ന കാര്യം ഒരിക്കൽക്കൂടി ഞാൻ ഊന്നിപ്പറയുകയാണ്. വിശ്വാസികളുടെയും അവിശ്വാസികളുടെയും സ്വാതന്ത്ര്യത്തിന്റെയും തുല്യതയുടെയും അടിസ്ഥാനത്തിലുള്ള മുന്നേറ്റമാണിത്. മതവും മതപരമായ ആചാരങ്ങളും രണ്ട് വ്യത്യസ്ത കാര്യങ്ങളാണ്. മാറുന്ന സാമൂഹ്യ സാഹചര്യങ്ങൾക്കനുസരിച്ച് ആചാരങ്ങൾ മാറിയിട്ടുണ്ട്. ഇനിയും മാറുകയും ചെയ്യും. അതുകൊണ്ടുതന്നെ നിലവിലുള്ള ഏതെങ്കിലും ആചാരത്തിൽ മാറ്റം വരുത്താൻ വേണ്ടി പൊരുതുന്ന ആളെ മതവിരോധിയായി മുദ്രകുത്താനാകില്ല. തുർക്കിയുടെ ജനാധിപത്യ പ്രക്രിയയ്ക്ക് വിഘാതം നിന്ന ഇസ്ലാം മതാചാരങ്ങൾക്കെതിരെ, ഒരു യഥാർത്ഥ മുസ്ലീം ആയിരുന്ന കെമാൽ അതാതുർക്ക്, പൊരുതിയില്ലേ, ഈജിപ്തിൽ പല ഇസ്ലാം മതാചാരങ്ങളും എടുത്തുകളയുന്ന നാസർ ഒരു മുസ്ലീമല്ലേ. ഫലത്തിൽ ഒരു ഇസ്ലാമിക ആചാരവും അനുഷ്ഠിക്കുന്ന ആളല്ല ജിന്ന. ജിന്ന ഒരു മുസ്ലീമല്ലെന്ന് ഏതെങ്കിലുമൊരു മുസ്ലീം പറയുമോ? മുമ്പ് അനുഷ്ഠിച്ചിരുന്ന പല ആചാരങ്ങളും ഹിന്ദുക്കൾ ഉപേക്ഷിച്ചിട്ടില്ലേ? ഇന്നത്തെ സാമൂഹ്യാവശ്യകതയ്ക്ക് നിരക്കാത്ത എല്ലാ മതപരമായ ആചാരങ്ങൾക്കെതിരെയും ജനാധിപത്യ മുന്നേറ്റം പൊരുതുകതന്നെ ചെയ്യും. അത് മതത്തിനെതിരായ പോരാട്ടമല്ലെന്നുമാത്രം."(വർഗ്ഗീയതാ പ്രശ്നത്തെപ്പറ്റി)

**സ്ത്രീ വിമോചനമാണ് യഥാർത്ഥ പ്രശ്നം**

മുത്തലാഖോ മറ്റേതെങ്കിലും മതാചാരമോ റദ്ദാക്കുന്ന വിഷയത്തിൽ നമ്മുടെ കാഴ്ചപ്പാട് രൂപീകരിക്കുമ്പോൾ മുന്തിയ പരിഗണന നൽകേണ്ടത് എന്തിനാണ്? മതശാസനകൾ അലംഘനീയങ്ങളാണെന്ന മർക്കട മുഷ്ടിക്കാണോ? ആർഎസ്എസ്-ബിജെപി വർഗ്ഗീയവാദികൾ മനഃപൂർവ്വം സൃഷ്ടിക്കുന്ന കോലാഹലങ്ങൾക്കാണോ? അതോ പുരുഷമേധാവിത്വ സമൂഹം അടിച്ചേൽപ്പിക്കുന്ന അടിമത്തത്തിൽ നിന്നുള്ള സ്ത്രീകളുടെ മോചനത്തിനാണോ? ശരിയായ മാനുഷിക വീക്ഷണം ഇതിലേതാണ് സ്വീകരിക്കുക? സാമൂഹ്യ പുരോഗതിയുടെ കവാടം തുറക്കാൻ പര്യാപ്തമായതേതാണ്? മുത്തലാഖിന് ഇരയായ സ്ത്രീകളുടെ ദയനീയ സ്ഥിതിയിൽ മനസ്സുരുകുന്ന, നേരായി ചിന്തിക്കുന്ന ഏതൊരാളും മുഴുവൻ സ്ത്രീകളുടെയും വിമോചനത്തിനാണ് തീർച്ചയായും പ്രാമുഖ്യം നൽകുക, എന്നാൽ ആ വിമോചനം എങ്ങനെയാണ് സാദ്ധ്യമാകുക? അടിച്ചമർത്തപ്പെടുന്ന ഇതര ജനവിഭാഗങ്ങളുമായി ഐക്യപ്പെട്ടുകൊണ്ട് മുസ്ലീം സമുദായത്തിൽനിന്നുതന്നെ പരിഷ്ക്കരണത്തിനായുള്ള മുറവിളി ഉയരണം എന്നതാണ് ആദ്യപടി. മുസ്ലീങ്ങളല്ലാത്തവർ ആ ഡിമാന്റ് ഉയർത്തുകയോ ഗവണ്മെന്റ് നിയമനിർമ്മാണം നടത്തി അതിലിടപെടുകയോ ചെയ്താൽ മുസ്ലീങ്ങൾക്കിടയിൽ അതിന് അംഗീകാരം ലഭിക്കുകയോ ഉദ്ദേശിച്ച ഫലം ഉളവാക്കുകയോ ചെയ്യില്ല. എന്നുമാത്രമല്ല, അത് തിരിച്ചടിക്കുകയും ഇന്ന് കാണുന്നതുപോലെ മതമൗലികവാദത്തിലേയ്ക്കുള്ള ചായ്‌വും ജനങ്ങൾക്കിടയിലുള്ള വർഗ്ഗീയമായ ചേരിതിരിവും പോലുള്ള അനാവശ്യമായ സ്ഥിതിവിശേഷം സൃഷ്ടിക്കപ്പെടുകയും ചെയ്യും. 'സതി' പോലെ പൈശാചികമായൊരു ആചാരം നിരോധിക്കുന്നതിനുവേണ്ടി റാംമോഹൻ നടത്തിയ ഐതിഹാസിക പരിശ്രമവും വിധവാ വിവാഹം നടപ്പിൽ വരുത്താനായി വിദ്യാസാഗർ നടത്തിയ അക്ഷീണമായ പ്രയത്നവും, അഹിന്ദുക്കൾ ആ ആവശ്യം ഉന്നയിക്കുകയോ ഗവണ്മെന്റ് ഒരു നിയമനിർമ്മാണത്തിലൂടെ അത് നിരോധിക്കുകയോ ആണ് ചെയ്തിരുന്നതെങ്കിൽ, ഫലം കാണില്ലായിരുന്നു എന്ന കാര്യം ഓർക്കേണ്ടതുണ്ട്. ഹിന്ദു ജനസാമാന്യത്തെക്കൊണ്ട് ആ ആവശ്യം ഉന്നയിപ്പിക്കാനും അതുവഴി ഹിന്ദു പൗരോഹിത്യത്തെ ഒറ്റപ്പെടുത്താനും കഴിഞ്ഞതുകൊണ്ടാണ് റാംമോഹനും വിദ്യാസാഗർക്കും വിജയം വരിക്കാൻ കഴിഞ്ഞത്. ഇവിടെയും സ്ത്രീകളുടെ വിമോചനം സാദ്ധ്യമാകണമെങ്കിൽ മുസ്ലീം സ്ത്രീ-പുരുഷന്മാരിൽ ശരിയായ അവബോധം വളർന്നുവരണം. നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിൽ ഞെരിഞ്ഞമരുന്ന മറ്റേതൊരു മർദ്ദിത സമൂഹത്തിന്റെയും താൽപ്പര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് തങ്ങളുടെ താൽപ്പര്യങ്ങളുമെന്ന കാര്യവും അവർ തിരിച്ചറിയണം. മുത്തലാഖ് നിരോധിക്കണമെന്ന ആവശ്യം, 'ദുരഭിമാനക്കൊല'യും പെൺഭ്രൂണഹത്യയും പോലെ ഹിന്ദുസമുദായത്തിൽ നിലനിൽക്കുന്ന പൈശാചികമായ സമ്പ്രദായങ്ങൾ അവസാനിപ്പിക്കണമെന്ന ഡിമാന്റുമായി പൊരുത്തപ്പെടുന്നതാണെന്ന വസ്തുതയ്ക്കും ഊന്നൽ നൽകണം. രണ്ടും ഒരുപോലെ സ്ത്രീവിരുദ്ധവും പിന്തിരിപ്പനും പ്രാകൃതവുമാണ്. മുത്തലാഖ് പോലുള്ള പിന്തിരിപ്പനായ ആചാരങ്ങൾ നിർത്തലാക്കാനുള്ള സമ്മർദ്ദം മുസ്ലീം ജനസാമാന്യത്തിൽ നിന്നു തന്നെ ഉയർന്നുവരണം. ന്യായമായ ഈ ആവശ്യം കുറ്റമറ്റതും യുക്തിസഹവുമായ ഒരു അടിത്തറയിൽ ഉയർത്തപ്പെടുകയും അത് ഒരു മഹാപ്രസ്ഥാനമായി വളർന്നുവരികയും ചെയ്യുമ്പോൾ മതമൗലിക വാദശക്തികൾക്ക് അതിനെ വഴിതെറ്റിക്കാനോ മുസ്ലീം വിരുദ്ധരുടെ കുത്തിത്തിരുപ്പായി ചിത്രീകരിച്ചുകൊണ്ട് ആശയക്കുഴപ്പമുണ്ടാക്കാനോ കഴിയില്ല. പ്രാകൃതമായ ആചാരങ്ങൾക്കെതിരെ ഇവ്വിധം ഉയർന്നുവരുന്ന മുസ്ലീം സ്ത്രീകളുടെ മുന്നേറ്റങ്ങൾക്കും മറ്റ് പരിഷ്ക്കരണ പ്രസ്ഥാനങ്ങൾക്കും ഗതിവേഗം ആർജ്ജിക്കാൻ കഴിയണമെങ്കിൽ ജനങ്ങളുടെ യോജിച്ച സമരങ്ങളും ജനാധിപത്യ പ്രക്ഷോഭങ്ങളും സമൂഹത്തിൽ ശക്തിപ്പെടേണ്ടതുണ്ട്. ജാതി-മത-വംശീയ പരിഗണനകൾക്കൊക്കെ ഉപരിയായി, ജനങ്ങളുടെ നീറുന്ന ജീവിത പ്രശ്നങ്ങളുടെമേൽ, അദ്ധ്വാനിച്ചു ജീവിക്കുന്ന ജനവിബാഗങ്ങളെയാകെ അണിനിരത്തിക്കൊണ്ട്, കൃത്രിമമായ വിഭാഗീയതകൾക്കെല്ലാം അതീതമായി, ഉന്നതമായ തൊഴിലാളിവർഗ്ഗ നീതി ബോധത്തിലും സംസ്ക്കാരത്തിലും അധിഷ്ഠിതമായി, ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിൽ വേണം ഇത്തരം ശക്തമായ മുന്നേറ്റങ്ങൾ വളർന്നുവരാൻ. പൊതുവായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് വളർന്നുവരുന്ന സാംസ്ക്കാരിക അന്തരീക്ഷത്തിലേയ്ക്ക് ചൂഷിതനായ ഏതൊരാളും ആകർഷിക്കപ്പെടും. അത് സ്ത്രീയോ പുരുഷനോ ആകാം. ഏത് മതവിഭാഗത്തിൽപെടുന്ന ആളുമാകാം. ജനങ്ങളുടെ ബോധപൂർവ്വമായ പങ്കാളിത്തം അത്തരമൊരു പ്രസ്ഥാനത്തിന് ഉറപ്പാക്കാൻ കഴിയും. ജനങ്ങൾക്കിടയിലുള്ള അവിശ്വാസം, സഹാനുഭൂതിയില്ലായ്മ, സംശയം, അന്ധത, മതഭ്രാന്ത്, പിടിവാശി തുടങ്ങിയ ജനങ്ങളുടെ ഐക്യം തകർക്കാൻ സ്ഥാപിത താൽപ്പര്യക്കാർ വളർത്തിയെടുക്കുന്ന തിന്മകളൊക്കെ തുടച്ചുനീക്കാൻ ഇത്തരമൊരു ബൃഹത്തായ ജനമുന്നേറ്റത്തിന് സാധിക്കും.

പിന്തിരിപ്പൻ ശക്തികളുടെ ഗൂഢനീക്കങ്ങളുടെ ഫലമായി സമൂഹത്തിൽ വർഗ്ഗീയ പിരിമുറുക്കവും ശത്രുതയുമൊക്കെ പടരുമ്പോൾ, ഇത്തരമൊരു മഹത്തായ ജനാധിപത്യ മുന്നേറ്റത്തിന് സഹായകമാംവിധം വർഗ്ഗീയ വിരുദ്ധ പ്രസ്ഥാനം വളർത്തിയെടുക്കാൻ ജനാധിപത്യ ശക്തികൾ ശ്രമം നടത്തണം. മറ്റ് സമുദായങ്ങളിലെ അദ്ധ്വാനിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങളുടെ പിന്തുണ ലഭിച്ചെങ്കിൽ മാത്രമേ തങ്ങൾ നടത്തുന്ന പോരാട്ടം വിജയം വരിക്കൂ എന്ന കാര്യം മുസ്ലീം സ്ത്രീ-പുരുഷന്മാരും മനസ്സിലാക്കണം. അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന ഈ വിഷയങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാനും മർദ്ദിതരായ മുസ്ലീം സ്ത്രീകൾ ഉന്നയിക്കുന്ന ന്യായമായ ഡിമാന്റ് മതമൗലികവാദികളുടെയും മറ്റ് പിന്തിരിപ്പൻ ശക്തികളുടെയും കുത്തിത്തിരുപ്പിന് വിധേയമാകുന്നില്ല എന്നുറപ്പുവരുത്താനും ഹിന്ദു-മുസ്ലീം വിഭാഗങ്ങളിൽ പെടുന്ന മനഃസാക്ഷിയുള്ള ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## നിലമ്പൂരിലെ വ്യാജ ഏറ്റുമുട്ടൽ കൊല: ഭരണകൂട ഭീകരത

**മാ**വോയിസ്റ്റുകളെന്ന പേരിൽ വ്യാജ ഏറ്റുമുട്ടലിലൂടെ രണ്ട് പേരെ കൊലപ്പെടുത്തിയ പോലീസ് നടപടി ഭരണകൂട ഭീകരതയാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് അഭിപ്രായപ്പെട്ടു. ഏറ്റുമുട്ടൽ നടന്നു എന്ന് പറയപ്പെടുന്ന സ്ഥലത്ത് നിന്നും ഒരു പിസ്റ്റൾ അല്ലാതെ ആയുധങ്ങൾ ഒന്നും തന്നെ കണ്ടെടുക്കുവാൻ പോലീസിനായിട്ടില്ല. മാത്രമല്ല, മൃതദേഹം കിടന്ന സ്ഥലത്ത് ഏറ്റുമുട്ടൽ നടന്നതിന്റെ ഒരുവിധ സൂചനകളും ഉണ്ടായിരുന്നില്ല. ആ പ്രദേശത്തേക്ക് മാധ്യമപ്രവർത്തകരെ പ്രവേശിപ്പിക്കാതിരുന്നത് സംശയം ബലപ്പെടുത്തുന്നു. പല സംസ്ഥാനങ്ങളിലും കഴിഞ്ഞ കുറേ വർഷങ്ങളായി നടക്കുന്ന ഏറ്റുമുട്ടൽ കൊലകൾ ഭരണകൂടത്തിന്റെ ആസൂത്രണമായിരുന്നു എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. സിപിഐ(എം) നേതൃത്വം നൽകുന്ന ഒരു സർക്കാരിന്റെ കാലത്ത് നടത്തിയ നരനായാട്ട് അപലപനീയമാണ്. വ്യാജ ഏറ്റുമുട്ടലുകൾക്കെതിരെ കാലാകാലങ്ങളിൽ സിപിഐ(എം) ഉയർത്തിയിട്ടുള്ള എതിർപ്പും സത്യസന്ധമല്ല എന്നാണ് ഈ സംഭവത്തിലൂടെ വ്യക്തമാകുന്നത്. ഭരണത്തിലുള്ള സിപിഐ പോലും പ്രസ്തുത നടപടിക്കെതിരെ രംഗത്ത് വന്നിരിക്കുന്നു. ജനങ്ങളുടെ നീറുന്ന ജീവിതപ്രശ്നങ്ങൾ ഉയർന്നുവരുമ്പോഴെല്ലാം ഭരണകൂടം വ്യാജ പ്രശ്നങ്ങൾ ആസൂത്രിതമായി ഉയർത്തികൊണ്ട് വരാറുണ്ട്. നോട്ട് റദ്ദാക്കിയതിനെ തുടർന്ന് ജനങ്ങൾ പ്രക്ഷോഭത്തിലായിരിക്കുമ്പോഴാണ് ഈ സംഭവമെന്നത് സംശയം ബലപ്പെടുത്തുന്നു. ഭരണകൂട ഭീകരതയ്ക്കെതിരെ ജനാധിപത്യ സമരമാർഗ്ഗങ്ങളിലൂടെ പ്രതിരോധം ഉയർത്തുവാൻ ജനങ്ങൾ തയ്യാറാവണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അഭ്യർത്ഥിച്ചു. ■




**ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ നവംബർ 30 ന് കേരള സാഹിത്യ അക്കാദമി ഹാളിൽ സംഘടിപ്പിച്ച, വിദ്യാഭ്യാസ വായ്പയെടുത്ത് ജപ്തി ഭീഷണിനേരിടുന്നവരുടെ തൃശൂർ ജില്ലാതല പ്രവർത്തക യോഗം പ്രമുഖ സാമൂഹിക പ്രവർത്തകൻ ജയിംസ് മുട്ടിക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഐഎൻപിഎ ജില്ലാ വൈസ്പ്രസിഡന്റ് ടി.വാസുദേവൻ, ജില്ലാ സെക്രട്ടറി സിസലി ഏലിയാസ്, ജില്ലാ കോ-ഓർഡിനേറ്റർ സി.കെ.ശിവദാസൻ, ജില്ലാ പ്രസിഡന്റ് ഡോ.പി.എസ്.ബാബു എന്നിവരും വേദിയിൽ** ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/12/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 43 No.8
Price : Rs 5.00
December 2016

# സഖാവ് ഫിദൽ കാസ്ട്രോയ്ക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ക്യൂബൻ കമ്മ്യൂണിസ്റ്റ് പാർട്ടി ജനറൽ സെക്രട്ടറിക്ക് അയച്ച കത്ത്

To, **ജനറൽ സെക്രട്ടറി** 26.11.2016
കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ക്യൂബ, ഹവാന.

പ്രിയ സഖാവേ, സഖാവ് ഫിദൽ കാസ്ട്രോയുടെ വേർപാടിൽ ഞങ്ങൾ അതീവ ദുഃഖിതരാണ്. യു.എസ്. സാമ്രാജ്യത്വം നയിക്കുന്ന ലോക സാമ്രാജ്യത്വ ക്യാമ്പിന്റെ എല്ലാ ഭീഷണികളെയും ഇടങ്കൊലിടലുകളെയും ആക്രമണങ്ങളെയും അതിജീവിച്ചുകൊണ്ട് ക്യൂബയിൽ സോഷ്യലിസം സ്ഥാപിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്തു അദ്ദേഹം. ധീരനായ ആ കമ്മ്യൂണിസ്റ്റ് വിപ്ലവനേതാവിന്റെ അസാധാരണമായ പോരാട്ടവും നിർണ്ണായകമായ പങ്കും ലാറ്റിനമേരിക്കയിൽ മാത്രമല്ല, ലോകമെമ്പാടുമുള്ള സാമ്രാജ്യത്വവിരുദ്ധ പോരാളികൾക്കും കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്കും നിലയ്ക്കാത്ത പ്രചോദനമാണ്. ക്യൂബയിൽ സഖാവ് ഫിദൽ നടത്തിയ അസാധാരണമായ വിപ്ലവ പോരാട്ടമാണ്, ലാറ്റിനമേരിക്കയിലെ അടിച്ചമർത്തപ്പെട്ട ജനങ്ങൾക്ക് യുഎസ് സാമ്രാജ്യത്വത്തിന്റെ സ്വേച്ഛാധിപത്യത്തിനെതിരെ പൊരുതാനും തങ്ങളുടെ സ്വന്തം മണ്ണിൽ തൊഴിലാളിവർഗ്ഗ വിപ്ലവപോരാട്ടങ്ങൾ പടുത്തുയർത്താനും പ്രേരണ നൽകിയത്. ലോകമൊട്ടാകെയുള്ള അടിച്ചമർത്തപ്പെടുന്ന, അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും മുതലാളിത്ത വിരുദ്ധ വിപ്ലവം പൂർത്തീകരിച്ചുകൊണ്ട് സോഷ്യലിസത്തിലേയ്ക്ക് നീങ്ങുവാൻ പോരാടുന്ന ലക്ഷക്കണക്കിന് തൊഴിലാളിവർഗ്ഗ വിപ്ലവകാരികളുടെയും ഹൃദയത്തിൽ, ഒരു യഥാർത്ഥ സാർവ്വദേശീയവാദിയായ സഖാവ് ഫിദൽ എന്നും ജീവിക്കും. വിടപറഞ്ഞ നേതാവ് കാണിച്ചുതന്ന പാത കൃത്യമായി പിന്തുടർന്നുകൊണ്ട്, ക്യൂബൻ കമ്മ്യൂണിസ്റ്റ് പാർട്ടി, തങ്ങളുടെ സോഷ്യലിസം ശക്തിപ്പെടുത്തുമെന്നും ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് പ്രചോദനം നൽകുമെന്നും ഞങ്ങൾക്കുറപ്പുണ്ട്.

വേർപാടിന്റേതായ ഈ സമയത്ത്, ക്യൂബൻ കമ്മ്യൂണിസ്റ്റ് പാർട്ടി സഖാക്കളോടും ക്യൂബൻ ജനതയോടും ഞങ്ങൾ വിപ്ലവകരമായ സാഹോദര്യവും ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു. ഞങ്ങളുടെ ഹൃദയം നിറഞ്ഞ അനുശോചനം അവരെ അറിയിക്കുക.

വിപ്ലവാഭിവാദനങ്ങളോടെ,
**പ്രൊവാഷ്ഘോഷ്** (ജനറൽ സെക്രട്ടറി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)



കായംകുളത്ത് ആൾ ഇന്ത്യാ ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംഘടിപ്പിച്ച ഫിദൽ കാസ്ട്രോ അനുസ്മരണ സമ്മേളനം ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.


1973–ലെ ഇന്ത്യാ സന്ദർശനവേളയിൽ ഫിദൽ കാസ്ട്രോ കൽക്കത്തയിലെത്തിയപ്പോൾ അന്തരിച്ച എസ്‌യുസിഐ(സി) പൊളിറ്റ്ബ്യൂറോയംഗവും പശ്ചിമബംഗാൾ മുൻമന്ത്രിയുമായ സഖാവ് സുബോധ് ബാനർജിയും മറ്റ് ഇടത്നേതാക്കളും ചേർന്ന് സ്വീകരിക്കുന്നു ■

# പൊതുവിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കുക

**പൊ**തുവിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനായി വിദ്യാഭ്യാസരംഗത്തെ പ്രഗത്ഭരുടെ ഒരു കമ്മീഷനെ നിയമിക്കണമെന്ന് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സമിതിയോഗം ആവശ്യപ്പെട്ടു. തൃശൂർ അയ്യന്തോൾ വയലാ കൾച്ചറൽ സെന്ററിൽ ചേർന്ന യോഗം വിദ്യാഭ്യാസരംഗം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ചർച്ച ചെയ്തു.

ലക്ഷക്കണക്കിന് രക്ഷിതാക്കളെ വായ്പക്കെണിയിൽ അകപ്പെടുത്തുന്ന വായ്പാധിഷ്ഠിത വിദ്യാഭ്യാസ നയം അവസാനിപ്പിക്കണമെന്നും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കിരാലൂർ ഉൾപ്പെടെയുള്ള വിദ്യാലയങ്ങൾ എത്രയം വേഗം ഏറ്റെടുത്ത് പ്രവർത്തന ക്ഷമമാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സ്കൂളുകളിൽ നാടകം, നൃത്തം ഉൾപ്പെടെയുള്ള കലകൾക്ക് സ്പെഷ്യലിസ്റ്റ് കലാ അധ്യാപകരെ നിയമിക്കുവാനും, പ്രീപ്രൈമറി വിദ്യാഭ്യാസം സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ ആരംഭിക്കുവാനും വേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. വർഗ്ഗീയവൽക്കരണവും വാണിജ്യവൽക്കരണവും ലക്ഷ്യംവയ്ക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ ശക്തമായ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു.

സംസ്ഥാനപ്രസിഡന്റ് പ്രൊഫ.കെ.ബി.ഉണ്ണിത്താൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ.വി.വേണുഗോപാൽ, ജി.നാരായണൻ, ഡോ.ജ്യോതിരാജ്, ഡോ.ആനന്ദൻ, ഡോ.മുകുന്ദൻ, ഡോ.പി.എസ്.ബാബു, പ്രൊഫ.പി.എൻ.തങ്കച്ചൻ, ഫ്രാൻസിസ് കളത്തുങ്കൽ, ആർ. പാർത്ഥസാരഥിവർമ്മ തുടങ്ങിയവർ പ്രസംഗിച്ചു. എം.പ്രദീപൻ സ്വാഗതവും അഡ്വ.ഇ.എൻ.ശാന്തിരാജ് നന്ദിയും പറഞ്ഞു. ■


ജെഎൻയു വിദ്യാർത്ഥി നജീബ് അഹമ്മദിനെ കാണാതായി ഒരുമാസം പിന്നിടുമ്പോഴും അധികൃതർ തുടരുന്നഅനാസ്ഥയിലും കുറ്റാരോപിതരെ സംരക്ഷിക്കുന്ന നടപടിയിലും പ്രതിഷേധിച്ച് എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ ജെഎൻയു വൈസ് ചാൻസലർ എം. ജഗദേഷ് കുമാറിന്റെ കോലം കത്തിക്കുന്നു ■

## ഭോപ്പാൽ ജയിൽ ഭേദന കൊല:

# ഉന്നതതല അന്വേഷണത്തിലൂടെ സത്യം പുറത്തുകൊണ്ടുവരിക

**എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ്, നവംബർ 4 ന് പുറപ്പെടുവിച്ച പ്രസ്താവന.**

**ഭോ**പ്പാൽ ജയിലിൽനിന്നും ചാടിയെന്നാരോപിക്കപ്പെടുന്ന എട്ട് വിചാരണ തടവുകാർ ഒക്ടോബർ 31–ാം തീയതി മധ്യപ്രദേശ് പ്രത്യേക ദൗത്യസേനയുടെ വെടിയേറ്റു മരിച്ചു. പരസ്പരവിരുദ്ധമായ വിശദീകരണങ്ങളും പ്രസ്താവനകളിലെ ചാഞ്ചാട്ടങ്ങളും ചില വീഡിയോ ദൃശ്യങ്ങളുടെ ചോർച്ചയുംമൂലം, ഈ സംഭവത്തിലുള്ള ഔദ്യോഗിക വിശദീകരണം ശരിയാണോയെന്ന കാര്യത്തിൽ ന്യായമായ സംശയങ്ങൾ ഉയർന്നുവരുന്നുണ്ട്. പലരെയും പോലെ ഞങ്ങളും ഇത് കരുതിക്കൂട്ടിയുള്ള മറ്റൊരു വ്യാജ ഏറ്റുമുട്ടലാണെന്ന് സംശയിക്കുന്നു. കസ്റ്റഡി മരണംപോലെ നമ്മുടെ നാട്ടിലെ ഒരു സ്ഥിരം ഏർപ്പാടായി ഇത് മാറിയിട്ടുണ്ട്. അധികാരത്തിലിരിക്കുന്ന 'ജനാധിപത്യ' ഭരണാധികാരികൾ സ്ഥിരമായി ഇത്തരം സംഭവങ്ങളെ ന്യായീകരിക്കുന്നു. നേരായി ചിന്തിക്കുന്ന, ജനാധിപത്യ മനഃസ്ഥിതിക്കാരായ ബഹുജനങ്ങളോടൊപ്പം ഞങ്ങളും കിരാതമായ ഈ നടപടിയെ അപലപിക്കുന്നു.

സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ഒരു ഉന്നതതല നിഷ്പക്ഷ അന്വേഷണം ഞങ്ങൾ ആവശ്യപ്പെടുന്നു. സമൂഹത്തിനോ കോടതിക്കോ യാതൊരു കാരണവശാലും ഭരണകൂടത്തിന്റെ നിയമബാഹ്യമായ ഇത്തരം കൊലകളെ അംഗീകരിക്കുവാനോ അനുവദിക്കുവാനോ സാദ്ധ്യമല്ലെന്നും, ഇത് നിയമവാഴ്ചയെ തകർക്കുന്നതാണെന്നും വ്യക്തമായും ഭരണഘടനാവിരുദ്ധമാണെന്നും നേരത്തെതന്നെ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ചില നിക്ഷിപ്ത താൽപ്പര്യക്കാരുടെ തിരക്കഥക്കനുസരിച്ച്, കുറ്റവാസനയുള്ള പോലീസുകാർ നടത്തിയ വ്യാജ ഏറ്റുമുട്ടൽ കൊലപാതകമാണിതെന്ന് അന്വേഷണത്തിൽ തെളിയുകയാണെങ്കിൽ, കുറ്റവാളികൾക്ക് മാതൃകാപരമായ കടുത്ത ശിക്ഷ നൽകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.